"ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ"

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
July - Sept 2008
Me 1183 Edavam - Karkidakom
Volume 8 Issue 3

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജൂലൈ - സെപ്റ്റംബർ 2008
1183 ഇടവം - കർക്കിടകം
വാല്യം 8, ലക്കം 3

# ക്ഷാത്രസന്ദേശം
## വിഷയവിവരം

പത്രാധിപക്കുറിപ്പ് ........ 1
വായനക്കാരുടെ കത്തുകൾ ........ 2
മഹിളാരത്നങ്ങൾ
മാലിനി രവിവർമ്മ ........ 3
Nagarjuna - the great alchemist ........ 5
**Dr. K.P. Rajappan**
ഓണം (കവിത) ........ 6
**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
ആരാധന ........ 6
**പ്രേമചന്ദ്രവർമ്മ. കെ**
അഗ്നിസാക്ഷിയായി ........ 7
**ഇ.എൻ. ഗോദവർമ്മ**
ഹിരണ്യഗർഭദാനം ........ 9
**ആർ. ശശിധരവർമ്മ**
ഒരന്വേഷണം ........ 10
**ഗായത്രീവർമ്മ**
കാത്തിരുന്ന ഓണം ........ 10
**സൗമ്യവതി തമ്പുരാട്ടി**
ഒന്നിക്കുക നമ്മൾ ........ 11
**ചെന്നിത്തല രാജരാജവർമ്മ**
വേണാട് ........ 12
**ഡോ. ആർ.പി. രാജാ**
പാരതന്ത്ര്യം ........ 14
**കെ.കെ. രാജ**
കൊടുങ്ങല്ലൂർ രാജവംശം പൂർവ്വചരിത്രം ........ 15
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തി
നിടയാക്കിയ സാഹചര്യങ്ങൾ.. ........ 16
**ഡോ. ബി. ആർ.ആർ. വർമ്മ**
മധുവിന് ഒരു പാഥേയം ........ 19
**കെ.എൽ. മോഹനവർമ്മ**
ഏകഭാവന ........ 20
**എൻ. രുഗ്മിണിഭായി**
എക്സൈസിലെ ഓർമ്മകൾ ........ 21
**റ്റി.ആർ. രാമവർമ്മരാജ**
മഴക്കാലം (കവിത) ........ 22
**ലളിത കെ. വർമ്മ**
ശുഭരാത്രി ........ 22
**വത്സലാരവിവർമ്മ**
മാണിക്കൻ.. ........ 23
**കെ. ഹരികൃഷ്ണവർമ്മ**
ലഘുപാചകം ........ 24
**ശാരദാവർമ്മ**
കുടിവെള്ളം വരുത്തിയ വിന ........ 25
**ഹൈമവതിവർമ്മ**
നാട്ടുഫലിതങ്ങൾ ........ 27
**എൻ.എം.കെ. ഉണിത്തിരി**
ബാലവേദി ........ 28
വാർത്തകൾ - വിശേഷങ്ങൾ ........ 29
വൈവാഹികം ........ 35

## പത്രാധിപക്കുറിപ്പ്

*ആദരാഞ്ജലി*

# വ്യവസായ പ്രമുഖൻ ആർ.വി. തമ്പാൻ

"The goal may be distant, but stop not till the goal is reached"



എന്ന സ്വാമിവിവേകാനന്ദന്റെ ഉത്ബോധനം അപൂർവം ചിലർക്കെങ്കിലും പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടാവണം. അത്തരത്തിലൊരു മഹദ്വ്യക്തിയാണ് ഇക്കഴിഞ്ഞ ആഗസ്റ്റ് 31ന് അന്തരിച്ച ആർ.വി. തമ്പാൻ എന്ന വ്യവസായ പ്രമുഖൻ. വൈക്കത്ത് ചോതികോവിലകത്ത് ലക്ഷ്മിക്കുട്ടി തമ്പാട്ടിയുടെയും ഫറൂക്ക് പുതുശ്ശേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും ആറു മക്കളിൽ ആറാമനായിരുന്ന വിക്രമൻ എന്ന വിളിപ്പേരുള്ള ആർ.വി. തമ്പാന് ഒരു വലിയ വ്യവസായ സംരംഭത്തിന്റെ അധിപനാകാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ അടിയുറച്ച ലക്ഷ്യബോധവും തികഞ്ഞ ആത്മവിശ്വാസവും കൊണ്ടാണെന്നതിൽ സംശയമില്ല.

വ്യവസായവും ബിസിനസ്സുമൊന്നും നമ്മെപ്പോലുള്ളവർക്ക് പറ്റിയതല്ല എന്ന ധാരണ തിരുത്തിയെഴുതിയ വിക്രമൻ ചേട്ടൻ 'മെക്കാനിക്കൽ അസംബ്ലി സിസ്റ്റംസ് (ഇൻഡ്യാ) പ്രൈവറ്റ് ലിമിറ്റഡ്' (MAS) എന്ന വ്യവസായസ്ഥാപനത്തിന്റെ ചെയർമാനായി ഉയർന്നത് എങ്ങിനെയെന്ന് അറിയണ്ടെ? വേസ്റ്റ് പേപ്പറിന്റെ പുന:ചംക്രമണത്തിലൂടെ പൾപ്പ് കൊണ്ടുള്ള തട്ടങ്ങൾ (ട്രേകൾ) - മുട്ടയും, ആപ്പിൾ മുതലായ പഴവർഗ്ഗങ്ങളും അടുക്കിവയ്ക്കുന്നതിനുപയോഗിക്കുന്ന മെഷീൻ- നിർമ്മിക്കുന്ന ഒരു സ്ഥാപനം യു.കെ. ഗവൺമെന്റിന്റെ സഹകരണത്തോടെ ആരംഭിച്ചെങ്കിലും തികച്ചും ഇന്ത്യൻ നിർമ്മിതമായ മെഷീൻ ഉപയോഗിച്ച് ഈ വ്യവസായം വികസിപ്പിക്കുക എന്നതായിരുന്നു പിന്നീട് ലക്ഷ്യമിട്ടത്. 1980-ൽ ഇത് പ്രാബല്യത്തിൽ വന്നു. ഇതിന് ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ റിസർച്ച് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ (NRDC) നിന്നും അദ്ദേഹത്തിന് മെരിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

രാജ്യരക്ഷാ ആവശ്യങ്ങൾക്കായുപയോഗിക്കുന്ന 'കംബസ്റ്റിബിൾ കാർട്രിജ്ജുകൾ' (പീരങ്കിയിലും മറ്റും ഉപയോഗിക്കുന്ന വെടിക്കോപ്പ്) നിർമ്മിക്കുന്ന ഒരു സംരംഭമായിരുന്നു അടുത്ത ലക്ഷ്യം. 1984-ൽ ആരംഭിച്ച ഈ സംരംഭം വർഷങ്ങൾ നീണ്ട ഗവേഷണ വികസനത്തിനു ശേഷം പൂർണ്ണമായും ഇന്ത്യൻ നിർമ്മിതവും പ്രവർത്തനക്ഷമവുമായ കംബസ്റ്റിബിൾ കാർട്രിജ്ജുകൾ നിർമ്മിച്ച് ഇന്ത്യയുടെ രാജ്യരക്ഷാ ആവ

ശേഷം പേജ് 27-ൽ

| പത്രാധിപ സമിതി | ഡോ. എഴുമറ്റൂർ രാജരാജവർമ്മ | ടി.എൻ. ആദിത്യവർമ്മ തമ്പാൻ |
|---|---|---|
| എം. രവിവർമ്മ രാജാ<br>*മുഖ്യപത്രാധിപർ* | പി. രവിവർമ്മ (ദിനേശ്)<br>ജി രാമവർമ്മ | ആർ. കിഷോർ കുമാർ വർമ്മ |

ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ

# വായനക്കാരുടെ കത്തുകൾ



**അനശ്വരയായ കാർത്തികതിരുനാൾ തമ്പുരാട്ടി**

തിരുവിതാംകൂർ കൊട്ടാരത്തിലെ ഐശ്വര്യദീപമായിരുന്നു റാണി പാർവ്വതിഭായി തമ്പുരാട്ടി. ആ ദീപ പ്രഭയിൽ നിന്നും കൊളുത്തിയെടുത്ത കാർത്തികതിരുനാൾ തമ്പുരാട്ടിയുടെ ദീപപ്രഭയും ഇതാ കെട്ടടങ്ങി എന്ന് വ്യസനിച്ച് കൊണ്ടിരിയ്ക്കുമ്പോൾ -ഇല്ല, ആ പ്രഭ അണഞ്ഞിട്ടില്ല, ഇവിടെ സന്തതം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു-കാർത്തികതിരുനാളിന്റെ മുഖചിത്രത്തോടെയും കൂട്ടത്തിൽ ബാല്യത്തിൽ തന്നെ അകാല ചരമം പ്രാപിച്ച അവിടുത്തെ മകന്റേയും ഫോട്ടോ കൂടി പ്രസിദ്ധീകരിച്ച ഏപ്രിൽ-ജൂൺ ലക്കം കയ്യിൽ കിട്ടിയപ്പോൾ വളരെ സന്തോഷം അനുഭവപ്പെട്ടു. എന്നും ആ ചിത്രം നമുക്ക് സൂക്ഷിച്ചുവെയ്ക്കാമല്ലോ എന്നു തോന്നി.

"ഒരു രാജവെമ്പാലയുടെ കഥ" കഥാനായകന്റെ ജന്തുസ്നേഹം പറഞ്ഞു തരുന്നു. ഈ കഥയിലെ നായകന്റെ ശരിയ്ക്കുള്ള പേരുകൂടി എഴുതാമായിരുന്നു. "ഒരു ശ്വാനന്റെ ജീവത്യാഗം" എന്ന കൊച്ചുകഥയിൽ പറഞ്ഞതുപോലെ മിണ്ടാപ്രാണികൾക്കു പോലും ജീവൻ ത്യജിച്ചും തന്റെ യജമാനന്റെ ജീവൻ രക്ഷിക്കാനുള്ള ധാർമ്മികചിന്ത നിലനിൽക്കുന്നുണ്ടല്ലോ എന്നോർത്തപ്പോൾ അതിശയവും സന്തോഷവും ഒരുപോലെ അനുഭവപ്പെട്ടു.

**കുട്ടി അനിയൻ രാജ**

ചെർപ്പുളശ്ശേരി

**പൂർവ്വികരുടെ വിജ്ഞാന സമ്പത്ത്**

ഡോ.കെ.പി.രാജപ്പന്റെ ശാസ്ത്രലേഖനപരമ്പര വളരെയധികം വിജ്ഞാനപ്രദമാകുന്നുണ്ട്. ഇവ വായിച്ചപ്പോൾ, ഉറങ്ങിക്കിടന്നിരുന്ന ചില ഓർമ്മകൾ എന്റെ മനോമുകുരത്തിൽ വിടരാനിടയായി. അവയാണ് താഴെ ചേർക്കുന്നവ.

ഒന്നാമത്തേത്, ഞാൻ കേട്ടു മറന്ന 'ലീലാതിലക'ത്തിലെ ഒരു ശ്ലോകമാണ്.

*നക്രക്രൌഞ്ചാകലിതസലിലേ*
*ക്വാവിദൃഷ്ടംതടാകേ*
*തോയാദൂർദ്ധ്വം കിമപികമലം*
*ദ്വേവിതസ്തിപ്രമാണം*
*മന്ദം മന്ദം ചലിതമനലേ-*
*നാഹതം ഹസ്തയുഗ്മേ*
*തസ്മിൻ മഗ്നം കഥയഗണക*
*ക്ഷിപ്രമംഭഃ പ്രമാണം*

ബീജഗണിതവും ജ്യാമിതിയും ഉപയോഗിച്ച് നിർദ്ധാരണം ചെയ്യേണ്ട ഒരു പ്രശ്നമാണിത്. ഒരു ഗണിതശാസ്ത്രജ്ഞനോടാണ് ചോദ്യം.

നക്രങ്ങളാലും ക്രൌഞ്ചപക്ഷികളാലും നിയന്ത്രിക്കപ്പെടുന്ന; അതായത് അവയുടെ വിഹാരകേന്ദ്രമായിരുന്ന, ഒരു തടാകത്തിൽ ജലോപരിതലത്തിൽ നിന്നും രണ്ടു വിതസ്തി (വിതസ്തി = 12 അംഗുലം) ഉയർന്ന് ഒരു താമരപ്പൂ കാണുന്നു. പതുക്കെ വീശുന്ന കാറ്റിൽ ഈ താമരപ്പൂവ് രണ്ടു ഹസ്തം (ഹസ്തം = 24 അംഗുലം) ചലിച്ച് ജലത്തിൽ മുങ്ങുന്നു. എങ്കിൽ ജലാശയത്തിന്റെ ആഴമെത്ര? ഒരു ചിത്രം കൊണ്ട് ഇത് വ്യക്തമാക്കാം.




AB. (ആഴം) = X (സങ്കല്പം)

BC = 24 അംഗുലം

BD 48 അംഗുലം

AD=x+24 അംഗുലം (AB+BC)

അപ്പോൾ $(X+24)^2 = X^2+48^2$ എന്ന ഒരു സമവാക്യം കിട്ടും. ഇതു നിർദ്ധാരണം ചെയ്താൽ ജലാശയത്തിന്റെ ആഴം 72 അംഗുലം എന്നു കിട്ടും.

പൈത്തഗോറസ് സിദ്ധാന്തം കണ്ടു പിടുക്കുന്നതിനെത്രയോ മുമ്പ് ഭാരതീയർക്ക് ഈ തത്വം അറിയാമായിരുന്നു, എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തെ പ്രൊഫ. മരുമകൻരാജ ജോലിയിൽ നിന്നും വിരമിച്ച ശേഷം, തർക്കശാസ്ത്രം പഠിക്കുകയുണ്ടായി. 1969-70 കാലത്തു സ്കൂൾ സിലബസ്സിൽ 'ആധുനിക ഗണിതം' എന്ന പേരിൽ ചേർത്തിരുന്ന Set Theory യും Matrix ഉം ആണ് തർക്കശാസ്ത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നതെന്നദ്ദേഹത്തിനു മനസ്സിലായി. തുടർന്ന് 'തർക്കശാസ്ത്രവും ആധുനികഗണിതവും' എന്ന ഒരു പുസ്തകം അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി.

നമ്മുടെ പൂർവ്വികരുടെ വിജ്ഞാനസമ്പത്തിനെ കുറിച്ചറിയണമെങ്കിൽ, ആഴത്തിൽ സംസ്കൃതം പഠിക്കണമെന്ന് ഇവ വ്യക്തമാക്കുന്നു.

**കെ. കുഞ്ഞുണ്ണിരാജ**

**വംശാവലി**

വാല്യം 8 ലക്കം 2-ൽ വേരുകൾ തേടി എന്ന ലേഖനത്തിൽ ശ്രീ മധുവർമ്മ ചേർത്തല തെക്കേടത്ത് കോവിലകത്തെ കുടുംബചരിത്രം എഴുതിയ ശ്രീ.ടി.എൻ.ബാലാദിത്യവർമ്മയോട് ക്ഷത്രിയർ കടപ്പെടുകയും ചെയ്യുന്നു എന്ന് എഴുതിയിരിക്കുന്നു. ക്ഷത്രിയ സമുദായത്തിലെ വരുംതലമുറയ്ക്കു വേണ്ടി വളരെ വർഷങ്ങൾക്കു മുമ്പ് കുടുംബ

*തുടർച്ച 11-ാം പേജിൽ*

## മഹിളാരത്നങ്ങൾ

# ഗ്രാമത്തിൽ കൊട്ടാരത്തിൽ കൊച്ചുകുഞ്ഞി ഇളയതമ്പുരാട്ടി

**മാലിനി രവിവർമ്മ**

**മാ**പ്പിള ലഹളക്കാലത്ത് മലബാറിൽ നിന്നും തിരുവിതാംകൂറിലേക്കു വന്ന ആലിയക്കോടു രാജവംശത്തിലെ (പരപ്പൂർ സ്വരൂപം) അഞ്ചു സ്ത്രീകളിൽ മൂത്തയാളിന്റെ പരമ്പരയാണ് ഇന്ന് ഗ്രാമത്തിൽകൊട്ടാരത്തിലുള്ളത്. എന്റെ വലിയമ്മൂമ്മയേയും അമ്മൂമ്മയുടെ സഹോദരനായിരുന്ന വലിയമ്മാവനേയും (പ്രായിക്കര കൊട്ടാരത്തിൽ മേജർ രാജരാജവർമ്മയുടെ അമ്മയുടെ അച്ഛൻ) മുതലേ എനിക്ക് കാണാൻ സാധിച്ചിട്ടുള്ളൂ. ഇവർ അന്യാപദേശമാലയുടെ രചയിതാവായ ഉത്രിട്ടാതിനാൾ രാമവർമ്മ കോയിത്തമ്പുരാന്റെ ഇളയ സഹോദരങ്ങളാണ്. വലിയമ്മൂമ്മയുടെ മൂത്ത മകളായിരുന്നു എന്റെ അമ്മൂമ്മ. അപ്പൂപ്പൻ കോട്ടയം ഇളങ്ങല്ലൂർ ഇല്ലത്ത് ബ്രഹ്മശ്രീ പുരുഷോത്തമൻ നമ്പൂതിരി. തിരുവിതാംകൂർ രാജവംശം വക മാവേലിക്കരയിലുണ്ടായിരുന്ന ഹോമപ്പുരയുടെയും പള്ളിത്തേവാരത്തിന്റെയും മറ്റും ചുമതലകൾ അപ്പൂപ്പൻ നടത്തിയിരുന്നു എന്നാണറിവ്. എന്റെ അമ്മൂമ്മയ്ക്ക് മൂന്നു മക്കൾ. ജി.ആർ.രാജരാജവർമ്മ കോയിത്തമ്പുരാൻ, രുഗ്മിണി തമ്പുരാട്ടി, പിന്നെ എന്റെ അമ്മ പത്മാവതി തമ്പുരാട്ടി. ഇപ്പോൾ രുഗ്മിണി വല്ല്യമ്മ മാത്രമേ ജീവിച്ചിരിപ്പുള്ളൂ. തൊണ്ണൂറ്റിയൊന്ന് വയസ്സായി. വല്ല്യമ്മയുടെ സ്വജാതി വിവാഹവും അതു സംബന്ധിച്ച് അമ്മൂമ്മയും എന്റെ അമ്മാവനും (ജി.ആർ.രാജരാജവർമ്മ) നേരിട്ട പ്രതിസന്ധികളും എതിർപ്പുകളും അമ്മ പറഞ്ഞു കേട്ടാണറിവ്. നമ്മുടെ കുടുംബങ്ങളിൽ നിന്നും സമൃദ്ധിയുടെയും പ്രതാപത്തിന്റെയും ഓളങ്ങൾ ക്രമേണ ഒഴുകി ഒഴുകി നിലച്ചു പോയെങ്കിലും അവയിൽ തിളക്കം മങ്ങാതെ കിടന്ന ഒട്ടേറെ മണിമുത്തുകൾ ഇടയ്ക്കിടെ ഞങ്ങൾക്കായി വാരിവിതറാൻ എന്റെ അമ്മയ്ക്ക് വലിയ ഉത്സാഹമായിരുന്നു. അങ്ങിനെ അവയിൽ ചിലതെല്ലാം ഞാനും ഒളിമങ്ങാതെ സൂക്ഷിച്ചു.

അമ്മയുടേയും മറ്റും കുട്ടിക്കാലത്ത് ചൗളം, കെട്ടുകല്ല്യാണം തുടങ്ങിയ പരമ്പരാഗത ചടങ്ങുകൾ പെൺകുട്ടികൾക്ക് കൗമാരപ്രായ



ത്തിൽ തന്നെ നടത്താറുണ്ട്. കെട്ടുകല്ല്യാണം കഴിഞ്ഞ് പെൺകുട്ടിയുടെ യൗവ്വനാരംഭത്തിൽ പ്രായത്തിനു ചേർന്നവരും യോഗ്യന്മാരുമായ നമ്പൂതിരിമാരെക്കൊണ്ട് വെറും ഒരു ചടങ്ങായി വിവാഹം ചെയ്യിയ്ക്കും.

എന്റെ അമ്മൂമ്മ ഗ്രാമത്തിൽ കൊട്ടാരത്തിൽ മൂലംനാൾ കൊച്ചുകുഞ്ഞി ഇളയതമ്പുരാട്ടി-എനിയ്ക്ക് ഓർമ്മ വച്ച നാൾ മുതൽ ഈ പേരിലാണ് അമ്മൂമ്മ അറിയപ്പെട്ടിരുന്നത്. കുടുംബത്തിൽ പെൺകുട്ടികൾ ഇല്ലാതായപ്പോൾ വളരെയധികം പൂജകളും, വഴിപാടുകളും, ദാനധർമ്മങ്ങളും കഴിച്ചാണ് അമ്മൂമ്മ ജനിച്ചത്. അക്കാരണത്താൽ കൊട്ടാരത്തിലെ സകലരുടേയും വാത്സല്യഭാജനമായിട്ടാണ് വളർന്നതും. ഓരോ ഇഷ്ടങ്ങളും അമ്മാവന്മാരും അമ്മമാരും സാധിച്ചുകൊടുക്കുമായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ നല്ല വാക്സാമർത്ഥ്യ വും കാര്യശേഷിയും അമ്മൂമ്മയ്ക്ക് ഉണ്ടായിരുന്നു. കൂട്ടത്തിൽ നല്ല കലാ വാസനയും. ചെറുപ്രായം മുതലേ വയലിൻവായന പഠിച്ചു തുടങ്ങി. ആയിടയ്ക്ക് ഒരിയ്ക്കൽ മാവേലിക്കര കൊട്ടാരത്തിലെ സംഗീതപ്രിയനായ ഒരു വലിയമ്മാവൻ ഗ്രാമത്തിൽ വന്നപ്പോൾ (അന്ന് കാംബോജി അടതാളവർണ്ണം അമ്മൂമ്മ പഠിച്ചു തുടങ്ങിയിട്ടേയുള്ളൂ.) "മറ്റന്നാൾ രാവിലെ ഞാനിവിടെ വരും. അപ്പോൾ എന്നെ ഈ വർണ്ണം മുഴുവൻ തെറ്റു കൂടാതെ വയലിനിൽ വായിച്ചു കേൾപ്പിച്ചാൽ നല്ലൊരു സമ്മാനം തരും" എന്ന് പറഞ്ഞതുപോലെ അമ്മാവൻ എത്തിയപ്പോൾ ഭംഗിയായി അടതാളവർണ്ണം വയലിനിൽ വായിച്ചു കേൾപ്പിച്ചു. അത്യത്ഭുതം തോന്നിയ അമ്മാവൻ ഒരു പുതുപുത്തൻ വയലിൻ അമ്മൂമ്മയ്ക്ക് സമ്മാനം നൽകി. അമ്മൂമ്മയെ വയലിൻ പഠിപ്പിച്ചത് അമ്മൂമ്മയുടെ അമ്മാവനായ ഉത്രിട്ടാതിനാൾ രാമവർമ്മ കോയിത്തമ്പുരാന്റെ ("അന്യാപദേശമാല"യുടെ കർത്താവ്) ഭാര്യ ആയിരുന്നു. ആ അമ്മായി മാവേലിക്കര കണ്ടിയൂർ പ്രസിദ്ധമായ ഓണംപള്ളിൽ എന്ന നായർ തറവാട്ടിലെ അംഗമായിരുന്നു. പിന്നീട് അഷ്ടാംഗഹൃദയം ആയുർവേദഗ്രന്ഥത്തിൽ നിന്നും വൈദ്യം പഠിച്ച് ബാലചികിത്സയിൽ പ്രഗൽഭയായി.

തന്റെ കുട്ടികളേയും ഒന്നിനും പിറകോട്ടു നിൽക്കാതെ അക്കാലത്തുള്ള വിദ്യകളിൽ പ്രാവീണ്യം കൊടുക്കണം എന്ന് അമ്മൂമ്മ ആഗ്രഹിച്ചിരുന്നു. അമ്മാവൻ, ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ തൊണ്ണൂറ്റിഅഞ്ചു വയസ്സ്. ആലുവാ യൂ.സി കോളേജി

ലാണ് പഠിച്ചത്. എന്റെ അമ്മയേയും, വല്ല്യമ്മയേയും, കണക്ക്, ഇംഗ്ലീഷ്, ശാസ്ത്രീയസംഗീതം, ഹാർമോണിയം വായന, തിരുവാതിരകളി എന്നിവയെല്ലാം അതാത് അദ്ധ്യാപകരേ വരുത്തി കൊട്ടാരത്തിൽ തന്നെ താമസിപ്പിച്ചു പഠിപ്പിച്ചു.

ഇനി എഴുപത്തിനാലുകൊല്ലം മുൻപ് നടന്ന ഒരു സംഭവമാണിത്. എന്റെ വല്ല്യമ്മയ്ക്ക് (പൂയം നാൾ രുഗ്മിണി തമ്പുരാട്ടി) വിവാഹപ്രായമെത്തി. പതിനേഴുവയസ്സു കഴിഞ്ഞു. കാരണവന്മാർ പ്രശസ്തങ്ങളായ ഇല്ലങ്ങളിൽ നിന്നും യോഗ്യന്മാരായ നമ്പൂതിരിമാരുടെ വിവാഹാലോചനകൾ കൊണ്ടുവന്നു. പക്ഷേ അമ്മൂമ്മ എല്ലാത്തിനും മൗനം പാലിയ്ക്കയാണുണ്ടായത്. കാരണം അന്വേഷിച്ചപ്പോൾ "രുഗ്മിണിയ്ക്ക് സ്വജാതി വിവാഹം തന്നെ നടത്തിയാലോ എന്ന് എനിയ്ക്കൊരാഗ്രഹം അമ്മാവാ! കാലം മാറിയില്ലെ? ക്ഷത്രിയനേക്കൊണ്ട് തന്നെ നടത്താം. ഗ്രാമത്തിൽ കൊട്ടാരത്തിലെ മറ്റൊരമ്മാവന്റെ മകനായ എണ്ണയ്ക്കാട്ടു കൊട്ടാരത്തിൽ തൃക്കേട്ടനാൾ ഉദയവർമ്മ രാജായെക്കൊണ്ട് (അന്നത്തെ തൃക്കേട്ട അപ്പ) കല്യാണം കഴിപ്പിക്കാം." തിരുവായ്ക്കെതിർവായില്ല എന്നപോലെ അമ്മാവന്മാരുടെ വാക്കുകളും കല്പനകളും അതേപടി അനുസരിച്ചിരുന്ന കാലമായിരുന്നല്ലോ അന്നൊക്കെ. എങ്കിലും അന്നത്തേ ഇളയ തമ്പുരാട്ടി അമ്മാവന്മാരുടെ മുൻപിൽ തന്റെ ആഗ്രഹം അവതരിപ്പിച്ചു. എണ്ണയ്ക്കാട്ടു കൊട്ടാരത്തിലുള്ളവരുടേയും പ്രത്യേകിച്ച് തൃക്കേട്ട വല്ല്യച്ഛന്റേയും അഭിപ്രായം നേരത്തേ അമ്മൂമ്മ മനസ്സിലാക്കിയിരുന്നു. ഇതുകേട്ട്, ഇതുവരെ ഈ കുടുംബത്തിന്റെ ചരിത്രത്തിൽ നടത്തിയിട്ടില്ലാത്ത ഇങ്ങനെ ഒരു വിവാഹബന്ധത്തെപ്പറ്റി കേൾക്കാനോ ചിന്തിയ്ക്കാനോ ആവാതെ അമ്മാവൻ കോപിച്ചുവിറച്ചു. എണ്ണയ്ക്കാട്ട് കൊട്ടാരവും ഗ്രാമം കൊട്ടാരവും അടുത്തടുത്താണ്. രണ്ടു കൊട്ടാരങ്ങളും സമ്പത്തിലും പ്രൗഢിയിലും ഞാനോ നീയോ കേമം എന്ന നിലയിൽ പ്രശോഭിച്ചിരുന്ന കാലം. അക്കാലത്ത് ഏതോ നെൽപാടങ്ങളുടെ പേരിൽ കുടുംബങ്ങൾ തമ്മിൽ വലിയ തർക്കവും കേസും നടന്നിരുന്നു. നാട്ടുകാർ തമ്മിൽപോലും ശത്രുതയിലായി എന്നു പറയുന്നു. ഈ ഒരു വിവാഹബന്ധം മൂലം ഇവയ്ക്കെല്ലാം ഒരറുതിവരുമെന്ന് ഒരുപക്ഷേ അമ്മൂമ്മയും വിചാരിച്ചു കാണും. സഹകരിച്ചു മുന്നോട്ടു നീങ്ങാൻ മൂത്തമകനും (ഒരു വർഷം മുൻപ് ദിവംഗതനായ രോഹിണിനാൾ രാജരാജവർമ്മ കോയിത്തമ്പുരാൻ) തയ്യാറായി. അമ്മൂമ്മയുടെ അനുജനും (ആറന്മുള പുലിപ്രകോയിയ്ക്കൽ കല്യാണം കഴിച്ച സബ്രജിസ്ട്രാറായി റിട്ടയർ ചെയ്ത രാമവർമ്മകോയിത്തമ്പുരാൻ)ഇതിന് എതിരല്ലായിരുന്നു. അമ്മൂമ്മയുടെ ഉറച്ച തീരുമാനമറിഞ്ഞപ്പോൾ കാരണവർ ചോദിച്ചു "ഇളങ്ങല്ലൂർ നമ്പൂതിരിയും ഇതിനു സമ്മതിച്ചോ? ചെറുമുക്ക് നമ്പൂതിരി (കൊച്ചമ്മൂമ്മയുടെ ഭർത്താവ്) എന്തു പറയുന്നു?'' അവർക്കെല്ലാം സമ്മതമാണ് എന്ന മറുപടി കേട്ട് അമ്മാവൻ മൂക്കത്തു വിരൽവച്ചു. അമർഷം പൂണ്ട അമ്മാവൻ ഉച്ചത്തിൽ പറഞ്ഞു- "നോക്ക്! ഈ കൊട്ടാരത്തിൽ നീയും നിന്റെ മക്കളും ഒഴിച്ച് മറ്റൊരു കുഞ്ഞുപോലും ജോലിക്കാരുൾപ്പെടെ ഇതിനു കൂടുകയില്ല. കല്ല്യാണച്ചെലവിനായി ഒരു പണം പോലും ഇവിടെ നിന്നും കിട്ടില്ല." "എതിർപ്പുള്ളവർ സഹകരിയ്ക്കേണ്ട, കല്ല്യാണച്ചെലവിനായി ഇവിടെ നിന്നും ഒന്നും തരികയും വേണ്ട. പക്ഷേ എന്റെ തീരുമാനം തെറ്റല്ല എന്ന് മനസ്സിലാക്കി അമ്മാവന്മാർ ക്ഷമിയ്ക്കണം'' അമ്മൂമ്മ അപേക്ഷിച്ചു.

കൊട്ടാരത്തിന്റെ ഉൾത്തളങ്ങളിൽ ഒതുങ്ങിയ ജീവിതശൈലിയും, ആശയവിനിമയം നിഷ്പ്രയാസം നടത്താനുള്ള സൗകര്യക്കുറവും കാരണം ബാഹ്യലോകവുമായുള്ള ബന്ധങ്ങളും പരിചയവും പരിമിതങ്ങളായിരുന്നല്ലോ അന്നൊക്കെ. ഈ ചുറ്റുപാടിൽ എഴുപത്തിനാലു വർഷം മുൻപ് നാൽപ്പതു വയസ്സിനകം പ്രായമുള്ള ഒരു അമ്മ, ഇരുപത്തിഒന്നു വയസ്സുള്ള മകന് ഉൾക്കരുത്തേകി സ്വന്തം മകളുടെ കല്ല്യാണം കുടുംബാംഗങ്ങളുടെ എതിർപ്പുസഹിച്ചും ഭവിഷ്യത്തിനേപ്പറ്റി കൂസലില്ലാതെയും സമുദായത്തിന്റെ തുറന്ന സമ്മതം ഇല്ലാതെയും തറവാടിന്റെ നാലുകെട്ടിൽ വച്ച് ആർഭാടമായി നടത്താൻ തീരുമാനിച്ചതിന്റെ പിന്നിലുള്ള മനഃശക്തിയെ നമിയ്ക്കാതെ വയ്യ. ഈ തുടക്കം കുടുംബത്തിന്റെ അർത്ഥമില്ലാത്ത കീഴ്വഴക്കത്തിനും യാഥാസ്ഥിതിക മനഃസ്ഥിതിയ്ക്കും ഒരു മാറ്റം വരുത്തുവാൻ തന്നെ വഴി തെളിച്ചു. ഈ കല്യാണം വേണ്ടാ എന്നു പറയുവാൻ കാരണവന്മാർ വളരെ പ്രലോഭനങ്ങൾ നടത്തുകയും രുഗ്മിണിയെ ഒളിവിൽ താമസിപ്പിക്കും എന്ന് ഭീഷണിപ്പെടുത്തുകയും ഒക്കെ ചെയ്തെങ്കിലും അതിലൊന്നും കൂസാതെ അമ്മൂമ്മ സകല കാര്യങ്ങളിലും അതീവ ജാഗ്രത പുലർത്തി. അമ്മാവന്മാരോടുള്ള സ്നേഹാദരങ്ങൾക്ക് ഒട്ടും കുറവുവരുത്താതെ തന്നെ കല്ല്യാണാവശ്യത്തിനുള്ള "ഉപ്പു തൊട്ടു കർപ്പൂരം" വരെ സേവകരും, ചുമട്ടുകാരും എണ്ണയ്ക്കാട്ടു കൊട്ടാരത്തിൽ നിന്നും എത്തിച്ചു. മറ്റു പല കൊട്ടാരങ്ങളിലെയും കൊച്ചുതമ്പുരാക്കന്മാരുടെയും ബന്ധുക്കളുടെയും സാന്നിദ്ധ്യത്തിൽ കല്ല്യാണം കെങ്കേമമായി തന്നെ നടന്നു. തടസ്സങ്ങൾ ഉണ്ടാവാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ഉണ്ടായിരുന്നു. മുഹൂർത്തം കഴിഞ്ഞ ഉടൻ തൃക്കേട്ട വല്യച്ഛന്റെ ചിത്തിര അപ്പൂപ്പൻ സദസ്സിൽ എഴുന്നേറ്റു നിന്ന് ഉറക്കെപ്പറഞ്ഞു. ''എണ്ണയ്ക്കാട്ടെ തൃക്കേട്ട അപ്പ ശ്രീകൃഷ്ണൻ തന്നെ ആയി. രുഗ്മിണിയെ തട്ടിയ്ക്കുക തന്നെ ചെയ്തു." തുടർന്ന് കയ്യടിയും. പിനന്നീട് വല്യമ്മയുടെ പുളികുടി (സീമന്തം) അടിയന്തിരത്തിനും എതിർപ്പുകൾ ഉണ്ടായി എങ്കിലും വേണ്ട രീതിയിൽ തന്നെ നടത്തി. ആയിരത്തിഒരുനൂറ്റി പതിനൊന്നാമാണ്ടാണ് വല്ല്യമ്മ മൂത്ത

*തുടർച്ച 8-ാം പേജിൽ*

(ശാസ്ത്രലേഖന പരമ്പര- X )

# Nagarjuna - the great alchemist

**Dr. K.P. Rajappan**

Even before Indus Valley Civilization, i.e. more than 3000 years B.C., a fair knowledge of Chemistry and Metallurgy existed in India. This is evident from various objects found during excavation such as coloured pottery beads, bricks, cement, copper & bronze house-hold utensils, silver and gold jewellery etc. Later on, Ayurveda system of medicine was developed and this led to the preparation of Herbal drugs. By $8^{th}$ century A.D, metallic compounds entered into the preparation of drugs especially mercury. A significant contribution was made by Nagarjuna in this field.

Nothing much is known about the life and background of Nagarjuna. Alberuni (1031 A.D.) in his work Indica mentions about a person named Nagarjuna a native of village near Samnath in modern Gujarat. A century before him Alberuni describes him as an expert in Rasayana or Alchemy and the author of RASARATNAKARA, a famous and valuable treatise on Alchemy. Various sources indicate that Nagarjuna lived some time between $8^{th}$ and $10^{th}$ century A.D.

Rasaratnakara deals with the preparation and use of metallic compounds more particularly of mercury (Rasa). It describes certain recipes in which vegetable or animal products are used to transform other metals into compounds which look like gold. He is also known to have revised and added a few new items to Susruta Samhita and had given it a form in which we have it now. A few other works Kakshaputa Tantra, Arogya manjari Yogasara and Yoga satak are also said to have been composed by him. Nevertheless Rasaratnakara is considered to be the most famous of his works. He has also written a detailed text on Metallurgy.

Among those who helped to build up the scientific culture in modern India, Acharya Praffulla Ghose occupies a unique place. In 1902 he has published a book on the history of Hindu Chemistry, which has appeared in ancient Sanskrit scientific literature. In this work he has mentioned about Nagarjuna and his Rasaratnakara. Further, Ghose adds that Nagarjuna was a Buddhist monk and qualifies that he was a great chemist in ancient India.

Nagarjuna was an expert in many fields. He was well versed in Astrology, Life sciences, Metallurgy, Ayurveda etc. Besides he was a medical practitioner, a chemist and a medical alchemist. The Chinese have recorded Nagarjuna's expertise in eye diseases. "The $13^{th}$ century scholar Dhallanan who has written a commentay for Susruta Samhita has stated that Uttara Tantram has been added to the Samhita by Nagarjuna. Unfortunately his life and contributions to the field of Chemistry and Metallurgy are spread over both in time and space making it difficult to prepare a complete biography.

Nagarjuna is considered as the father of Indian Chemistry. In his book Rasaratnakara he has given a method to solidify mercury. He was also the first person to prove its medical applications. He has devised methods to purify mercury and convert it into ashes for use as a medicine.

There is a small place called Nagarjunagonda in Guntur District(Andhra). It is believed that the King at that time had constructed a five-storied building for the sanyasins and Nagarjuna spent his last few years there.

Many of the chemical prepara tions mentioned in Rasaratanakara are still part of Ayurvedic PHAR MOPOCIA. Unfortunately no further work was done in later centuries so that the much needed improvements and advances were not incorporated.

●

കവിത



# ഓണം (ഗാഥ)

വർഷങ്ങൾതോറുമിങ്ങെത്തുമോണാഘോഷം
എത്തിനാനല്ലോയീവർഷത്തിലും
ഓണത്തെപ്പറ്റി പറയുന്നോരാഘോഷം
മാബലി മന്നനെമാനിപ്പതാം
എന്നാലങ്ങിന്നുഞാനോണത്തിൽ മന്നനെ
എന്നത്തെപ്പോലെയല്ലിന്നുചൊൽവൂ
ഓണമെന്നക്ഷരം തന്നിൽ സ്ഥിതിചെയ്വൂ
ഓം എന്ന മന്ത്രവും മണിനാദവും
കളമെന്നാൽ കാലം കുറിക്കുന്നതുവിധം
സൽക്കുലശുദ്ധിയെ പൂക്കളാലും
അത്തം പത്തായതിൻതത്വംകഥിച്ചീടാം
ഒമ്പതു നാളുകൾ നവരസങ്ങൾ
നവരസങ്ങളെത്താൻ ചിത്തം ജയിക്കുമ്പോൾ
പത്താം നാൾ ചിത്തവും ശുദ്ധമാകും
പൂർണ്ണമനസ്സിന്റെ പൂർണ്ണക്രിയയത്രെ
നമ്മൾ കൊണ്ടാടുന്നോരോണാഘോഷം
മാബലിമന്നന്റെഞാനെന്നഹങ്കാരം
വാമനമൂർത്തിഹരിച്ചപ്പോഴെ
ഞാനെന്നഹങ്കാരം മാഞ്ഞപ്പോൾ മന്നനും
സൂക്ഷ്മമാംതത്വത്തെക്കണ്ടറിഞ്ഞു
ആത്മാവങ്ങൊന്നല്ലാതൊന്നുമില്ലെന്നതാം
തത്വമറിഞ്ഞങ്ങു സന്തുഷ്ടനായ്
എന്നതുകൊണ്ടാവാം മന്നനുമന്നെപ്പോ-
ലിന്നും പഴയപോൽവന്നീടുന്നു
അന്നുമിന്നുമുള്ളോരോണാഘോഷങ്ങളെ
എങ്ങിനെഞാനിന്നുവർണ്ണിക്കുന്നു
കാണംവിറ്റെങ്കിലും ഓണംകഴിക്കേണ-
മെന്നുള്ളതിൻ തന്നെ കണ്ടറിഞ്ഞു
മന്നനെപ്പോലെത്താനന്നുപ്രജകളും
സന്തുഷ്ടചിത്തരാണെന്നങ്ങോർപ്പിൻ
പിന്നെഞാനിന്നത്തെയോണത്തെപ്പറ്റിയ-
ങ്ങെന്തുവർണ്ണിക്കേണ്ടു ചൊല്ലീടുവിൻ-

**പി.കെ.കുഞ്ഞിയനുജത്തി തമ്പുരാട്ടി**
(ചന്ദ്രപുരി)

കവിത

# ആരാധന

എനിക്കൊരാളോട് കടുത്ത ആരാധന
കടുത്ത ദുഃഖങ്ങൾ സഹിച്ചിടും ശാന്തൻ
കനത്ത ദ്രോഹങ്ങളേൽക്കെ ചിരിച്ചിടും മൗനി
തികഞ്ഞ സന്തുഷ്ടൻ നിറഞ്ഞ സംതൃപ്തൻ.

എനിക്കൊരാഗ്രഹമറിഞ്ഞിടാനിതിൻ
പരമഗൂഢമാം മഹാരഹസ്യങ്ങൾ
ഒരിക്കലവസരം ലഭിക്കെയരികിൽ ചെ-
ന്നതിവിനയമോടാരാഞ്ഞു മൽശങ്കകൾ

കരുണാമിഴിയൊടുന്നുഴിഞ്ഞു ചെറുചിരി
ചൊരിഞ്ഞു, മെല്ലെ മൊഴിഞ്ഞു പൊരുളുകൾ
പിറന്നു വീഴുന്നതു നിറഞ്ഞ മോഹങ്ങളാൽ
പിണഞ്ഞു സാക്ഷാൽക്കാരം തിരഞ്ഞു നാമെല്ലാം

ഒരുവനാശിപ്പതിലപരർക്കുമാഗ്രഹം
നിറയും മാത്സര്യത്താൽ ദുഷിക്കുന്നു മനം
ഒരുവനതു നേടിൽ അപരനു പക
അവനോ തന്റെ നേട്ടം നിലനിറുത്തുവാൻ പണി

പതിയെ കാലം പോകെമടുക്കുന്നു തൻ നേട്ടങ്ങൾ
ഒരിക്കലാശിച്ചതു പതിയെ വിനയായ് മാറും
കുറയ്ക്കുകാഗ്രഹങ്ങളൊടുക്കുക കഴിയുകിൽ
മുളയ്ക്കുമാഗ്രഹങ്ങൾ കെടുത്തിടും ശാന്തി.
അറികയില്ലേ നിനക്കിവയൊന്നുമല്പം പോലും
പുതിയതല്ലയിവയതിപുരാതനമാം വിദ്യ

പ്രതീക്ഷിക്കുകന്യനിൽ നിന്നുപദ്രവം മാത്രം
പ്രവർത്തിക്ക നിരന്തരം പരോൽക്കർഷത്തി
നായെന്നാൽ
പ്രതീക്ഷ സംഭവിക്കെതോന്നുമതീവസന്തുഷ്ടി
പ്രതീക്ഷിക്കാതുപകാരം ലഭിച്ചാലുമതിസന്തോഷം
നിതാന്ത സന്തോഷത്തിനു നിദാനമിതുമാത്രം
നിനക്കു കഴിയുമോയിതു നിഷ്ഠയാക്കാൻ നിത്യം
മറിച്ചു ചൊല്ലാനൊന്നുമില്ലാതെ ഞാൻ മൗനിയായി
മടങ്ങിപ്പോകെയമ്പരന്നു മമ മൗഢ്യമോർക്കെ

**പ്രേമചന്ദ്രവർമ്മ. കെ.**
വൈക്കം



# അഗ്നിസാക്ഷിയായി....

**ഇ.എൻ.ഗോദവർമ്മ**

**കേ**രളത്തിലെ ക്ഷത്രിയർക്ക് നിലവിൽ സ്വന്തമായ ഒരു വിവാഹ സമ്പ്രദായം ഇല്ലെന്ന വിഷയത്തെക്കുറിച്ച് ദീർഘമായ സംവാദം നടന്നു കഴിഞ്ഞു. അക്കാര്യം ഒട്ടെല്ലാവരും സമ്മതിച്ചും കഴിഞ്ഞു. പ്രത്യേകം ഒരു സമ്പ്രദായം വേണോ എന്ന കാര്യത്തിൽ മാത്രമാണ് ചിലർക്ക് സംശയം. മറ്റെല്ലാ സമുദായങ്ങൾക്കും ആകാമെങ്കിൽ നമുക്കും എന്തുകൊണ്ട് സ്വന്തമായൊരു വിവാഹ സമ്പ്രദായം ആവിഷ്കരിച്ചുകൂടാ. വ്യക്തിത്വമുള്ള ഒരു സമൂഹമെന്ന നിലയിൽ അത് നമ്മുടെ സ്വത്വം ഒന്നുകൂടി പ്രകാശമാനമാക്കുകയല്ലേ ഉള്ളു.

ഈ സംവാദം അവസാനിപ്പിച്ച്, ക്രിയാത്മകവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുവാൻ കഴിഞ്ഞ ലക്കത്തിൽ പത്രാധിപർ ആവശ്യപ്പെട്ടിരുന്നു. ഉചിതമായ ഒരു ഉപദേശമായിരുന്നു അത്. "ക്ഷത്രിയർ എങ്ങോട്ട്" എന്ന പി.കെ.ജയചന്ദ്രവർമ്മയുടെ ലേഖനത്തിലൂടെ പത്രാധിപ നിർദ്ദേശത്തിന് തുടക്കം കുറിച്ചു എന്നു പറയാം.

ക്ഷത്രിയരുടെ വിവാഹങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം വേണമെന്നും, ചില ആചാരസമ്പ്രദായങ്ങൾ ആവശ്യമാണെന്നും, വിവാഹ നടത്തിപ്പിന് ക്ഷത്രിയരിൽ നിന്നും വ്യക്തികളെ പരിശീലിപ്പിക്കണമെന്നും ജയചന്ദ്രവർമ്മ നിർദ്ദേശിക്കുന്നു. മാത്രമല്ല. അഗ്നിസാക്ഷിയായുള്ള വിവാഹമാണ് വേണ്ടത് എന്നും ഹോമകുണ്ഡമൊരുക്കി അതിന്റെ മുന്നിൽ വച്ച് വിവാഹം കഴിക്കുന്നത് പ്രധാന ചടങ്ങ് ആക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ഹോമകുണ്ഡത്തിൽ നിന്നു തന്നെ തുടങ്ങാം. നമുക്ക് "വേളി" ഉണ്ടായിരുന്ന കാലഘട്ടത്തിൽ വിവാഹത്തിന് ഹോമവും മറ്റുക്രിയകളും ഉണ്ടായിരുന്നു. മലർ ഹോമിക്കുന്നത് ഒരു പ്രധാന ചടങ്ങും ആയിരുന്നു. വേളി സമ്പ്രദായം സാഹചര്യങ്ങളുടെ മാറ്റം കൊണ്ട് ഉപേക്ഷിക്കപ്പെട്ടപ്പോൾ ഹോമവും പോയി അഗ്നിസാക്ഷിയായുള്ള വിവാഹവും പോയി.

അഗ്നിസാക്ഷിയായി ക്ഷത്രിയ വിവാഹം പുനരാവിഷ്കരിക്കുന്നതിനെപ്പറ്റി അൽപമൊന്നു ചിന്തിയ്ക്കാം. ആദ്യമായി വിവാഹമണ്ഡപത്തിന്റെ ഇടതുഭാഗത്തായി ഗണപതിയ്ക്ക് വയ്ക്കുക.(1) രണ്ട് തിരിയിട്ട ഒരു നിലവിളക്കും അതിന് മുമ്പിൽ നാക്കിലയിൽ പഴം, ശർക്കര തുടങ്ങിയ നിവേദ്യവും. (2) ഗണപതിക്ക് മുമ്പിൽ ഹോമകുണ്ഡം ഒരുക്കുക. ഹോമത്തിന് ആവശ്യമായ പിലാവിൻ വിറക്, ചകിരി, നെയ്യ്, മലര് എന്നിവയും അടുപ്പിക്കുക. (3) കല്ല്യാണമണ്ഡപം ഇപ്പോൾ ചെയ്യുന്നതു പോലെ നിലവിളക്കുകളും, നിറപറയും വരണമാല്യങ്ങളും മറ്റും കൊണ്ട് സജ്ജമാക്കി വയ്ക്കുക.

വിവാഹമുഹൂർത്തം അടുക്കുമ്പോൾ വധുവിന്റെ അമ്മ പറനിറയ്ക്കുകയും വിളക്ക് തെളിക്കുകയും ചെയ്യുക. തുടർന്ന് വരനെ സ്വീകരിച്ചുകൊണ്ടുവന്ന് മണ്ഡപത്തിൽ ഇരുത്തുക. പിന്നീട് വധുവിനെ ആനയിച്ചുകൊണ്ടുവന്ന് വരന്റെ വലതുവശത്ത് ഇരുത്തുക.

ഇനി ഹോമകുണ്ഡം ജ്വലിപ്പിക്കാം. അഗ്നിജ്വലിച്ചു കഴിഞ്ഞാൽ വരനെ ഹോമകുണ്ഡത്തിന്റെ മുന്നിലേക്ക് ആനയിക്കുക. "ഞാൻ ലക്ഷ്മിയെ അഗ്നിദേവനെ സാക്ഷിയായി എന്റെ പത്നിയായി സ്വീകരിക്കയാണ്. എന്റെ ഭരദേവതകളെ സാക്ഷിയായി ഞാൻ ലക്ഷ്മിയെ ഭാര്യയായി സ്വീകരിക്കയാണ്. ബന്ധുജനങ്ങളേയും സജ്ജനങ്ങളേയും സാക്ഷിയാക്കി ഞാൻ ലക്ഷ്മിയെ ഭാര്യയായി സ്വീകരിക്കയാണ് എന്നിങ്ങനെയുള്ള വാചകങ്ങൾ ഉച്ചരിച്ചുകൊണ്ട് വരൻ ദ്രവ്യങ്ങൾ ഹോമാഗ്നിയിൽ അർപ്പിക്കുക. തുടർന്ന് വധുവിനെ ഹോമകുണ്ഡത്തിന് അരികിലേക്ക് ആനയിക്കുക. "ഞാൻ അഗ്നിസാക്ഷിയായി ശ്രീകൃഷ്ണനെ എന്റെ ഭർത്താവായി സ്വീകരിക്കുന്നു. ഭരദേവതസാക്ഷിയായി ശ്രീകൃഷ്ണനെ ഭർത്താവായി സ്വീകരിക്കുന്നു. ബന്ധുജനങ്ങളും സജ്ജനങ്ങളും സാക്ഷിയായി ശ്രീകൃഷ്ണനെ ഭർത്താവായി സ്വീകരിക്കുന്നു. എന്ന് ഉച്ചരിച്ചുകൊണ്ട് ദ്രവ്യങ്ങൾ ഹോമിക്കുക.(4) തുടർന്ന് വധുവിന്റെ അച്ഛൻ വധൂവരന്മാരുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ചരടിൽ കോർത്ത താലി ഉയർത്തിപ്പിടിച്ച് എന്റെ മകൾ ലക്ഷ്മിയെ ഞാൻ ശ്രീകൃഷ്ണന് വിവാഹം ചെയ്തുതരുന്നു എന്നു പറഞ്ഞു താലി വരനെ ഏൽപ്പിക്കുകയും വരൻ താലി വധുവിന്റെ കഴുത്തിൽ കെട്ടുകയും ചെയ്യുക. അതിനു ശേഷം വധൂപിതാവ് കൈനിറയെ, മലര് വധൂവരന്മാരുടെ കയ്യിലേക്ക് പകർന്ന് ഹോമിക്കുക. ഇങ്ങനെ മൂന്നു പ്രാവശ്യം.

ഈ ഹോമകർമ്മത്തിനു ശേഷം വധൂവരന്മാരെ മണ്ഡപത്തിലേക്ക് ആനയിക്കുക. വരന്റെ ഇടതു ഭാഗത്തായി വധുവിനെ ഇരുത്തുക. തുടർന്ന് ഇന്നു ചെയ്യുന്നതുപോലെ ഹാരാർപ്പണം, മോതിരം മാറൽ, പുടവ കൊടുക്കൽ എന്നിവ നടത്തണം. അവസാനമായി പാണിഗ്രഹണവും വേണം. ഉത്തരേന്ത്യയിൽ ചെയ്യുന്നതുപോലെ വധൂവരന്മാരുടെ വസ്ത്രങ്ങൾ കൂട്ടിക്കെട്ടുകയും,

ഇരുവരും പരസ്പരം കുങ്കുമം അണിയിക്കലും മധുരം നൽകലും ആകാം. തുടർന്ന് വധുവിനെ കൈപിടിച്ചു വരൻ മണ്ഡപത്തിന് മൂന്നു പ്രദക്ഷിണം വയ്ക്കുന്നതോടെ ചടങ്ങുകൾ അവസാനിക്കുക. പിന്നീട് വധൂവരന്മാരെ ബന്ധുജനങ്ങൾ അനുഗ്രഹിക്കുകയായി.

വിവാഹവേഷത്തെപ്പറ്റിയും രണ്ടുവാക്ക്- വരന് ഇപ്പോഴത്തെപ്പോലെ കസവുമുണ്ടും ഷർട്ടും മതി. കൂട്ടത്തിൽ ദുപ്പട്ടയെന്നോ ഷാൾ എന്നോ പറയുന്ന രണ്ടാം മുണ്ട് ഒരു കസവുനേര്യത് കൂടി ആകാം. (ഇപ്പോൾ തന്നെ പലരും അത് ഉപയോഗിക്കുന്നുണ്ട്) വധു കസവുസെറ്റുമുണ്ടിലേക്ക് മാറുന്നത് നന്നായിരിക്കും. ഇപ്പോൾ വധുക്കൾ ഉപയോഗിക്കുന്ന വില കൂടിയ സാരികൾ പലപ്പോഴും പിന്നീട് ഉപയോഗിക്കേണ്ടിവരുന്നില്ല എന്നോർക്കുക. വിവാഹം കഴിഞ്ഞുള്ള സ്വീകരണാദികൾക്ക് സാരിവേഷം നന്ന്, ആഭരണങ്ങൾക്കും ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

*കുറിപ്പ്*

(1) ഇപ്പോൾ നമ്മുടെ വിവാഹങ്ങൾക്ക് വിഘ്നേശ്വരനായ ഗണപതിയെ സ്മരിക്കാറില്ല. ദേഹണ്ഡക്കാർ പോലും ഗണപതിക്ക് വിളക്കുവച്ചാണ് പാചകശ്രമം തുടങ്ങുക. മുമ്പ് വിളക്കുവയ്ക്കാതെ ഒരു ചടങ്ങും നമുക്കില്ലായിരുന്നു. ജനനമായാലും മരണമായാലും, സ്ത്രീകൾ വരെ ഗണപതിക്ക് നിവേദിക്കുമായിരുന്നു.

(2) ഇരുമ്പു കൊണ്ട് എടുത്തുമാറ്റാവുന്ന ഹോമകുണ്ഡങ്ങൾ ഇപ്പോൾ പലരും ഉപയോഗിക്കുന്നുണ്ട്.

(3) എന്തെല്ലാം ഹോമദ്രവ്യങ്ങളാണ് വേണ്ടതെന്ന് അറിവുള്ളവരോട് ചോദിച്ചു മനസ്സിലാക്കുക.

(4) ലക്ഷ്മിയും കൃഷ്ണനും ഓരോ പേരുകൾ എന്നേയുള്ളു, അവർക്ക് ഉച്ചരിക്കേണ്ട മന്ത്രങ്ങളും വാചകങ്ങളും അറിവുള്ളവരോട് ആലോചിച്ച് തീരുമാനിക്കണം. അവ അർത്ഥമുള്ളത് ആയിരിക്കണം.

ഉത്തരേന്ത്യയിലെ ക്ഷത്രിയരുടെ വിവാഹാചാരങ്ങൾ പഠിച്ച് അവയിൽ നിന്ന് സ്വീകാര്യമായവ നമുക്ക് പകർത്താവുന്നതാണ്. ●

---

മഹിളാരത്നങ്ങൾ തുടർച്ച....

മകൾക്ക് ജന്മം നൽകിയത്. പത്മിനി ചേച്ചി. (മണ്ണൂർ മഠം പാലസ് മാവേലിക്കര). ഇപ്പോൾ രണ്ടുപേരും ഇല്ല. ചേച്ചിയെ എണ്ണയ്ക്കാട്ടു വച്ചാണ് വല്ല്യമ്മ പ്രസവിച്ചത്. തിരികേ കുഞ്ഞിനേയും കൊണ്ട് ഗ്രാമത്തിലെത്തിയപ്പോൾ അമ്മൂമ്മമാരും അമ്മാവന്മാരും രുഗ്മിണിയുടെ സുന്ദരിയായ കൊച്ചുമോളേ കാണാൻ ഒളിഞ്ഞും മറഞ്ഞും കൗതുകം കാട്ടിയത്രേ. പിന്നീട് വല്ല്യമ്മയ്ക്ക് രണ്ടാമത്തേ മകളും ആയതിനു ശേഷമായിരുന്നു എന്റെ അമ്മയുടെ വിവാഹം. എണ്ണയ്ക്കാട്ടു നിന്നു തന്നെ എന്റെ അച്ഛൻ (ഇ.കെ.കേരളവർമ്മരാജാ), അന്നും കാഠിന്യം കുറഞ്ഞ നിസ്സഹകരണം തന്നെ ഉണ്ടായിരുന്നു. പക്ഷേ ഞങ്ങൾ കുട്ടികൾ എല്ലാപേരും വളർന്നുവന്നതോടെ അമ്മാവന്മാരുടെയും അമ്മൂമ്മമാരുടേയും ദ്വേഷവും പരിഭവങ്ങളും പാടേ മാറി. ഞങ്ങൾ അവരുടെ വാത്സല്യഭാജനങ്ങളായി.

അമ്മൂമ്മ ഞങ്ങൾക്കും ബന്ധുക്കൾക്കും വേണ്ടി മാത്രമല്ല, നാട്ടുകാർക്കും വേണ്ടിയും പല കാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. ജോലിക്കാരുടെ മക്കൾക്ക് കല്ല്യാണാലോചന- പിന്നീട് പെൺകുട്ടികളെ കൊട്ടാരത്തിൽ വരുത്തി സംഭാവനകളും നൽകി കല്ല്യാണപ്പന്തലിലേക്ക് ഒരുക്കിവിടുകയും ചെയ്യുമായിരുന്നു. കൊട്ടാരത്തിൽ അമ്മൂമ്മയ്ക്ക് പാചകത്തിന് സഹായത്തിനായി ഉണ്ടായിരുന്നാളുടെ മകളുടെ കല്ല്യാണം തിരുവനന്തപുരത്തുള്ള ഒരു ബിസിനസ്സുകാരനുമായി- നാലു ദിവസത്തേ ആ തമിഴ് ബ്രാഹ്മണ കല്യാണം ഗ്രാമത്തിൽ കൊട്ടാരത്തിലെ നാലുകെട്ടിൽ വച്ച് ഗംഭീരമായിട്ടാണ് നടന്നത്. തിരുവനന്തപുരത്തു നിന്നും വന്ന അനേകം ബ്രാഹ്മണ സ്ത്രീകൾക്കും പുരുഷന്മാർക്കും താമസിയ്ക്കാൻ കൊട്ടാരം വക കിഴക്കേ കൊട്ടാരം ഒഴിഞ്ഞു കൊടുത്തു. അവിടെ ഉണ്ടായിരുന്ന ആ അമ്മയുടെ മക്കളിൽ മൂത്തയാൾ CEAT ടയർ റീജിയണൽ മാനേജരായി റിട്ടയർ ചെയ്തു. മറ്റൊരാൾ എസ്.ബി.ടി റീജിയണൽ മാനേജരായിരുന്നു. ഇവരെല്ലാം ചെറുപ്പത്തിൽ വളർന്നതും പഠിച്ചതും ഗ്രാമത്തിൽ കൊട്ടാരത്തിൽ താമസിച്ചു തന്നെയായിരുന്നു.

ബാലചികിത്സ പ്രത്യേകിച്ച് തൊലിപ്പുറത്തുണ്ടാകുന്ന അസുഖങ്ങൾക്ക് അമ്മൂമ്മ വിദഗ്ദ്ധമായി ചികിത്സിയ്ക്കുമായിരുന്നു. നാട്ടുകാരുടെ കുട്ടികൾക്കും യാതൊരു പ്രതിഫലവും വാങ്ങാതെ തന്നെയാണ് കഷായവും മരുന്നുകളും ഉണ്ടാക്കിക്കൊടുക്കാറ്. തിരുവോണം തോറും ഉണക്കലരി കൊണ്ടുള്ള പന്തിരാഴി നിവേദ്യം കൃഷ്ണസ്വാമി അമ്പലത്തിൽ നിന്നും കൊണ്ടുവരുവിച്ച് ഉപ്പുമാങ്ങയും വറുത്തമുളകും കൂട്ടി കുഴച്ചുരുട്ടി നാട്ടുകാരായ കുട്ടികൾക്കു നൽകുമായിരുന്നു.

എഴുപത്തിനാലു കൊല്ലം മുമ്പ് നടന്ന ആ വിവാഹത്തിലേ വധു- എന്റെ വല്ല്യമ്മ- ഗ്രാമത്തിൽ കൊട്ടാരത്തിൽ പൂയംനാൾ രുഗ്മിണി തമ്പുരാട്ടി ഇന്നും ഗ്രാമത്തിൽ പത്മവിലാസം കൊട്ടാരത്തിൽ ആരോഗ്യവതിയായി ജീവിയ്ക്കുന്നു. തൊണ്ണൂറു കഴിഞ്ഞ വല്യമ്മയ്ക്ക് പ്രായാധിക്യത്തിന്റെ അവശതകൾ ഉണ്ടെങ്കിലും എല്ലാവരേയും ഭക്തിഗാനങ്ങൾ മുതൽ സിനിമാപ്പാട്ടുകൾ വരെ പാടി കേൾപ്പിച്ചും കേട്ടും സന്തോഷവതിയായി കഴിയുന്നു.വല്യമ്മയുടെ ആയുരാരോഗ്യ സൗഖ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ട് അമ്മൂമ്മയെക്കുറിച്ചുള്ള ഈ ഓർമ്മക്കുറിപ്പ് ഇവിടെ നിർത്തട്ടെ. ●

# ഹിരണ്യഗർഭദാനം

**ആർ.ശശിധരവർമ്മ** (മണ്ണൂർ മഠം, മാവേലിക്കര)

ഹിരണ്യഗർഭം അല്ലെങ്കിൽ ഹിരണ്യഗർഭദാനം എന്ന ചടങ്ങിനെപ്പറ്റി ഇന്നും പലർക്കും പല അഭിപ്രായങ്ങളാണുള്ളത്. ഹിരണ്യഗർഭം അല്ലെങ്കിൽ പത്മഗർഭം കൊണ്ട് ഒരു വ്യക്തിയേയോ കുടുംബത്തേയോ പദവിയിലും ജാതിയിലും ഉയർത്താമെന്നുള്ളതു ശരിയാണോ? ഹിരണ്യഗർഭത്തിന്റെ ചെലവ് വളരെ കൂടുതലാണ്. പഴയ കാലത്ത് പൂണൂൽ ധാരികൾക്കാണ് സമുദായത്തിൽ ഉന്നതസ്ഥാനം ഉണ്ടായിരുന്നത്. അങ്ങിനെ ഹിരണ്യഗർഭം നടത്തി പൂണൂൽ ധരിച്ച് സമുദായത്തിൽ ഉന്നത സ്ഥാനം നേടാൻ സാധിക്കുമായിരുന്നെങ്കിൽ ധനികരായവരെല്ലാം തന്നെ ഇതു നടത്തി പൂണൂൽ ധരിക്കുമായിരുന്നു. കോഴിക്കോട് സാമൂതിരി മലബാറിലെ രാജാക്കന്മാരിൽ പ്രധാനിയായിരുന്നു. കൂടാതെ അദ്ദേഹം അക്കാലത്ത് വളരെ സ്വാധീനം ഉള്ള ആളുമായിരുന്നു. കേരളത്തിലെ പ്രധാന നമ്പൂതിരി ജന്മികളും വൈദികരുമായ ആഴ്വാഞ്ചേരി, നാറേരി, പൂമുള്ളി, കാഞ്ഞൂർ മുതലായവർ അദ്ദേഹത്തിന്റെ രാജ്യത്ത് താമസിക്കുകയും ചെയ്തിരുന്നു. തിരുന്നാവായ മാമാങ്ക മഹോത്സവത്തിന്റെ നായകനായിരുന്ന അദ്ദേഹം ബ്രാഹ്മണരുമായി കൂടുതൽ ഇടപഴകാൻ വേണ്ടി ഹിരണ്യഗർഭം കഴിച്ച് പൂണൂൽധാരിയാകുമായിരുന്നു. ബ്രാഹ്മണർ ഉപനയനം നടത്തി കൊടുക്കുന്നത് വേദവിധി പ്രകാരം അർഹിക്കുന്നവർക്കു മാത്രമേയുള്ളൂ.

സംസ്കൃതത്തിൽ ഹിരണ്യം എന്നാൽ സ്വർണ്ണം എന്നും ഗർഭം എന്നാൽ പാത്രം എന്നുമാണ് അർത്ഥം. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലി നോക്കുക. എന്നാൽ അദ്ദേഹം തന്നെ ശബ്ദതാരാവലിയിൽ ഹിരണ്യഗർഭത്തിന് പറഞ്ഞിരിക്കുന്ന അർത്ഥം കേരളീയ രാജാക്കന്മാർ കഴിച്ചിരുന്ന ഒരു കർമ്മം, സ്വർണ്ണ നിർമ്മിതമായ ഒരു പശുവിന്റെ ഉള്ളിൽകൂടി പ്രവേശിച്ച് പുറത്തു വരിക എന്ന ചടങ്ങ്. ഇതുകഴിച്ചെങ്കിൽ മാത്രമേ അവർക്കു ബ്രാഹ്മണരുമായി സഹഭക്ഷണം കഴിക്കുന്നതിനും ഗായത്രി ജപിക്കുന്നതിനും പ്രാപ്തിയുള്ളുവെന്നു വിധി. എത്ര വിരോധാഭാസം. അപ്പോൾ സ്വർണ്ണ നിർമ്മിതമായ പശുവിന് എത്ര വലിപ്പം ഉണ്ടായിരിക്കണം. കൂടാതെ എത്ര സ്വർണ്ണം വേണം. തിരുവിതാംകൂറിന്റെ പഴയ റിക്കാർഡുകൾ ഒന്നും തന്നെ അദ്ദേഹം കണ്ടിരിക്കാൻ ഇടയില്ല എന്നു തോന്നുന്നു. കാരണം തിരുവനന്തപുരത്തുള്ള Central Archives ൽ സൂക്ഷിച്ചിട്ടുള്ള സ്വാതി തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഹിരണ്യഗർഭദാനത്തിനെ സംബന്ധിച്ചുള്ള റിക്കാർഡും കണ്ടു കാണുകയില്ല. കൂടാതെ അദ്ദേഹം തന്നെ കൊടുത്ത അർത്ഥം ഓർത്തു കാണുകയുമില്ല. തിരുവിതാംകൂർ രാജാക്കന്മാരുടെ ഉപനയനം വളരെ ചെറുപ്പത്തിലെ തന്നെ നടത്തുന്നു. പതിനാറു ഷോഡശക്രിയകൾ നടത്തുന്നത് മഹാരാജാവായതിനു ശേഷം മാത്രമാണ്). അപ്പോൾ ഹിരണ്യഗർഭത്തിന് സ്വർണ്ണം കൊണ്ട് ഉണ്ടാക്കിയ പശു എന്ന് അർത്ഥമില്ല. സ്വർണ്ണം കൊണ്ടുണ്ടാക്കിയ പാത്രം എന്നാണർത്ഥം. സംസ്കൃത കൃതികളിൽ പറഞ്ഞിട്ടുള്ള പതിനാറ് മഹാദാനങ്ങളിൽ (ഷോഡശ മഹാദാനങ്ങൾ)പ്പെട്ട ഒന്നു മാത്രമാണ് ഹിരണ്യഗർഭദാനം അഥവാ പത്മഗർഭദാനം. ഹേമാദ്രി എന്ന സംസ്കൃത കൃതിയിൽ വിവരിച്ചിട്ടുള്ള പതിനാറ് മഹാദാനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. *(1) തുലാപുരുഷദാനം (2) ഹിരണ്യഗർഭദാനം (3) ബ്രഹ്മാണ്ഡദാനം (4) കല്പപാദദാനം (5) ഗോസഹസ്രദാനം (6) ഹിരണ്യകാമധേനുദാനം (7) ഹിരണ്യാശ്വദാനം (8) ഹിരണ്യാശ്വരഥദാനം (9) പഞ്ചലാംഗലകദാനം (10) ധാരദാനം (11) വിശ്വചക്രദാനം (12) കല്പലതാദാനം (13) സപ്തസാഗരദാനം (14) ഹേമഹസ്തിരഥദാനം (15) രഥധേനുദാനം (16) മഹാഭൂതഘടദാനം*. ഇതിൽ 6,7,8 നോക്കുക. ഇതിൽ 6 സ്വർണ്ണം കൊണ്ടുള്ള കാമധേനു (പശു) ദാനം, 7 സ്വർണ്ണം കൊണ്ടുള്ള കുതിര ദാനം, 8 സ്വർണ്ണം കൊണ്ടുള്ള കുതിര രഥ ദാനം ആകുന്നു. അതുപോലെ സ്വർണ്ണം കൊണ്ടുള്ള പാത്രം ആണ് ഹിരണ്യഗർഭം. ചേരമാൻ പെരുമാൾ മലയാളനാട് (കേരളം) നാലു പേർക്കായി ഭാഗിച്ച് ഭരണമേല്പിച്ചപ്പോൾ തിരുവിതാംകൂർ മഹാരാജാവിന് കിരീടം (ചേരമുടി) നൽകിക്കൊണ്ട് ഉപദേശിച്ച കൂട്ടത്തിൽ തിരുവിതാംകൂർ മഹാരാജാവും പിൻഗാമികളും തുലാപുരുഷദാനം, ഹിരണ്യഗർഭം തുടങ്ങി ഹേമാദ്രി എന്ന സംസ്കൃത കൃതിയിൽ വിവരിച്ചിട്ടുള്ള പതിനാറ് മഹാദാനങ്ങളും നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഈ ഹിരണ്യഗർഭദാനത്തിനു ശേഷം മാത്രമേ തിരുവിതാംകൂർ മഹാരാജാക്കന്മാർ "ചേരമുടി" അണിയാറുള്ളു. (2007 ജനുവരി - മാർച്ച് ലക്കത്തിൽ ഡോക്ടർ ആർ. പി.രാജയുടെ വേണാട് എന്ന ചരിത്ര ലേഖനത്തിൽ (പേജ്- 10) ചേരമുടി കാണിച്ചിട്ടുണ്ട്.) അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം തൊട്ട് ഈ ചടങ്ങുകൾ മുടക്കം കൂടാതെ തന്നെ നടന്നിട്ടുണ്ട്.

സ്വാതി തിരുനാൾ മഹാരാജാവ് 1834-ൽ ഹിരണ്യഗർഭദാനം നടത്തിയിട്ടുണ്ട്. ഇതിനു വേണ്ടി ഉണ്ടാക്കിയ പാത്രത്തെപ്പറ്റി രേഖകൾ ഉണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

*(അടുത്ത പേജിലെ ബോക്സ് കാണുക)*

## ശ്രീരാമചയം

*1009-ാം മാണ്ട് തൈയിമാസം 5-ാം തീയതി 5-ാം ദിവസം ഇരണ്ണിയ കെർപ്പപാത്തിരം പൂയിച്ച വകക്കു പടിത്തര തൈമാസം 5-ാം തീയതി അഞ്ചാം ദിവസം ചക്കിറാപ്പിച്ചുപൂചൈ കഴിഞ്ഞതിന്റേ ചേഴം ഇരണ്ണിയെ കെർപ്പപാത്തിരം അകത്തു എഴുന്നള്ളിച്ചു പലമ്മത്തിൽ വെച്ചു പൂചിപ്പാൻ കൈവഴി ചെല്ലം വകയിൽ നിന്നും തീർത്തു വന്ന ഇരണിയ കെർപ്പപാത്തിരം ഒന്നുക്കു മുടി ഉൾപ്പെടെ എട്ടു മാറ്റു പൊൻ ഇടകഴഞ്ചു 8860 മഞ്ചാടി അര ടി പാത്തിരത്തിന്റെ പാഴ മിഴാവു പൊലെ മൂടു ഏറ്റ പരന്നിട്ടും തീർക്കൈ അങ്കുലീയം കൊണ്ടു 72 വിരൽ കിളരത്തിൽ ചുവടു 48 വിരൽ കിളരത്തിൽ വിലാചത്തൽ നടുവു 54 വിരൽ വിലാചമായിട്ടും മുകളിലെ അടപ്പു എട്ടു തെളായിട്ടു തീർത്ത തെളം എട്ടിനു എട്ടു മുത്തു പൊന്നും കമ്പിയിൽ കോർത്തു കെട്ടിത്തൂക്കി 18 വിരൽ കിളരത്തിൽ 48 വിരൽ വട്ടത്തിൽ അടൈപ്പും ഒന്നും അടിയിലെ തട്ടിനു അകത്തു നടുവിൽ എട്ടു തെളത്തിൽ ഒരു താമരൈ പൂത്തകിടു വച്ചു തൈച്ചു ടി തെളംഎട്ടിനും എട്ടു പലം മാർകപ്പൊടി മെഴുകിൽ ഒട്ടിവച്ചു ടി പൂത്തകിടിന്റെ നടുവിൽ നാലു വിരൽ നീളത്തിൽ പൊന്നും കമ്പിയിൽ 47 മുത്തു കോർത്തു വട്ടമായി കെട്ടി വച്ച മുത്തുമാലൈ ഒന്നും ഇപ്പറികാരം ഇരണ്ണിയ കെർപ്പപാത്രം തീർത്തു കൊട്ടാരത്തിൽ ചെല്ലം വകയിൽ കരുവേലപ്പുരൈ മാളിക താഴെ കൊണ്ടു വന്നപ്പോൾ പൊതിവാൻ കൊടുത്ത പണംപെറ്റ ചേലൈ 1 ടി പാത്രം കൊണ്ടിവരുവാൻ.*

കവിത

# ഒരന്വേഷണം



*കതിർമണിയായി കണ്ണീരുതിരും*
*പെരിയാറിൻ മണലോരത്ത്,*
*പുല്ലും നെല്ലും മലരും ജലവും*
*തർപ്പണമാകും പുഴയോരത്ത്,*
*ആയിരങ്ങൾ ബലിതേടുന്നൊ*
*രാലുവാപ്പുഴതൻ തീരത്ത്,*
*ജനിമരണക്കടലക്കരെയാകാ-*
*നാത്മാവലയും നദിയോരത്ത്,*
*കർമ്മം കാണാക്കയ്യാൽ സ്വന്തം*
*കറ്റകൾ കൊയ്യും പുഴയോരത്ത്,*
*കാലം മായ്ക്കാത്തോർമ്മകളേന്തി*
*ബലിയൂട്ടാനെത്തും ഞാനവിടെ*
*തർപ്പണമേകിയക്കരയാക്കാനാ-*
*പൂജാരികളെത്തും നേരത്ത്,*
*നിന്നെത്തേടിത്തേടി ഞാനലയും*
*തീരംതോറും പുഴയോരത്ത്*
*ഒറ്റയ്ക്കലയും നേരത്ത്, കുഞ്ഞിക്കാറ്റാ-*
*യണയൂനീ കണ്ണീരൊപ്പാനരികത്ത്.*

**ഗായത്രീവർമ്മ, എഴുമറ്റൂർ പാലസ്**

കവിത



# കാത്തിരുന്ന ഓണം



*തൃക്കാക്കരെ ചെന്നടുത്തപ്പോഴെന്തിന്നു*
*തിരുവോണത്തോണിക്കു ചാഞ്ചാട്ടം*
*തൃക്കാക്കരപ്പന്നു കയറാനായിട്ടോ*
*മാവേലിത്തമ്പ്രാനിറങ്ങാനാണോ*
*അത്തം തൊട്ടു തുടങ്ങുന്ന പൂക്കളം*
*ഉത്രാടനാൾ വരെ തുടരുന്നു*
*പുത്തനുടുപ്പിട്ടു കുഞ്ഞുങ്ങളാടുന്ന*
*പത്താമത്തെ നാളിൽ തിരുവോണം*
*കുടപിടിച്ചെത്തുന്ന മാവേലിത്തമ്പ്രാൻ*
*കുടവയർ തിരുമ്മിക്കൊണ്ടെത്തുമ്പോൾ*
*കാളൻ ഓലൻ എരിശ്ശേരി പപ്പടം*
*കാക്കകേറാ ഇല തുമ്പത്തുണ്ട്*
*പുഴകടന്നെത്തുന്ന മാവേലിയ്ക്കേകാൻ*
*പഴമട പായസം നെയ്യപ്പം*
*അഴകിയ അപ്പനെ എതിരേൽക്കാനായ്*
*തുമ്പപ്പൂങ്കുലയേന്തിപൈതങ്ങൾ*
*പൂങ്കുല പെയ്തൊഴിഞ്ഞോണവും പോയല്ലോ*
*തിരുമുറ്റത്തമ്പിളി ഒറ്റയ്ക്ക്*
*മക്കൾ കരകടന്നക്കരെപ്പോയല്ലോ*
*പടിഞ്ഞാറ്റി മുത്തശ്ശി തനിച്ചായി*

**സൗമ്യവതി തമ്പുരാട്ടി**

*വായനക്കാരുടെ കത്തുകൾ... തുടർച്ച*

ചരിത്രവും വംശാവലിയും തയ്യാറാക്കിയിട്ടുള്ളവർ ഉണ്ടെന്നുള്ളത് ഇത്തരുണത്തിൽ സ്മരണീയമാണ്.

മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിലെ ശ്രീ മൂലംനാൾ എം.രാജരാജവർമ്മ M.A., B.L., (1871-1959) അദ്ദേഹത്തിന്റെ ഡയറിയിൽ മാവേലിക്കര കൊട്ടാരത്തിലെ എല്ലാ അംഗങ്ങളെപ്പറ്റിയും സവിസ്തരം എഴുതിയിട്ടുണ്ട്. കൂടാതെ ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ ഡോക്ടർ എൽ.എ.രവിവർമ്മ, ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിലെ സി.ആർ.കേരളവർമ്മ (ചരിത്രഗവേഷകനും New Light on Swathi Thirunal എന്ന ഗ്രന്ഥത്തിന്റെ രചയിതാവുമായ Dr.R.P.Raja യുടെ പിതാവ്) എഴുതിയ ലക്ഷ്മീപുരം എന്ന പുസ്തകത്തിൽ പരപ്പൂർ രാജവംശത്തിന്റെ ചരിത്രം പ്രതിപാദിക്കുന്നുണ്ട്. കൂടാതെ അദ്ദേഹം തന്നെ പരപ്പൂർ സ്വരൂപത്തിന്റെ ശാഖകളായ ചങ്ങനാശ്ശേരി ലക്ഷ്മീപുരം കൊട്ടാരം, അരിപ്പാട് അനന്തപുരം കൊട്ടാരം, ചെമ്പ്രോൽ കൊട്ടാരം എന്നീ ശാഖകളുടെ വംശാവലിയും ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഓരോ അംഗത്തിന്റെയും പേര്, നാൾ, ജനനത്തീയതി, ചരമതീയതി (വർഷം, മാസം, തീയതി) എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലവർഷം 880-ൽ മലബാറിൽ നിന്നും വന്ന് കിളിമാനൂരിൽ സ്ഥിര താമസമാക്കിയ കിളിമാനൂർ കൊട്ടാരത്തിന്റെ വംശാവലി കെ.സി.ചേട്ടൻ എന്നു പ്രസിദ്ധനായ കെ.സി.രാമവർമ്മ (രവീണ, പോങ്ങുമ്മൂട്, തിരുവനന്തപുരം) ഉണ്ടാക്കിയിട്ടുണ്ട്. തിരുവല്ല പാലിയക്കര കൊട്ടാരത്തിന്റെ വംശാവലി ടി.രാജരാജവർമ്മയും (1920-1961) ഉണ്ടാക്കിയിട്ടുണ്ട്. കൊച്ചി രാജകുടുംബത്തിന്റെ ചരിത്രവും വംശാവലിയും രമേശൻ തമ്പുരാൻ ഉണ്ടാക്കിയിട്ടുണ്ട്. ഈ വംശാവലികൾ കണ്ട് ഈ ലേഖകനും മാവേലിക്കര രാജകുടുംബത്തിന്റെ 1754 മുതലുള്ള വംശാവലിയും കോലസ്വരൂപത്തിന്റെ ചരിത്രവും മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിലെ മൂലംനാൾ എം.രാജരാജവർമ്മ M.A., B.L., (1871-1959) എഴുതിയ ഡയറിയിലെ കുറിപ്പുകളുടെ സഹായത്താൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മാവേലിക്കര രാജകുടുംബത്തിന്റെ (കോലസ്വരൂപം) ചരിത്രം ക്ഷാത്രസന്ദേശത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതെല്ലാം തന്നെ വംശാവലി തയ്യാറാക്കുന്നവർക്ക് ഉത്തമ മാതൃകയാണ്.

**ആർ.ശശിധരവർമ്മ**
മണ്ണൂർമഠം, മാവേലിക്കര

**ഓണാശംസകൾ**

ക്ഷാത്രസന്ദേശത്തിന്റെ അണിയറ ശില്പികൾക്കും വായനക്കാർക്കും എന്റെയും കുടുംബത്തിന്റെയും ഓണാശംസകൾ

**സൗമ്യവതിതമ്പുരാട്ടി**



കവിത

# “ഒന്നിക്കുക നമ്മൾ”

മലയപ്പുലയന്റെ വാഴക്കുല വെട്ടി
തമ്പ്രാന്റെ കോലോത്ത് വച്ചോരുകാലം
ചങ്ങമ്പുഴ പണ്ട് പാടിയകാലം
മലയന്റെ മക്കൾ വിതുമ്പിയ കാലം

കാലങ്ങളേറെ കഴിഞ്ഞുപോയി
പലകാലം നേത്രാവതി കലങ്ങിമറിഞ്ഞു
പണ്ടത്തെ കഥയൊക്കെ മാറിമറിഞ്ഞു
മലയപ്പുലയന്റെ മാടമിന്നില്ല

അവിടൊരു മാളിക വന്നതു കണ്ടോ
കാർപോർച്ചിൽ കാറുകിടക്കുന്നതുകണ്ടോ
കൂട്ടായ്മയായവർ വാഴുന്നതുകണ്ടോ.
നമ്മൾക്കും കൂട്ടായ്മ ആകരുതെന്നുണ്ടോ

ചുറ്റിനും നോക്കുക സോദരരെ നിങ്ങൾ
സമുദായക്കൂട്ടായ്മയിലലിയണം നമ്മൾ
വൈരം വെടിഞ്ഞു ക്ഷത്രിയരാം നമ്മൾ
ഒന്നിക്കുംകാലം അതിക്രമിച്ചു

നമ്മളൊന്നാകുവാനെന്തേ കടമ്പ?
ക്ഷത്രിയസമുദായം മുന്നേറുക വേണം
ആരെയും തച്ചുടയ്ക്കുന്നില്ല നമ്മൾ
ആരെയും പേടിച്ചു നടക്കില്ല നമ്മൾ

ഒരു വെള്ളിനക്ഷത്രം ഉദിച്ചതുകണ്ടോ
ഉദിച്ചുയരുന്ന നക്ഷത്രം പോലെ
നമ്മളുയരണം കൂട്ടായിത്തന്നെ
തങ്ങളിൽവേർതിരിവില്ലാതെ തന്നെ

കൊട്ടാരവാതിൽ മലർക്കെ തുറക്കണം
പൃഥിരാജ് ചൗഹാനെ മുന്നിൽനിർത്തി
കൊട്ടാരക്കെട്ടിലെ തമ്പുരാക്കന്മാർക്കൊപ്പം
തമ്പുരാട്ടിമാരും മുന്നേറുകവേണം.

ഓണത്തിൻ നാളല്ലൊ വന്നുകഴിഞ്ഞു
നല്ല തുടക്കമായ് ഓണാഘോഷം
ഓണത്തിനു സദ്യയും പാട്ടും കുരവയും
വേണ്ടാത്തതാണെന്ന് ഞാൻ പറയില്ല

ഓണത്തിൻ നാളുകൾ വേഗം കഴിയും
എങ്കിലും നമ്മുടെ കൂട്ടായ്മയെല്ലാം
നമ്മുടെ സംസ്കാരം ഊട്ടിപ്പുലർത്തും
എന്ന പ്രതിജ്ഞ ഈ ഓണത്തിനെടുക്കാം

ഒരുമിച്ചു ചേരുന്നോരീവേദി തന്നിൽ
ഒരു പുത്തൻ തലമുറയെ കാണുന്നു നമ്മൾ
നല്ലതുടക്കത്തിൻ നാളിൽ ഞാനും
നേരുന്നു മംഗളം നിങ്ങളോടൊപ്പം.

**ചെന്നിത്തല രാജരാജവർമ്മ**

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XXXVIII

**ഡോ. ആർ. പി. രാജാ**

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ സ്വർണ്ണക്കൊടിമരത്തിൽ തന്റെ കുതിരയെ കെട്ടുമെന്ന ടിപ്പു സുൽത്താന്റെ പ്രതിജ്ഞ ഇംഗ്ലീഷുകാരുടെ സഹായമില്ലാതിരുന്നെങ്കിൽ ഒരു ചരിത്രയാഥാർത്ഥ്യമായി തീരുമായിരുന്നുവെന്ന് ഓർത്തപ്പോൾ, ചില പശ്ചാത്തലങ്ങളിലേക്ക് ഒന്ന് സഞ്ചരിച്ചുപോയതാണ്.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത്, തിരുവിതാംകൂറിനു പുറത്തുള്ള എല്ലാ രാജകുടുംബങ്ങളും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നല്ലോ. മലബാറിലെ രാജകുടുംബങ്ങൾ, ഭീഷണി ഉയർന്നപ്പോൾ തന്നെ, കൊ:വ:963-ന് (എ.ഡി. 1787-1788) മുമ്പുതന്നെ തിരുവിതാംകൂറിൽ എത്തിയതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ, ടിപ്പുസുൽത്താനുമായി സൗഹൃദസന്ധിയിലേർപ്പെട്ടിരുന്ന കൊച്ചി രാജകുടുംബം 964 കുംഭമാസത്തോടെയാണ് തിരുവനന്തപുരത്തെത്തിയത്. തന്റെ കുടുംബത്തെ തിരുവനന്തപുരത്തേയ്ക്കയച്ച കൊച്ചി മഹാരാജാവ് ധർമ്മരാജാവിന് ഇപ്രകാരമെഴുതി:- "ടിപ്പു പറവൂരിലെത്തിക്കഴിഞ്ഞു. കൊടുങ്ങല്ലൂർകോട്ടയെ പീരങ്കി ഉപയോഗിച്ച് ആക്രമിച്ചുകൊണ്ടിരിയ്ക്കുകയാണ്. അതുകൊണ്ട് ഞാൻ എന്റെ കുടുംബത്തെ തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുകയാണ്. അവരെ സംരക്ഷിക്കുക. ഈശ്വരനെ സാക്ഷി നിർത്തി ഞാൻ എല്ലാം അവിടുത്തെ ഏൽപിക്കുന്നു" (ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ നിന്നും) (964, കുഭമാസം 24-ാം തീയതി (1789 മാർച്ച് 2 മുതൽ പറവൂർ കോട്ടയും, മേടത്തോടെ കൊടുങ്ങല്ലൂർ കോട്ടയും ആക്രമണവിധേയമായി.)

1790 മാർച്ച് 30-ാം തീയതി, ഗവർണർ ജനറലായിരുന്ന കോൺവാലീസ് പ്രഭു, മദിരാശി ഗവൺമെന്റിനെ ജനറൽ മീഡോസിന്റെ ഭരണത്തിൻ കീഴിലാക്കുകയും തിരുവിതാംകൂറിനെ സഹായിക്കുവാനായി ടിപ്പുവിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. മൈസൂറിനെതിരെ ആക്രമണഭീഷണി ഉയർന്നതിനാൽ ടിപ്പുവിന് തിരുവിതാംകൂറിന്റെ വടക്കനതിർത്തിയിൽ നിന്നും സ്വന്തം രാജ്യം രക്ഷിയ്ക്കുവാൻ മടങ്ങേണ്ടിവന്നു.

സ്നേഹാദരപൂർവ്വം സ്വീകരിക്കുകയും എല്ലാവിധ താമസസൗകര്യങ്ങളും തിരുവനന്തപുരത്ത് ഒരുക്കിക്കൊടുക്കുകയും ചെയ്ത ധർമ്മരാജാവ്, ടിപ്പു മടങ്ങിപ്പോയ ഉടൻതന്നെ, കൊച്ചി രാജകുടുംബത്തിന് തൃപ്പൂണിത്തുറയിലേക്ക് മടങ്ങിപ്പോകുവാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകൊടുത്തു.

കമ്പനി സർക്കാരുമായി ആലോചിച്ച് മലബാറിൽ നിന്നുവന്ന രാജാക്കന്മാരേയും സ്വരാജ്യങ്ങളിലേക്ക് മടങ്ങിപ്പോകുവാനുള്ള ഏർപ്പാടുകൾക്കും തുടക്കം കുറിച്ചു. കോഴിക്കോട്ട് സാമൂതിരിപ്പാടിന്റെ കുടുംബത്തെ എണ്ണക്കാട് കൊട്ടാരത്തിലാണ് പാർപ്പിച്ചിരുന്നത്. സാമൂതിരിപ്പാടിന് എഴുപതുവയസ്സിനു മേലെ പ്രായമുണ്ടായിരുന്നു. ദേഹാസ്വാസ്ഥ്യം കാരണം, ഒരു ദീർഘയാത്ര ചെയ്യുവാൻ തനിയ്ക്ക് ഉടനെ സാദ്ധ്യമല്ലെന്നും അതുകാരണം കുറച്ചുകാലംകൂടി തിരുവിതാംകൂറിൽ തന്നെ താമസിച്ചാൽ കൊള്ളാമെന്നും അദ്ദേഹം ധർമ്മരാജാവിനെ അറിയിച്ചപ്പോൾ, മഹാരാജാവ് അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുത്തു. അതിനുശേഷം, ഇളമുറയായിരുന്ന കൃഷ്ണരാജായെ കോഴിക്കോട്ടെ കാര്യങ്ങൾ നോക്കുന്നതിനായി അങ്ങോട്ടയച്ചു.

പടയോട്ടക്കാലത്ത് (ഭീഷണി ഉയർന്നപ്പോൾ തന്നെയെന്ന് ഓർക്കണം) കോലസ്വരൂപത്തിന്റെ ശാഖാകുടുംബങ്ങൾ എല്ലാംതന്നെ തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നു. എന്നാൽ ചിറയ്ക്കൽരാജാവ് തിരുവിതാംകൂറിലേക്ക് വന്നില്ല. അദ്ദേഹം ചിറയ്ക്കൽ തന്നെ താമസം തുടർന്നു. കണ്ണൂരിലെ ആലിരാജായുമായുള്ള പരിചയം വച്ച് ടിപ്പു സുൽത്താനുമായി സുഹൃദ്ബന്ധം സ്ഥാപിച്ച് സ്വയം രക്ഷപ്പെടാമെന്ന് വിചാരിച്ചു. എന്നാൽ അത് അസ്ഥാനത്തായി. സ്വന്തംകുടുംബത്തെ തിരുവിതാംകൂർ രാജാവിന്റെ സംരക്ഷണത്തിലാക്കിയതും, കോലസ്വരൂപത്തിന് തിരുവിതാംകൂർ രാജകുടുംബവുമായുള്ള ബന്ധവും കാരണമാകാം, ടിപ്പുവിന്റെ പ്രീതിയ്ക്ക് അദ്ദേഹം പാത്രീഭൂതനായില്ല. മാത്രവുമല്ല, രക്ഷപ്പെടുവാൻ ഒരവസ്ഥയില്ലാതെ വരികയും മുസ്സൽമാന്മാരുടെ കയ്യിലകപ്പെട്ടാൽ ഭ്രഷ്ട് സംഭവിയ്ക്കുമെന്ന് ഉറപ്പുവരികയും ചെയ്തപ്പോൾ മറ്റ് ഗത്യന്തരങ്ങളൊന്നും കാണാനില്ലാതെ 'തൽക്കൊല' ചെയ്യുകയാ

ണുണ്ടായത്. ഇദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച്, മറ്റൊരു കഥയും ചരിത്രകാരന്മാർ പറയുന്നുണ്ട്. തന്റെ വിശ്വസ്തനായ ഒരു നായർ പോരാളിയോട് തന്നെ വധിയ്ക്കുവാൻ ആജ്ഞാപിക്കുകയും, അദ്ദേഹം അതു നിർവഹിച്ചുവെന്നുമാണ് ഭാഷ്യം. ടിപ്പുസുൽത്താൻ മലബാർ വിട്ടപ്പോൾ 'ചെങ്ങ' കോവിലകം ഒഴിച്ച് കോലസ്വരൂപത്തിന്റെ ശാഖാ കുടുംബങ്ങൾ (മലബാറിൽ നിന്നും അക്കാലത്ത് വന്നവ) മടങ്ങിപ്പോയി. ദത്തിൽ കൂടി തിരുവിതാംകൂർ രാജകുടുംബവുമായി അടുത്ത ബന്ധത്തിലായതിനാൽ ചെങ്ങ കോവിലകം തിരുവിതാംകൂറിൽ തന്നെ സ്ഥിര താമസമാക്കുകയും, ഇന്നും മാവേലിക്കര, എണ്ണക്കാട്, പ്രായിക്കര എന്നീ ശാഖാ കുടുംബങ്ങളായി തുടരുകയും ചെയ്യുന്നു.

പടയോട്ടക്കാലത്ത് തിരുവിതാകൂറിലെത്തിയ വേറൊരു രാജകുടുംബമാണ് പരപ്പനങ്ങാടി ആസ്ഥാനമാക്കി 1000 വർഷങ്ങൾക്ക് മുമ്പ് രാജ്യം ഭരിച്ചിരുന്ന 'പരപ്പൂർ സ്വരൂപം'. ഈ സ്വരൂപം, അക്കാലത്ത് തന്നെ, "വലുക്കുറിയേടത്ത്" (നെടുവാ എന്ന സ്ഥലത്ത് സ്ഥാപിതമായി), "കരിപ്പാ", "ആലിയംകോട് അഥവാ പഴഞ്ചേരി" (ഇവ രണ്ടും ബേപ്പൂരിൽ) എന്ന് മൂന്ന് ശാഖാ കോവിലകങ്ങളായി പിരിഞ്ഞിരുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട്, "കരിപ്പാ" കോവിലകം, പരപ്പൂർ സ്വരൂപത്തിന്റെ "തായ് തടി"യിൽ നിന്നും വേർപെടുകയും, നെടിയാൽ, മനയത്ത്, പുതിയ, പനങ്ങോട്ട്,തെക്കെപ്പാട്ട് എന്ന് അഞ്ച് ശാഖാ കുടുംബങ്ങളായി പിരിയുകയും ചെയ്തു. പടയോട്ടക്കാലത്ത് ഈ ശാഖാകുടുംബങ്ങളെല്ലാം തിരുവിതാംകൂറിൽ വന്നെങ്കിലും, ഈ കുടുംബങ്ങളിലെ ചില "തായ്‌വഴികൾ" തിരുവിതാംകൂറിൽ എണ്ണയ്ക്കാട്ട് വടക്കെമഠം (പുതിയ), ചെറുകോൽ (നെടിയാൽ), കാരാണ്മ (പനങ്ങാട്) എന്നീ കൊട്ടാരങ്ങളായി ഇന്നും തുടരുന്നു. ആലിയക്കോട് കോവിലകവും തിരുവിതാംകൂറിൽ വന്നു. അവർ തിരിച്ചു പോയില്ല. ചങ്ങനാശ്ശേരി ലക്ഷ്മിപുരം, തിരുവല്ലാ പാലിയേക്കര, പള്ളം, ഗ്രാമം, ഹരിപ്പാട്ടുള്ള അനന്തപുരം, ചെമ്പോൽ എന്നീ കൊട്ടാരങ്ങളായി തുടരുന്നു.

ഏറ്റവും അത്ഭുതകരമായി തോന്നുന്നത് മലബാറിലെ രാജകുടുംബങ്ങളെല്ലാം തിരുവിതാംകൂറിൽ അഭയം പ്രാപിച്ചപ്പോൾ, പരപ്പൂർ സ്വരൂപത്തിന്റെ "വലുകുറിയേടത്ത്" കോവിലകത്തുകാർ മാത്രം എന്തുകൊണ്ട് വന്നില്ലായെന്നുള്ളതാണ്, അക്കാലത്തിനു മുൻപ് തന്നെ ഈ കോവിലകം, "വലുകുറിയേടത്തു കോവിലകം", "വലു പുതിയ കോവലികം", "പടിഞ്ഞാറെപ്പാട്ട് കോവിലകം" എന്ന് മൂന്നായി പിരിഞ്ഞിരുന്നു. ഈ മൂന്നു കോവിലകങ്ങളിൽ ഒന്നു പോലും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചില്ല. പരപ്പൂർ സ്വരൂപത്തെക്കുറിച്ച്, ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിലെ ശ്രീ.സി.കെ.കേരളവർമ്മയുടെ (എം.എം.ബി.എൽ, ഐ.എ.എസ്, ഗവൺമെന്റ് സെക്രട്ടറി) ഗവേഷണകുറിപ്പുകളിൽ നിന്നും മനസ്സിലാക്കിയ ചില വസ്തുതകൾ അവതരിപ്പിയ്ക്കട്ടെ. 1788-ൽ ടിപ്പു സുൽത്താൻ മലബാറിൽ പ്രവേശിച്ച്, കൊള്ളയും കൊള്ളിവയ്പ്പും മതപരിവർത്തനവും തുടങ്ങി. ടിപ്പു, പരപ്പൂർ സ്വരൂപത്തിന്റെ പ്രദേശങ്ങളെയെല്ലാം കയ്യടക്കി. അക്കൂട്ടത്തിൽ, വലുകുറിയേടത്തു കോവിലകം, വലുപുതിയ കോവിലകം, പടിഞ്ഞാറെപ്പാട്ട് കോവിലകം എന്നീ കോവിലകങ്ങളിലുണ്ടായിരുന്ന തമ്പുരാക്കന്മാരേയും തമ്പുരാട്ടിമാരേയും പിടികൂടി. അവരെ കൊണ്ടുപോയത്, കോയമ്പത്തൂരുള്ള ടിപ്പുവിന്റെ 'ഠാണാ' വിലേക്ക് (ജയിൽ) ആയിരുന്നു. ഈ കോവിലകങ്ങളിൽ നിന്നും ആകെ എത്ര തമ്പുരാക്കന്മാരേയും തമ്പുരാട്ടിമാരേയുമാണ് പിടിച്ചുകൊണ്ടുപോയത് എന്നറിയുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ, 19-3-1792-ൽ ശ്രീരംഗത്തു വച്ച് ടിപ്പുവും കമ്പനിയുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം വിട്ടയച്ചവരുടെ കൂട്ടത്തിൽ ഈ കോവിലകങ്ങളിലെ എത്ര പേരുണ്ടായിരുന്നുവെന്നും അറിയാൻ പാടില്ല. അതിനുള്ള കണക്കുകൾ ലഭ്യമല്ല. നിർഭാഗ്യവാന്മാരായ ഈ തമ്പുരാക്കന്മാരേയും തമ്പുരാട്ടിമാരേയും സംബന്ധിയ്ക്കുന്ന ഏകരേഖ (ലഭ്യമായത്), വലുപുതിയ കോവിലകത്തും, വലുകുറിയേടത്തു കോവിലകത്തും അവശേഷിച്ച ചില തമ്പുരാട്ടിമാർക്ക് വേണ്ടി ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ വച്ച്, ചില ശുദ്ധികർമ്മങ്ങൾ നടത്തുകയുണ്ടായതിനെ കുറിച്ചുള്ളതാണ്. ആ രേഖയിൽ നിന്നും മനസ്സിലാകുന്ന ഒരു കാര്യം, ചില തമ്പുരാട്ടിമാർ മുസ്സൽമാന്മാർ വെച്ച "അന്നം" ഭക്ഷിച്ചിട്ടില്ലെന്നും, "ചാരിത്രഭംഗം" സംഭവിച്ചിട്ടില്ലെന്നുമാണ്. അതേ സമയം മലബാർ കളക്ടറുടെ 1876 മേയ് 12-ാം തീയതിയിലത്തെ "പ്രൊസീഡിംഗ്സിൽ", മലബാറിൽ മുസ്ലിംഭരണകാലത്ത്, വലുകുറിയേടത്തു കോവിലകത്തെ എല്ലാ അംഗങ്ങളും "ജാതിഭ്രഷ്ടരായി" എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഈ കുറിപ്പുകളിൽ നിന്നും മനസ്സിലാകുന്നത് കോയമ്പത്തൂർക്ക് കൊണ്ടുപോയ തമ്പുരാക്കന്മാർ "ചേലക്രിയയ്ക്കും", തമ്പുരാട്ടികൾ മാനഭംഗത്തിനും വിധേയമായിട്ടുണ്ടാവണം എന്നാണ്. അവർ 1792-ൽ തിരിച്ചു കോവിലകങ്ങളിൽ വന്നപ്പോൾ, പിടിയിൽ നിന്നും രക്ഷപ്പെട്ടവരുടെ ഒപ്പം (പ്രത്യേകമായി) കോവിലകത്തു താമസിച്ചു. ജാതിഭ്രഷ്ട് വന്നവർ, അല്ലാത്തവർ താമസിക്കുന്ന ഒരു കോവിലകത്ത് താമസിച്ചതു കാരണം ഉണ്ടായ ആശയക്കുഴപ്പമായിരിയ്ക്കാം "ശുദ്ധികർമ്മങ്ങൾ" നടത്തുവാൻ പിൽക്കാലത്ത് പ്രേരകമായിത്തീർന്നത്. ഒരു കാര്യം വ്യക്തമാണ്. വലുകുറിയേടത്തു കോവിലകം മുഴുവൻ ഭ്രഷ്ടരായി. വലുപുതിയ കോവിലകത്ത് ചിലർ രക്ഷപ്പെട്ടു. പടിഞ്ഞാറെപ്പാട്ട് കോവിലകത്തെപ്പറ്റി ഒന്നും കേൾക്കാനില്ലാത്തതിനാൽ "അന്യം" നിന്നിരിക്കാം.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും, 1790-ൽ ടിപ്പു, ഇംഗ്ലീഷുകാരെ നേരിടാൻ തിരുവിതാംകൂർ അതിർത്തിയിൽ നിന്നും പോയപ്പോൾ മലബാറിലെ അവസ്ഥ എന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതെയുള്ളൂ. 1791-ൽ മദിരാശി ഗവർണ്ണരായിരുന്ന ജനറൽ മീഡോസ് "തിരുവിതാംകൂറിൽ അഭയം പ്രാപിച്ച മലബാർ രാജാക്കന്മാർ, ടിപ്പുവിനെതിരായി ഇംഗ്ലീഷുകാരെ സഹായിക്കാൻ പ്രേരിപ്പിയ്ക്കണം" എന്ന് ധർമ്മരാജാവിന് എഴുതിയതാണ്. എന്നാൽ പിന്നീട് മലബാറിലെ എല്ലാ രാജ്യങ്ങളും ധർമ്മരാജാവിന്റെ നിയന്ത്രണത്തിലാക്കുകയും, അതതു രാജാക്കന്മാർക്ക് അവരവരുടെ രാജ്യങ്ങൾ തിരിച്ചു നൽകുകയും ചെയ്യുന്ന ചുമതല മദിരാശി ഗവൺമെന്റ് ധർമ്മരാജാവിനെ ഏൽപ്പിക്കുകയും ചെയ്തു. വളരെ ശ്രമകരമായ ഒരു ജോലി ആയിരുന്നു അത്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, മലബാർ ഒരു "കൊളം" ആയിരുന്നു. 1788 മുതൽ 1791 വരെ, രാജാക്കന്മാരോ ഭരണാധികാരികളോ ഇല്ലാതെ, ടിപ്പുവിന്റെ പടയാളികളും, അനുയായികളും, കൊള്ളക്കാരുമെല്ലാം, വസ്തുവും വസ്തുവകകളും, കയ്യിൽ കിട്ടുന്നതെന്തും കൈവശപ്പെടുത്തി പരിപൂർണ്ണ അരാജകത്വവും ഭീതിജനകവുമായ ഒരന്തരീക്ഷവും അവിടെ സൃഷ്ടിച്ചിരുന്നു. ധർമ്മരാജാവ് തന്റെ ചുമതല നിർവഹിക്കുവാൻ ദിവാൻ കേശവപിള്ളയെ നിയോഗിച്ചു. തിരുവിതാംകൂറിൽ വന്ന രാജാക്കന്മാരെ കേശവദാസനെ കാണുവാനായി അയച്ചു. പാലക്കാട്ട് ഒരു വലിയ സൈന്യവുമായി താവളമടിച്ചിരുന്ന കേശവദാസൻ, ഓരോ രാജ്യത്തിന്റേയും തലസ്ഥാനത്തെത്തുകയും പലരുമായി ചർച്ച ചെയ്ത് അതിർത്തികൾ തിട്ടപ്പെടുത്തുകയും, രാജാക്കന്മാർ തമ്മിലും രാജകുടുംബങ്ങൾക്കുള്ളിലും ഉയർന്നുവന്ന തർക്കങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു. അവരെയെല്ലാം തൃപ്തികരമാംവണ്ണം സ്വസ്ഥാനങ്ങളിൽ പ്രതിഷ്ഠിതരാക്കി. ✠



**പ്രശ്നം-പരിഹാരം**

# പാരതന്ത്ര്യം!

**കെ.കെ.രാജ**

അടുത്തകാലത്ത് കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്ത് ഒരു തമ്പുരാട്ടി മരിച്ചു. വൈകുന്നേരമാണ് സംഭവം. മൃതദേഹം യഥാവിധി നാലുകെട്ടിൽ കിടത്തി; നല്ലമഴ: പിറ്റെ ദിവസം ഹർത്താൽ ആണെന്ന വാർത്ത പരന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്കാരം രാത്രി തന്നെ നടത്തിയേപറ്റൂ.

സംസ്കാരത്തിനുള്ള എല്ലാ ഒരുക്കങ്ങളും നടക്കുന്നു. സംസ്കാര ക്രിയകൾ ചെയ്യിക്കുന്നതിന് ഒരു നമ്പൂതിരി കൂടിയേ തീരു. നമ്പൂതിരിയെ കണ്ടെത്താനുള്ള ശ്രമമായി. കോവിലകത്ത് വിവാഹം കഴിച്ചിട്ടുള്ള ഒരു നമ്പൂതിരിയുണ്ട്. അദ്ദേഹമാണ് സാധാരണ ക്രിയകൾ നടത്തിക്കുക. പക്ഷെ കാലിൽ ഒരു ശസ്ത്രക്രിയയെ തുടർന്ന് അദ്ദേഹത്തിന് നടക്കാൻ പോലും വയ്യാത്ത അവസ്ഥയിലാണ്. അത്യാവശ്യഘട്ടങ്ങളിൽ സഹായിക്കുന്ന ഒരു ഇല്ലത്തുനിന്നും ഒരാളെ കൊണ്ടുവരാനുള്ള ശ്രമവും ഫലിച്ചില്ല. ഉദ്ദേശിച്ച നമ്പൂതിരി ആശുപത്രിയിലുള്ള ജ്യേഷ്ഠനെ സഹായിക്കാൻ പോയിരിക്കയാണ്. തൃപ്പൂണിത്തുറയിൽ നിന്നും ഒരാളെ കൊണ്ടുവരാനായി അടുത്ത ശ്രമം. പിറ്റെ ദിവസം ഒരു ശ്രാദ്ധം ഉണ്ടെന്നും അതിനാൽ വരാൻ പറ്റില്ലെന്നും പറഞ്ഞ് ഉദ്ദേശിച്ച നമ്പൂതിരിയും കയ്യൊഴിഞ്ഞു.

ക്രിയാദികൾ നടത്തിച്ച് പരിചയമുള്ള ഏതെങ്കിലും നമ്പൂതിരിയെ കിട്ടാതെ എങ്ങനെ സംസ്കാരം നടത്തും? മണിക്കൂറുകൾ കടന്നുപോകുകയാണ്. ഒരാൾ കാറുമായി പുത്തൻചിറയിലേക്കുപോയി. അവിടെ പള്ളത്തേരി ഇല്ലത്തെ നമ്പൂതിരിയെ ആവശ്യത്തിന്റെ പ്രാധാന്യം പറഞ്ഞു മനസ്സിലാക്കി. സുമനസ്സായ അദ്ദേഹം പ്രായാധിക്യവും കാഴ്ചക്കുറവും പരിഗണിക്കാതെ മഴയത്ത് കോവിലകത്ത് എത്തി രാത്രി വളരെ വൈകിയിട്ടും ക്രിയകൾ നടത്തി തന്നു. എല്ലാം കഴിഞ്ഞപ്പോൾ സമയം മൂന്നുമണി കഴിഞ്ഞിരിക്കുന്നു.

ഇതുകൊണ്ടും പ്രശ്നം തീർന്നില്ല. പത്താം ദിവസത്തെ ക്രിയാദികൾ നടത്താൻ അദ്ദേഹത്തിന് അസൗകര്യം. കർമ്മങ്ങൾ നടത്തേണ്ടവർ കാറെടുത്ത് തൃപ്പൂണിത്തുറയിൽ ബ്രാഹ്മണസംഘടനയായ "അന്യോന്യ"ത്തിന്റെ സഹായത്തോടെ കർമ്മങ്ങൾ ചെയ്തു. പിണ്ഡ ദിവസം തൃപ്പൂണിത്തുറയിൽ നിന്ന് നമ്പൂതിരിമാരെ കൊണ്ടുവന്ന് ബാക്കി ക്രിയാദികളും നടത്തി.

ഇക്കാര്യം ഇത്ര വിസ്തരിച്ചു പറഞ്ഞത് സംസ്കാരാദി ക്രിയകൾക്ക് നമ്പൂതിരിമാരെ ആശ്രയിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ വ്യക്തമാക്കാനാണ്. ക്ഷത്രിയരിൽ ചിലരെങ്കിലും ഇത്തരം ക്രിയാദികൾ നടത്തുന്നതിനുള്ള പരിശീലനം നേടിയാൽ ഉണ്ടാകുന്ന പ്രയോജനം വലുതാണ്. വൈയ്ക്കത്തും, ചേർത്തലയിലും മറ്റും സ്വജനപൗരോഹിത്യമാണെന്ന് കേട്ടിട്ടുണ്ട്. വാര്യർ, ഉണ്ണി, മൂത്തത് തുടങ്ങിയവർക്ക് സ്വന്തക്കാർ തന്നെയാണ് പൗരോഹിത്യം വഹിക്കുക. പിന്നെ നമുക്ക് എന്തുകൊണ്ട് ആയികൂടാ?

ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റുകൾ കേന്ദ്രീകരിച്ച്, നമ്മുടെ വിവാഹ-സംസ്കാരാദികൾ യഥാവിധി നടത്തുന്നതിനുള്ള പരിശീലനം ചിലർക്കെങ്കിലും നൽകുന്നത് നന്നായിരിക്കും. ഒരു സംഘടന എന്ന നിലയിൽ ഇതൊരു കടമ കൂടിയാണ്. ഇതൊരാവശ്യമാണെന്ന് സമുദായാംഗങ്ങളും മനസ്സിലാക്കണം. ●

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം

## പൂർവ്വചരിത്രം

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

**കൊ**ടുങ്ങല്ലൂർ രാജവംശത്തെക്കുറിച്ച് വ്യക്തമായ രേഖകളൊന്നും തന്നെ ലഭ്യമായിട്ടില്ല. അങ്ങുമിങ്ങും ചിതറി കിടക്കുന്ന ചില പരാമർശങ്ങളും കേട്ടറിവുകളും കൂട്ടിച്ചേർത്ത് യുക്തിസഹമായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ മാത്രമേ സാദ്ധ്യമാകൂ. മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ "കേരളം" എന്ന കാവ്യത്തെ ആസ്പദാക്കിയാണ് ഇതിൽ ഭൂരിഭാഗം അഭിപ്രായങ്ങളിലും എത്തിച്ചേർന്നിട്ടുള്ളത്.

കേരളത്തിൽ നമ്പൂതിരിമാരുടെ ഭരണകാലത്ത് 12 വർഷം കൂടുമ്പോൾ തിരുനാവായ മണപ്പുറത്ത് ഒരു മഹാസഭ ചേരുക പതിവായിരുന്നു. രാജ്യകാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യുവാനാണ് ഈ മഹാസഭ കൂടിയിരുന്നത്. നമ്പൂതിരിമാരുടെ ഇടയിൽ കൂറുമത്സരം വർദ്ധിച്ചപ്പോൾ കൂടിയ മഹാസഭയിൽ, സഹ്യാദ്രിക്കു കിഴക്കുനിന്നും ഒരു ക്ഷത്രിയരാജാവിനെ കൊണ്ടുവന്ന് രാജ്യഭരണം ഏൽപ്പിക്കണമെന്ന് ഒരു അഭിപ്രായമുയർന്നു. ചർച്ചകൾക്കു ശേഷം ഒരു ക്ഷത്രിയ രാജാവിനെ ഭരണമേൽപ്പിക്കുവാൻ തീരുമാനമായി. അങ്ങിനെ വരുന്ന ക്ഷത്രിയൻ ഇവിടെ താമസമുറപ്പിക്കുന്നത് ഒഴിവാക്കുവാൻ, അടുത്ത മഹാസഭവരെ, അതായത് 12 വർഷം മാത്രം ഭരണാധികാരം നൽകിയാൽ മതി എന്ന് മഹാസഭ തീരുമാനമെടുത്തു. ഈ ദൗത്യത്തിനായി ഗ്രാമരക്ഷാധികാരികളായി ''വാളുനമ്പി''മാരെ തിരഞ്ഞെടുത്തു. (കക്കാട്ടു വാളുനമ്പിയായിരുന്നു ഇതിനു നേതൃത്വം നല്കിയത്.)

ഈ വാളുനമ്പിമാർ, ഈ ആവശ്യത്തിലേക്കായി, തെലുങ്കുദേശത്തെ "വിജയനഗരം" സാമ്രാജ്യാധിപനെ സമീപിച്ചു. സഹ്യാദ്രിക്കു കിഴക്കുള്ള, ചേര-ചോള-പാണ്ഡ്യവംശത്തിൽ നിന്നും ഒരാളെ തിരഞ്ഞെടുത്തു കൊള്ളുവാൻ അദ്ദേഹം അനുവാദം നൽകി. അതിൻപ്രകാരം 'ചോള' ദേശത്തുകാരനായ നാരായണഭട്ടനെ (ഭട്ടൻ-പണ്ഡിതൻ) കേരള ദേശത്തേക്കാനായിച്ചു. കേരളത്തിൽ ഇദ്ദേഹവും ബന്ധുക്കളും വന്നു കയറിയ സ്ഥലം 'വന്നേരി' എന്നറിയുവാനിടയായി. ഇങ്ങിനെവന്നവർ ശാർക്കര വംശക്കാരായിരുന്നിരിക്കണം. വന്നേരിയിൽ അയിരൂർ എന്ന സ്ഥലത്താണ് ഇവർ ആദ്യമായി താമസമാക്കിയത്. അങ്ങിനെ ഇവർ അയിരൂർ ശാർക്കര വംശക്കാരായി അറിയപ്പെടാനിടയായി എന്നു വേണം അനുമാനിക്കുവാൻ. (ചേറ്റുവാമനപുരത്തിന് അയിരൂർ എന്നും പാപ്പിനിവട്ടം എന്നും പറയുമായിരുന്നു എന്നും, അവിടെ വന്നു താമസമാക്കിയതുകൊണ്ട് അയിരൂർ എന്ന പേർ സിദ്ധിച്ചതെന്നും ഒരഭിപ്രായമുണ്ട്.)

ആദ്യമായി ഇവിടെ വന്ന നാരായണ ഭട്ടൻ "കുലശേഖരൻ" (കുലത്തിൽ ശ്രേഷ്ഠൻ) എന്ന പേരിൽ സത്യം ചെയ്തു രാജ്യഭരണമേറ്റെടുത്തു. ഇവിടെ നിന്നും തെക്കോട്ടുള്ള യാത്രയിൽ, ഇവർ പാപ്പിനിവട്ടത്തും, വെള്ളങ്ങല്ലൂരും താമസിച്ച ശേഷം, തൃക്കുലശേഖരപുരം എന്ന് ഇന്നറിയപ്പെടുന്ന പ്രദേശത്ത് താമസമുറപ്പിച്ചു. (കുലശേഖരൻ സ്ഥിരമായി താമസിച്ച പ്രദേശം 'കുലശേഖരപുരം' എന്നറിയാനിടയായിരിക്കണം. ബഹുമാനസൂചകമായി ഇതിനോട് തിരു ചേർത്ത് തിരുകുലശേഖരപുരം എന്നും പിന്നീടത് ലോപിച്ച് തൃക്കുലശേഖരപുരം എന്നും അറിയാനിടയായി എന്നുവേണം കരുതുവാൻ). വിഷ്ണുഭക്തനായ ഇദ്ദേഹം ഇവിടെ ഒരു വിഷ്ണുക്ഷേത്രം പണിയിച്ചു. അതാണ് തൃക്കുലശേഖരപുരം ക്ഷേത്രം. ഈ കുലശേഖരന്റെ വംശത്തിൽപ്പെട്ടവരാണ്, കൊടുങ്ങല്ലൂർ രാജവംശത്തിലുള്ളവർ. തൃക്കുലശേഖരപുരത്തെ ദേവനാണ് കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ കുലദേവത.

ഈ കുടുംബക്ഷേത്രത്തിലാണ്, വലിയ തമ്പുരാൻ സ്ഥാനത്തെത്തുന്ന ആൾ അരിയിട്ടുവാഴ്ച നടത്തിയിരുന്നത്. നാരായണ നാമം ഈ കുലത്തിലുള്ളവരുടെ മുദ്രയുമായി. വലിയ തമ്പുരാൻ, 'നാരായണരാമവർമ്മ' എന്നെഴുതിയാണ് പഴയ രേഖകളിൽ ഒപ്പിട്ടിരുന്നത്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വരികൾ ഇവിടെ പകർത്തട്ടെ.

*"കുലദേവത കോടിലിംഗഭൂ-*
*തലവർക്കീകുലശേഖരേശ്വരൻ*
*കുലമൂലപുമാന്റെ പേരിനാൽ*
*കിലനാരായണ നാമമുദ്രയും"*

നാരായണഭട്ടന്റെ വംശപരമ്പരയിൽപ്പെട്ടവർ എന്ന നിലക്കായിരിക്കണം ഈ മുദ്ര സ്വീകരിച്ചത്. വിദ്വാൻ ഇളയതമ്പുരാന്റെ ഉത്തരരാമചരിതം, ശ്രീ.കെ.പി.നാരായണപ്പിഷാരടി പുനഃപ്രസിദ്ധീകരിച്ചപ്പോൾ, വിദ്വാൻ ഇളയ തമ്പുരാൻ കുലശേഖരവംശത്തിൽപ്പെട്ട ഒരാളാണെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഒടുവിലത്തെ പെരുമാൾ (ചേരമാൻ പെരുമാളായിരിക്കണം). സർവ്വസംഗപരിത്യാഗം ചെയ്തപ്പോൾ, കൊടുങ്ങല്ലൂരിന്റെ ഭരണം പടിഞ്ഞാറ്റേടത്തു ഭട്ടതിരിക്കു നൽകി. ഭട്ടതിരിയുടെ വംശം അന്യം നിൽക്കാറായപ്പോൾ, അയിരൂർ ശാർക്കരവംശജനായ സ്വപുത്രനു രാജ്യഭരണം നൽകി. അങ്ങിനെ കൊടുങ്ങല്ലൂർ രാജവംശം, 'പടിഞ്ഞാറ്റേടത്തു സ്വരൂപം' എന്നുകൂടി അറിയപ്പെടാനിടയായി. (കൊച്ചി രാജകുടുംബത്തിന് "പെരുമ്പടപ്പുസ്വരൂപം" എന്നറിയപ്പെടാനിടയായത്, ഇതുപോലെയാണെന്ന്, അപ്പൻതമ്പുരാൻ "മംഗളമാല" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയത് വായിച്ചതായി ഓർക്കുന്നു. ഈ മംഗളമാല ഇപ്പോൾ അയ്യന്തോളുള്ള "അപ്പൻതമ്പുരാൻ സ്മാരക" ഗ്രന്ഥശാലയിലുണ്ടായിരിക്കണം).

(തുടരും)

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

*(കഴിഞ്ഞ ലക്കം തുടർച്ച)*

**സമ്പാ. ഡോ.ബി.ആർ.ആർ.വർമ്മ**

### ഒരു ദുർഘടനില

മേൽപ്പറഞ്ഞതാണ് ആയില്യം തിരുനാളിന്റെ സ്വഭാവമെങ്കിൽ, ഇതിൽ നിന്ന് തികച്ചും വ്യത്യസ്ത സ്വഭാവനായിരുന്നു അദ്ദേഹത്തിന്റെ അനുജൻ വിശാഖം തിരുനാൾ. രാജ്യ ഭരണത്തെ ഏറ്റവും ഗൗരവപൂർണ്ണ മായ ഒരു ധർമ്മമായി പരിഗണിച്ച ഒരു രാജാവായിരുന്നു അദ്ദേഹം. അസാ ന്മാർഗ്ഗികതയോടുള്ള കഠിനമായ വെറുപ്പും നീതിനിർവ്വഹണത്തിൽ ദൃഢവ്രതവും അദ്ദേഹത്തിന്റെ സഹ ജസ്വഭാവങ്ങളായിരുന്നു. ആയില്യം തിരുനാളിനോടൊപ്പം കലോപാസക നായിരുന്നില്ല അദ്ദേഹമെങ്കിലും വിജ്ഞാനഗവേഷണത്തിലും ജ്ഞാനസമ്പാദനത്തിലും അത്യാസ ക്തിയുള്ള ആജീവനാന്തവിദ്യാർത്ഥി യായിരുന്നു. അതിനും പുറമെ ഇംഗ്ലീ ഷിൽ അതിപ്രഗല്ഭനായ ഒരു ലേഖ കനും.

ഇപ്രകാരം വിഭിന്ന പ്രകൃതിക ളായ രണ്ടു രാജപുരുഷന്മാരുടെ മദ്ധ്യേ കേരളവർമ്മയുടെ നില ദുർഘ ടമേറിയതായിരുന്നെന്ന് പറയേണ്ടതി ല്ലല്ലോ.

രാജകുടുംബത്തോടുണ്ടായി രുന്ന അടുത്ത ബന്ധവും, മഹാരാ ജാക്കന്മാരിൽ ഓരോരുത്തരോടും പുലർത്തേണ്ടിവന്ന മനോഭാവത്തിന്റെ പ്രത്യേകതകളും നിമിത്തം കേരള വർമ്മയ്ക്കും ദൃഢമായ ഒരു നിഷ്പ ക്ഷനില നിറവേറ്റിക്കൊണ്ടു പോകാൻ സാദ്ധ്യമല്ലാതെ വന്നു. വിശേഷിച്ചും വിശാഖം തിരുനാളുമായി അത്യന്തം ഗാഢമായ സൗഹൃദമാണ് കേരള വർമ്മയ്ക്ക് ആദ്യം മുതൽക്കേ ഉണ്ടാ യിരുന്നത്. വിശാഖം തിരുനാളിന് ഇങ്ങോട്ടുണ്ടായിരുന്ന വാത്സല്യവും അത്തരത്തിലുള്ളതായിരുന്നു. അവ രുടെ സ്വഭാവങ്ങൾ തമ്മിൽ ഗാഢ മായ ചില പൊരുത്തങ്ങളും ഇല്ലാതി രുന്നില്ല. രണ്ടുപേരും ആത്മാർത്ഥത നിറഞ്ഞ വിജ്ഞാനാന്വേഷികൾ; ചിന്താശീലന്മാർ, ശാസ്ത്രബുദ്ധികൾ. രണ്ടുപേരും വിക്ടോറിയൻകാലത്തെ അന്തസ്സും ശിക്ഷണബോധവും ഉദാ രതയും പരിപാലിയ്ക്കുന്നതിൽ ബദ്ധ ശ്രദ്ധന്മാർ. നല്ല വയലറ്റ് മഷിയിൽ ദീർഘവടിവിൽ ഇരുപേരും എഴുതി വന്ന കൈപ്പടകൾ തമ്മിലും അനൽപ മായ സാമ്യമുണ്ടായിരുന്നു. ഒരാൾ വായിച്ച പുസ്തകം മറ്റേയാളിന്റെ ശ്രദ്ധയിൽപെടുത്തുകയും വായി യ്ക്കാൻ പരസ്പരം പ്രേരിപ്പിക്കു കയും മറ്റേയാൾ ചെയ്തിരുന്നു. കേര ളവർമ്മയുടെ ആദ്യകാലത്തെ ഗദ്യകൃ തികളുടെ രചനയിൽ വിശാഖം തിരു നാൾ ചെലുത്തിയിരുന്ന സ്വാധീന ശക്തി നിസ്സാരമായിരുന്നില്ല.

ഇങ്ങിനെ പല പ്രകാരത്തിലും ഗാഢമൈത്രിയിൽ വർത്തിച്ച ആ ബന്ധുക്കൾ അത്യന്തസുഹൃത്തുക്ക ളായിരിയ്ക്കവേയാണ് ആയില്യവും വിശാഖവും തമ്മിൽ അകന്നത്. കല്പന കല്ലിനെ പിളർക്കുമായിരുന്ന അക്കാലങ്ങളിൽ നാടു വാഴുന്ന രാജാ വുമായി ഇടയുന്നത് ശുഭോദർക്കമ ല്ലെന്നു വിശാഖം തിരുനാളിന് അറി യാമായിരുന്നു. എങ്കിലും അടുത്ത രാജ്യാവകാശി എന്ന നിലയിൽ അദ്ദേ ഹത്തിന് ചില രക്ഷാകവചങ്ങൾ ഇല്ലാ തിരുന്നില്ല. വലിയകോയിത്തമ്പുരാനാ കട്ടെ രാജകുടുംബവുമായി വിവാഹ ബന്ധം കൊണ്ടുണ്ടായ ബലമേ പ്രധാനമായിട്ടുണ്ടായിരുന്നുള്ളു. അത്തരം ബന്ധങ്ങളെപ്പോലും അഴിച്ചു കളയുവാൻ രാജകൽപ്പ നയ്ക്ക് അക്കാലത്ത് കഴിയുമായിരു ന്നു. തന്റെ ഈ ദൗർബ്ബല്ല്യത്തെപ്പറ്റി യൗവനത്തിളപ്പു കൊണ്ട് കേരളവർമ്മ വേണ്ടത്ര ധരിച്ചില്ല.

ആദ്യകാലത്ത് അദ്ദേഹം നിഷ്പക്ഷഭാവത്തിൽ നിന്നുകൊണ്ട് രാജപ്രസാദം നിലനിറുത്തുന്നതിൽ ഒരുവിധം വിജയിച്ചു. മാത്രമല്ല, ബന്ധ ത്തിന് ഏതാണ്ട് ഒരു വർഷം മുമ്പ് വരെ, മഹാരാജാവിന്റെ വാത്സല്യ ത്തിനും പ്രോത്സാഹനത്തിനും പിരി യാത്ത കൂട്ടുകെട്ടിനും പാത്രമായി ട്ടാണ് അദ്ദേഹം ജീവിച്ചത്.

### ജ്യേഷ്ഠാനുജസംഘട്ടനം

പക്ഷേ ആ നില ദീർഘ കാലം തുടർന്നുകൊണ്ടു പോകാൻ സാദ്ധ്യമായില്ല. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള അകൽച്ച നാൾക്കുനാൾ വർദ്ധിച്ചുവന്നു. ഈ അകൽച്ച കേര ളവർമ്മയെ എങ്ങിനെ സ്പർശിച്ചു വെന്നുള്ളതു വ്യക്തമാക്കാൻ അൽപ്പം പൂർവ്വചരിത്രകഥനം വേണ്ടി യിരിയ്ക്കുന്നു. ബാല്യം മുതൽക്കേ ആയില്യം തിരുനാളും വിശാഖം തിരു നാളും തമ്മിൽ അഭിപ്രായവ്യത്യാസ ങ്ങളും മത്സരങ്ങളുമുണ്ടായിരുന്നു. അനുജനേക്കാൾ അഞ്ചു വയസ്സു മൂപ്പുണ്ടായിരുന്ന ജ്യേഷ്ഠൻ കൂടുതൽ പ്രസരിപ്പും പ്രസന്നധിഷണതയും പ്രകടിപ്പിച്ചെങ്കിലും കുറച്ചൊക്കെ ഒതുങ്ങിക്കഴിഞ്ഞിരുന്ന കൊച്ചനുജൻ (അവർക്കിരുപേർക്കും മദ്ധ്യേ ബുദ്ധി മാന്ദ്യം ഉള്ള മറ്റൊരു സഹോദരൻ കൂടിയുണ്ടായിരുന്നു) കൂടുതൽ കാര്യ ഗൗവവും ജീവിതനിഷ്ഠയും ഉള്ള ഒരു ബാലനായിട്ടാണ് എല്ലാവർക്കും അനുഭവപ്പെട്ടത്. മാധവറാവു ആദ്യം

ഈ രാജസഹോദരന്മാരുടെ ട്യൂട്ടറായിട്ടാണ് തിരുവിതാംകൂറിൽ വന്നത്. അന്നേയ്ക്ക് ആയില്യംതിരുനാൾ പതിനെട്ടുവയസ്സുള്ള ഒരു യുവാവായിക്കഴിഞ്ഞിരുന്നു. ജ്യേഷ്ഠൻ ഗുരുവിന്റെ അനുസരണയുള്ള ശിഷ്യനേക്കാൾ ഏറെ നിയന്ത്രണത്തിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ടിരുന്ന ഒരു സ്വേച്ഛാനുവർത്തിയായിട്ടാണ് ജീവിച്ചതെന്ന് അനുജൻ തന്നെ പിന്നീട് പറഞ്ഞിട്ടുണ്ട്: "അദ്ദേഹം പണ്ടേ തോന്നിയവാസങ്ങൾ ആരംഭിച്ചിരുന്നു" (He had begun to sow 'wild oats' long ago) എന്നാണ് വിശാഖം തിരുനാൾ തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. "മാധവറാവുവിനെ ഒരു ട്യൂട്ടറെന്നതിനേക്കാൾ ഏറെ കൂട്ടുകാരനായിട്ടാണ് അദ്ദേഹം ഗണിച്ചതെ"ന്നും അതിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ വിശാഖം തിരുനാൾ മാധവറാവുവിന്റെ വത്സലശിഷ്യനായിത്തന്നെ വളർന്നു. അഭിനവരീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യകാലത്തെ വിശിഷ്ടസന്താനങ്ങളിൽ പ്രശസ്തനായിരുന്ന മാധവറാവുവിന്റെ സാഹചര്യമാണ് വിശാഖം തിരുനാളിന്റെ ആധുനികശാസ്ത്രവിജ്ഞാനത്തിനും സ്വഭാവദാർഢ്യത്തിനും വഴി തെളിയിച്ചത്. മാധവറാവുവിലും രാജകുമാരന്മാരുടെ ഈ വീക്ഷാവ്യത്യാസം ഭിന്നരീതികളിൽ പ്രതിഫലിച്ചതായി ഇനി കാണുവാൻ കഴിയും.

1034-ൽ (1859) കേരളവർമ്മയും ആറ്റിങ്ങൽ മൂത്ത രാജകുമാരിയുമായുള്ള പള്ളിക്കെട്ടു നിശ്ചയിച്ചപ്പോൾ, അന്നു നാടു വാണിരുന്ന ഉത്രം തിരുനാൾ മഹാരാജാവ് ഇളമുറക്കാരായ ആയില്യം-വിശാഖം രാജകുമാരന്മാരുടെ അഭിപ്രായം ആരായുകയുണ്ടായി. ആറ്റിങ്ങൽ മൂത്ത റാണിയുടെ ഭർത്തൃപദവി (ആ ദമ്പതികളുടെ സന്താനമാണല്ലോ ഭാവി രാജ്യാവകാശി) അഭികാമ്യമായ ഒരു സ്ഥാനമായിരുന്നു. അനേകം ക്ഷത്രിയ യുവാക്കന്മാർ അത് അഹമഹമികയാ ആഗ്രഹിച്ചു. അവരുടെ രക്ഷാകർത്താക്കൾ അവർക്കതു നേടിക്കൊടുക്കാൻ കിണഞ്ഞു ശ്രമിയ്ക്കുകയും ചെയ്തു വന്നു. കേരളവർമ്മയുടെ മാതുലൻ രാജരാജവർമ്മ (ഉത്രം തിരുനാളിന്റെ സ്യാലൻ) ആയിടെ ചരമം പ്രാപിച്ചപ്പോൾ മഹാരാജാവിനോട് ഒരു അന്ത്യാഭിലാഷമെന്ന നിലയിൽ തന്റെ ഭാഗിനേയനെക്കൊണ്ട് ലക്ഷ്മിറാണിയുടെ പള്ളിക്കെട്ടു കഴിപ്പിയ്ക്കണമെന്നു പ്രാർത്ഥിച്ചു. അന്നു പതിന്നാലു വയസ്സു പ്രായമുണ്ടായിരുന്ന കേരളവർമ്മയുടെ അന്യാദൃശമായ ആകാരസുഷമയും, പ്രതിഭാവിലാസവും കണ്ട് മഹാരാജാവു പ്രീതനായിരുന്നതിനാൽ സ്യാലന്റെ അഭിലാഷം സാധിച്ചു കൊടുക്കുന്നതിൽ അദ്ദേഹം തൽപ്പരനായിരുന്നു. രാജ്യകാര്യങ്ങളിലെന്ന പോലെ കുടുംബകാര്യങ്ങളിലും ഇളമുറക്കാരുടെ അഭിപ്രായം യഥാർഹം ആദരിച്ചു വന്നിരുന്ന മഹാരാജാവ് ഈ കാര്യത്തിലും ആ രീതി കൈവിട്ടില്ല. ആയില്യം തിരുനാൾ വിപരീതാഭിപ്രായമാണ് ഇപ്പോൾ പ്രകടിപ്പിച്ചത്. അത് കേരളവർമ്മയോട് അദ്ദേഹത്തിന് എന്തെങ്കിലും വിപ്രതിപത്തിയുണ്ടായിരുന്നതിനാലായിരുന്നുവോ എന്നു തീർച്ചയില്ല. ഒരു പക്ഷേ അദ്ദേഹത്തിന് ഇഷ്ടപ്പെട്ട മറ്റേതോ ക്ഷത്രിയയുവാവിനോടുണ്ടായിരുന്ന പക്ഷപാതം നിമിത്തമായിരിയ്ക്കാൻ ഇടയില്ലായ്കയില്ല. അങ്ങിനെ ഒരു യുവാവ്- അദ്ദേഹമാണത്രെ പിന്നീട് പരപ്പനാട്ടു രാമവർമ്മ എന്നറിയപ്പെട്ടത്- കേരളവർമ്മയുടെ കുടുംബത്തിൽതന്നെ ഉണ്ടായിരുന്നു. വിശാഖംതിരുനാളാകട്ടെ ഭാഗിനേയിയ്ക്ക് കേരളവർമ്മയേക്കാൾ അനുരൂപനായ ഒരു വരൻ വേറെയില്ലെന്നാണ് അഭിപ്രായപ്പെട്ടത്. മഹാരാജാവിന് അവസാന തീരുമാനമെടുക്കാൻ അത് ഒരു പിൻബലമായി. ജ്യേഷ്ഠാനുജന്മാർ തമ്മിൽ ആദ്യകാലത്തു തന്നെ ആരംഭിച്ച ഈ അഭിപ്രായസംഘട്ടനം പിൽക്കാലത്ത് ശാഖോപശാഖയായി പടരുമെന്നു വിചാരിയ്ക്കാൻ യാതൊരു ന്യായവും അക്കാലത്തുണ്ടായിരുന്നില്ല.

**രാജപ്രസാദം**

താമസിയാതെ പള്ളിക്കെട്ടു നടന്നു, പഴയ അഭിപ്രായഭിന്നതകൾ വിസ്മൃതങ്ങളായി. 1860-ൽ ആയില്യം തിരുനാൾ രാജ്യഭരണമേറ്റതോടുകൂടി തിരുവിതാംകൂർ രാജ്യത്ത് ഒരു സുവർണ്ണദശ ആരംഭിച്ചു. മഹാരാജാവിന്റെ ഹൃദയഗുണങ്ങളും ബുദ്ധിപ്രഭാവവും തമ്മിൽ ഏകോപിച്ച് ഫലപ്രദമായി വികസിച്ച കാലമായിരുന്നു പിന്നത്തെ ഒരു ദശവർഷം. ദിവാൻ മാധവറാവുവും മഹാരാജാവും ഭരണകാര്യങ്ങളിൽ ഏകമതികളായി മുന്നോട്ടു പോയി. രാജസഹോദരന്മാർ തമ്മിലും അന്നുണ്ടായിരുന്ന അഭിപ്രായൈക്യം ഒന്നു പ്രത്യേകം തന്നെയായിരുന്നു. വിശാഖം തിരുനാൾ തന്നെ അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിങ്ങനെയാണ്: "രാമവർമ്മ രാജകുമാരൻ ജ്യേഷ്ഠനുമായി ഹാർദ്ദമായ ബന്ധത്തിൽ കഴിഞ്ഞിരുന്നു. അക്കാലത്ത് ജ്യേഷ്ഠൻ, അഭിപ്രായങ്ങൾ കൂടെക്കൂടെ ആരാഞ്ഞപ്പോഴൊക്കെ സ്വന്തം വിശ്വാസങ്ങൾ കലവറ കൂടാതെ ആത്മാർത്ഥതയോടെ പറയുവാൻ അനുജൻ ലേശവും മടിച്ചിരുന്നില്ല."

കേരളവർമ്മയുടെ ജീവിതത്തിലും ഏറ്റവും ശോഭനമായ ഘട്ടമായിരുന്നു അത്. ആയില്യം തിരുനാൾ ഭാഗിനേയീഭർത്താവിനെ നാനാരംഗങ്ങളിലും, അങ്ങേ അറ്റം പ്രോത്സാഹിപ്പിച്ചു. സംഗീതസാഹിത്യാദി കലകളിലായാലും നായാട്ട്, ലക്ഷ്യവേധം, അശ്വാരോഹണം, മല്ലയുദ്ധം മുതലായ വ്യായാമവിനോദങ്ങളിലായാലും കേരളവർമ്മയുടെ അന്യാദൃശമായ കഴിവുകൾക്ക് പ്രയോഗസൗകര്യങ്ങൾ അദ്ദേഹം ധാരാളമായി നൽകി വന്നു. രാജസദസ്സിലെ അംഗങ്ങൾ, വിദേശികളായ സന്ദർശകന്മാർ, യൂറോപ്യൻ ഉദ്യോഗസ്ഥന്മാർ, കൂടെക്കൂടെ ആഗതരായിക്കൊണ്ടിരുന്ന കലാവിശാരദന്മാർ, കവികൾ, പണ്ഡിതന്മാർ എന്നിങ്ങനെ പലതരം ആളുകളുമായി നിരന്തര സമ്പർക്കം നിമിത്തം

കേരളവർമ്മയുടെ വിജ്ഞാനപരിധിയും പാടവങ്ങളും പ്രവൃദ്ധമായി വന്നു. വിശാഖം തിരുനാളിന്റേയും മാധവറാവുവിന്റേയും സാഹചര്യവും ദൃഢമൈത്രിയും ഈ അനുഗ്രഹങ്ങളെ സർവ്വോപരി പരിപുഷ്ടമാക്കി. ഇവയ്ക്കെല്ലാം മകുടസ്ഥാനീയമായിരുന്നു അനുരൂപയും സകല കലാകുശലയുമായ പ്രിയതമയുടെ സരസപരിചരണവും, തന്മൂലമുണ്ടായ ഗാർഹിക സൗഭാഗ്യവും.

**രാജകുമാരി**

രാജകുമാരി പലതു കൊണ്ടും അസാധാരണയായ ഒരു യുവതിയായിരുന്നു.

*"പെണ്ണില്ലൂർവീതലമതിൽ മഹാ*
*റാണിയെപ്പോലെയിപ്പോൾ*
*വിണ്ണിൽപ്പോലും വിപുലഗുണസൽ-*
*ക്കീർത്തിസമ്പൂർത്തിയോർത്താൽ*
*എണ്ണിക്കൂടാത്തൊരു സുഷമയുള്ളോരു തന്മൂർത്തിയാർക്കും*
*കണ്ണിൽച്ചേർക്കും ഖഗവരപരം ഹർഷപീയൂഷവർഷം."*

എന്നിങ്ങനെ മയൂരസന്ദേശത്തിൽ അവരെപ്പറ്റി കേരളവർമ്മ പറഞ്ഞിട്ടുള്ളതിൽ ഒരു പ്രണയാർത്തനു സഹജമായ അത്യുക്തി എത്ര മാത്രമുണ്ടെങ്കിലും, റാണിയുടെ യൗവനകാലത്തെ സൗന്ദര്യധോരണി കണ്ടിരുന്ന സമകാലികർക്ക് ശ്ലോകത്തിലെ ഉത്തരാർദ്ധത്തിൽ പരാവൃഷ്ടമായിരിക്കുന്ന സുഷമാവിലാസത്തിന്റെ കാര്യത്തിൽ അതിശയോക്തി സ്പർശം തോന്നുമായിരുന്നില്ല. സംഗീതത്തിൽ- വായ്പാട്ടിലും വീണാവാദനത്തിലും അവർ വിദഗ്ദ്ധ തന്നെയായിരുന്നു. ഭർത്താവിനെ അവർ വീണവായനയും ഭർത്താവ് അവരെ സാഹിത്യവും അഭ്യസിപ്പിച്ചതായി കേരളവർമ്മ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രഭാതവേളകളിൽ അവർ ഒന്നിച്ചിരുന്ന് വീണകളിൽ ഏതാനും സമയം ദേവീസ്തോത്രങ്ങൾ ആലപിച്ചിരുന്നതായി കേട്ടിട്ടുണ്ട്. കവിതയെഴുത്തിലും ഗാനരചനയിലും റാണിക്ക് അതീവ താൽപ്പര്യമുണ്ടായിരുന്നു. ആകപ്പാടെ വിജ്ഞാനപ്രണയിയും കലാകാരനുമായ ഒരു യുവാവിന് അനുരൂപയും അനുഗുണയുമായ ഒരു വനിതാരത്നമായിരുന്നു ലക്ഷ്മീബായി.

**മാതുലനും ഭാഗിനേയനും**

മഹാരാജാവിന്റെ ദാക്ഷിണ്യസൗജന്യങ്ങൾ ഈ നല്ല കാലങ്ങളെ കൂടുതൽ ഭാസുരങ്ങളാക്കി. വിലപിടിച്ച സമ്മാനങ്ങളും സംഭാവനകളും പ്രോത്സാഹജനകമായ അംഗീകാരങ്ങളും കൊണ്ട് ഭാഗിനേയീഭർത്താവിനെ അദ്ദേഹം ധന്യനാക്കിയതോടൊപ്പം റാണിയോടും ദാക്ഷിണ്യവാത്സല്യങ്ങൾ അങ്ങേയറ്റം പ്രദർശിപ്പിച്ചു. മരുമക്കത്തായ സമ്പ്രദായത്തിൽ ഭാഗിനേയിമാരോട് മാതുലന്മാർ പുലർത്തിപ്പോന്നിരുന്ന അകൽച്ചകൾ കർക്കശമായി പാലിക്കാൻ അദ്ദേഹം മുതിർന്നില്ല. സംഗീതം, വീണവായന മുതലായ കലകളിൽ മരുമകളുടെ പാടവം നേരിട്ടു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. കേരളവർമ്മയും റാണിയും കൂടി മഹാരാജാവിനെ വീണ വായിച്ചു കേൾപ്പിക്കുകയും, ചിലപ്പോൾ പാടുകയും ചെയ്തുവന്നു. സംഗീതരസികനായ മഹാരാജാവും അങ്ങിനെയുള്ള സന്ദർഭങ്ങളിൽ പാടുന്നതിനോ സംഗീതോപകരണങ്ങൾ പ്രയോഗിയ്ക്കുന്നതിനോ ഉത്സുകനാകാറുണ്ടായിരുന്നു. അത്ര മാത്രം ഹാർദ്ദമായ ബന്ധമായിരുന്നു അക്കാലത്ത് അവർ തമ്മിൽ ഉണ്ടായിരുന്നത്.

*(തുടരും)*

# അപ്രദക്ഷിണം

ഒരു വ്യക്തി മരിച്ചുകഴിഞ്ഞാൽ പുല്ലും മണ്ണും വിരിച്ച് അതിൽ കിടത്തുമല്ലോ. തുടർന്നു നടത്തുന്ന ആദരാഞ്ജലി പ്രദക്ഷിണമായി വേണമോ, അപ്രദിക്ഷണമായി വേണമോ?

സാധാരണ കാണുന്നത് ഇടതുവശത്തുകൂടി, മൃതദേഹത്തെ വലം വയ്ക്കുകയാണ്. എന്നാൽ വലതുവശത്തുകൂടി ഇടത്തോട്ട് പ്രദക്ഷിണമായി പോകുന്നതാണ് ശരി എന്ന് ചൂണ്ടി കാണിക്കപ്പെടുന്നു.

മരിച്ചുകഴിഞ്ഞുള്ള ക്രിയാദികളെല്ലാം ഇടതുഭാഗത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതാണ്. മൃതദേഹം കിടത്തിയിട്ടുള്ള ഗോവണി എടുക്കുന്നത് ഇടത്തോട്ട് തിരിഞ്ഞാണ്. സംസ്കാരസ്ഥലത്ത് എത്തിച്ചാൽ പട്ടടയുടെ വലത്തുഭാഗത്താണ് മൃതദേഹം വയ്ക്കുക. പട്ടടയിലേക്കു വയ്ക്കുന്നത് ഇടത്തോട്ടായിരിക്കും. മൃതദേഹം ചിതയിൽ വച്ചു കഴിഞ്ഞാൽ കർമ്മികൾ അപ്രദിക്ഷിണമായിട്ടാണ് ക്രിയകൾ നടത്തുക. വെള്ളം നിറച്ച മൺകുടവുമായി അപ്രദക്ഷിണമായി വന്ന്, കുടം പിറകോട്ടാണ് എറിയുന്നത്.

സംസ്കാരാദിക്രിയകളിൽ മാത്രമല്ല, സന്ധ്യാവന്ദനവേളയിലുള്ള പിതൃതർപ്പണത്തിലും പൂണൂൽ ഇടത്ത് ഇട്ടിട്ടാണ് ചെയ്യുന്നത്. എല്ലാം വിപരീതം.

അപ്പോൾ മൃതദേഹത്തെ അപ്രദക്ഷിണം കൊണ്ടു ആദരിയ്ക്കുകയല്ലേ വേണ്ടത്?

**ഒരു വായനക്കാരൻ**

**സ്മരണാഞ്ജലി**

# മധുവിന് ഒരു പാഥേയം

**കെ.എൽ. മോഹനവർമ്മ**

നേപാളിലാണ് ലുംബിനി. സിദ്ധാർത്ഥരാജകുമാരന്റെ ജന്മസ്ഥലം. അവിടെ പ്രസവിച്ചു വീണയുടൻ എഴുന്നേറ്റു ഏഴടി ചുവടുവച്ച അവതാരത്തെ മനുഷ്യജന്മത്തിന്റെ പൊരുൾ തേടുന്ന ആർക്കുമുണ്ടാകുന്ന അസ്വസ്ഥതയ്ക്ക് രൂപഭാവം നൽകുന്ന കണ്ണുകളുമായി മകനെ കാത്തിരിക്കുന്ന അമ്മയുടെ അമ്പലമുണ്ട്. ആ അമ്പലമുറ്റത്ത് എന്നും രാവിലെ പത്തു മണിയോടെ പൂക്കളം പോലെ നിരത്തുന്ന നൂറു മൺചെരാതുകളിൽ ദീപം തെളിയും. തൊട്ടടുത്ത് ബോധിവൃക്ഷമാണ്. തീർത്ഥക്കുളവും. നാം ഏകാഗ്രരായി കാത്തിരുന്നാൽ മതി. ജീവിതത്തിൽ ഇനിയുമേറെ ചെയ്യാൻ ബാക്കിയിരുന്ന മനസ്സുകൾ അവിടെ ഭൗതികരൂപം പ്രാപിച്ച് നമ്മുടെ അടുത്തെത്തും. നമുക്കവരെ സ്പർശിക്കാം. മണക്കാം. അവരുടെ വാക്കുകൾ കേൾക്കാം. പഞ്ചേന്ദ്രിയങ്ങൾക്ക് പുതിയ അനുഭൂതി.

അവർ അനന്തമായ യാത്രയിലാണ്. ഇടയ്ക്കൊരു താവളം.

പത്തു വർഷം മുമ്പ് രാധയും ഞാനും അവിടെ അനിയനെക്കണ്ടു. അന്നേയ്ക്ക് എന്റെ അനിയൻ, സേനൻ, നാൽപ്പത്തെട്ടാം വയസ്സിൽ പെട്ടെന്ന് മരിച്ചിട്ട് പന്ത്രണ്ടു കൊല്ലം കഴിഞ്ഞിരുന്നു. ഞങ്ങൾ സ്നേഹത്തിന്റെ ഒരു കനമില്ലാത്ത പൊതിച്ചോറ് കൊടുത്തു. യാത്രയ്ക്കിടയിൽ വിശക്കുമ്പോൾ കഴിക്കാൻ. അനിയൻ പറഞ്ഞു. മതി, ചേച്ചീ, ചേട്ടാ.

ഞാൻ മധുവിനെ തേടുകയാണ്.

മധുവിന്റെ തികച്ചും ആകസ്മികമായ മരണത്തിന് തലേദിവസം ഞാൻ തിരുവനന്തപുരത്തുണ്ടായിരുന്നു. ഒരു മീറ്റിംഗിനു വന്നതാണ്. തമ്പാനൂര് ചൈത്രം ഹോട്ടലിൽ താമസം. രാവിലെ എട്ടു മണിക്ക് പതിവുപോലെ അനിയൻ ശ്രീകൃഷ്ണദാസിനെ വിളിച്ചു. പതിനൊന്നു മണിക്കാണ് മീറ്റിംഗ്. ഓരോ തിരുവനന്തപുരം വരവിലും അനിയനെക്കൂടാതെ ഓരോ അടുപ്പമുള്ളവരെക്കൂടി വിളിക്കും. വെറുതെ. ഇത്തവണ മധു



വിനെ ആകട്ടെ. വിളിച്ചു. ദാ, ഞങ്ങൾ അങ്ങോട്ടു വരാം എന്നു മധു പറഞ്ഞു. സമയമില്ല എന്നു സൂചിപ്പിച്ചിട്ടും വകവയ്ക്കാതെ ദാ, ഒമ്പതിന് എത്തുന്നു എന്നു പറഞ്ഞ് മധു ഫോൺ വച്ചു. ഞാൻ താഴേക്കു പോയി ഒമ്പതുമണി കഴിഞ്ഞപ്പോഴാണ് മുറിയിലേക്കു വന്നത്. ലിഫ്റ്റിനടുത്തെത്തിയപ്പോൾ റിസപ്ഷണിസ്റ്റ് ആംഗ്യം കാട്ടി. എന്നെ തേടി രണ്ടു പേർ മുകളിലേക്കു പോയിട്ടുണ്ട് എന്ന്.

മുറിയുടെ മുന്നിൽ മധുവും ശ്രീദേവിയും.

മധു പറഞ്ഞു.

സമയം. മോഹനൻ ചേട്ടാ, അതൊന്നേ ജീവിതത്തിൽ നഷ്ടപ്പെട്ടാൽ നമുക്കു തിരിച്ചു കിട്ടാത്തതുള്ളു. അതുകൊണ്ട് ഞാൻ എപ്പോഴും ടൈം കീപ്പു ചെയ്യും.

ടൈം ഒട്ടും നഷ്ടപ്പെടുത്താതെ ഞാൻ അവരെ താഴെ റെസ്റ്റോറന്റിൽ കൂട്ടികൊണ്ടു പോയി ഒന്നിച്ചു ബ്രെക്ക്ഫാസ്റ്റ് കഴിച്ചു. ഒന്നര മണിക്കൂർ കഥകൾ പറഞ്ഞു. പി ഡി എന്നു ഞാൻ ഓമനപ്പേരിട്ടിരിക്കുന്ന പരദൂഷണം, മോഹങ്ങൾ, മോഹഭംഗങ്ങൾ. ഇനി ചെയ്യാനിരിക്കുന്ന അനവധി കാര്യങ്ങൾ. സാഹിത്യം, രാഷ്ട്രീയം. എന്തോ പറഞ്ഞു തീർക്കാൻ ആവേശപ്പെടുന്നതു പോലെ. ഇടയ്ക്ക് സെൽഫോൺ വാദ്യത്തിന്റെ ഈരടികൾ പാടി. ഞാൻ എന്റെ ഫോണെടുത്തു. ശ്രീദേവി മധുവിന്റെയും. രണ്ടിന്റെയും റിംഗ് ടോൺ ഒന്നായിരുന്നു. തീരെ യാദൃച്ഛികമല്ല ഈ നിമിത്തം എന്നെനിക്കു തോന്നി.

മധുവിനെ ഞാൻ ആദ്യമായി പരിചയപ്പെട്ടത് എഴുപത്തേഴിലാണ്. ഞാൻ ഇന്ന് മുഖ്യപത്രാധിപരായി ഇരിക്കുന്ന വീക്ഷണത്തിന്റെ ആഫീസിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയുമൊപ്പമായിരുന്നു അത്. അല്പം ലജ്ജ പൗഡറിട്ട മുഖകാന്തിയുള്ള സുമുഖൻ. വീക്ഷണത്തിൽ സബ് എഡിറ്ററാണ്. അന്ന് വർമ്മയല്ല. മധു മഞ്ജുളാലയം. ബന്ധം വിവരിച്ചു. നമ്മൾ ക്ഷത്രിയരെല്ലാം പറഞ്ഞു വരുമ്പോൾ ബന്ധുക്കളാണല്ലോ. ഇന്നലെ കോഴിക്കോട്ടു വച്ച് പുനത്തിലുമായി സംസാരിക്കവേ മുപ്പതു വർഷം മുമ്പു നടന്ന ഇക്കഥ ഓർമ്മിപ്പിച്ചു.

പുനത്തിൽ പറഞ്ഞു.

അവനും നമ്മളെ ഓവർടേക്കു ചെയ്തു. അല്ലേ? മിടുക്കൻ.

മധുവിന് ഞാൻ പ്രിയപ്പെട്ട മൂത്ത ജ്യേഷ്ഠനായി. ശ്രീദേവിയുമായുള്ള വിവാഹം മുതൽ മധുവിന്റെ ജീവിതത്തിലെ നിർണ്ണായകമായ സന്ദർഭങ്ങളിലെല്ലാം ഞാൻ കാരണ

വരായി. കഥയെഴുത്തിലും, മകളുടെ വിവാഹമുഹൂർത്തത്തിലും എല്ലാം. പക്ഷേ പത്തിരുപതു വർഷത്തിനിട യിൽ ഇത്രനേരം ഞങ്ങൾ ഒരുമിച്ച് ഇരിക്കാനും സംസാരിക്കാനും സാവ കാശം കിട്ടിയിരുന്നില്ല. കഥകൾ തീരാതെ പതിനൊന്നു മണിക്ക് അല്പം മുമ്പ് എന്നെ സെക്രട്ടറിയ റ്റിനു മുന്നിൽ പ്രസംഗവേദിയിൽ വിട്ട് മധു പോയി. കാറിൽ നിന്നിറങ്ങിയ പ്പോൾ ശ്രീദേവി മുൻസീറ്റിൽ കയറി യപ്പോൾ മധു പറഞ്ഞു. വളരെ താംക്സ്, മോഹനൻ ചേട്ടാ. ഞാൻ ചോദിച്ചു. എന്തിന്? മധു മറുപടി ചിരിയിൽ പൊതിഞ്ഞു നൽകി. എല്ലാ റ്റിനും.

അടുത്ത ദിവസം രാവിലെ മധുവിന് ടൈം കൊടുക്കാതെ അപ്പോയന്റ്മെന്റില്ലാതെ വരുന്ന ആ ഏക അതിഥി മധുവിനെ കൂട്ടിക്കൊ ണ്ടുപോയി. എന്നെന്നേക്കുമായി.

ആർത്തിയോടെ കാത്തിരുന്ന തൈക്കാട് ശ്മശാനത്തിലെ പഴുത്ത തീജ്വാലകൾ മധുവിന്റെ ഭൗതിക ശരീരത്തെ ആവാഹിച്ച് സ്വന്തമാ ക്കിയ ദൃശ്യം ഏതോ സ്പിൽബെർഗ് സിനിമയുടെ ഭാഗമായേ എനിക്കു തോന്നിയുള്ളു. അന്നവിടെ കൂടിയ നൂറു കണക്കിന് സ്നേഹിതരും, ബന്ധുക്കളും അതിനുശേഷം മിക്ക വാറും എന്നും എന്നെക്കാണുന്ന സാഹിത്യ കലാരംഗത്തെയും പത്ര മാദ്ധ്യമങ്ങളിലെയും രാഷ്ട്രീയത്തി ലെയും സുഹൃത്തുക്കളും ചരമക്കു റിപ്പുകളിലെ ഔപചാരികതയിലൂടെ യല്ല, മധുവിനെക്കുറിച്ച് ഓർമ്മകൾ പങ്കിട്ടിരുന്നത് എന്നത് തികച്ചും അസാധാരണമായ അനുഭവമായി രുന്നു. ആ ഓർമ്മകൾക്ക് ജീവനുണ്ട്. എന്റെ സെൽഫോണിലെ റിംഗ്ടോൺ എന്നെ അത് എപ്പോഴും ഓർമ്മിപ്പി ക്കുന്നുമുണ്ട്.

മധുവിനോട് ഞാൻ രഹസ്യ മായി പറഞ്ഞിട്ടുണ്ട്.

നമുക്ക് ഇനി ലുംബിനിയിൽ വച്ചു കാണാം. ഏതു തലത്തിലാ യാലും.

●

കവിത

# ഏക ഭാവന

എൻ. രുഗ്മിണിഭായി, വാരനാട്

ആടിമാസം പോയല്ലോ
ആവണി മാസം വന്നല്ലോ
മാലോകർക്കും മാളോർക്കും
ഓണം വന്നല്ലോ - സമത്വ സുന്ദര
ഓണം വന്നല്ലോ-

ആടിയിരുട്ടു നീങ്ങട്ടെ
ആവണിവെട്ടം വീശട്ടെ
അനശ്വരഗീതം പാടാനായ്
മനുഷ്യസ്നേഹികൾ കൂടട്ടെ.
(ആടി...)

എല്ലാ മതവും ഘോഷിക്കും
മാവേലി മന്നനെ എതിരേല്ക്കനാൻ
പൂവും താലവുമേന്തീ നമ്മൾ
പൂവിറുക്കാൻ പോകുന്നേ- ഞങ്ങൾ
പൂവിറുക്കാൻ പോകുന്നേ.
(ആടി...)

കാലദോഷം വന്നാലും
ഓണപ്പാട്ടിനു കുറവില്ലേ
ആടിപ്പാടി ഘോഷിക്കും
കേരളസന്തതികൾ
(ആടി...)

ഓണം നാലും വന്നപ്പോൾ
തേങ്ങും മനസ്സുകളില്ലല്ലോ
ഉള്ളിൽ നിറയും സ്നേഹവുമായ്
ബന്ധമൂട്ടി ഉറപ്പിച്ചേ - നമ്മൾ
ബന്ധമൂട്ടി ഉറപ്പിച്ചേ
(ആടി...)

വാഴ്ത്തു നമ്മുടെ മാബലിയെ
താഴ്ത്താൻ വന്ന വാമനെയും
പൂക്കളമിട്ടു പുഞ്ചിരിതൂകി
നെയ്ത്തിരി കത്തിച്ചേ... ഞങ്ങൾ
നെയ്ത്തിരി കത്തിച്ചേ
(ആടി...)

സത്യം ചെയ്തൊരു മാബലിയും
ധർമ്മം നോക്കാൻ വന്നില്ലേ
പ്രജകളുമൊരുമിച്ചൂണു കഴിക്കാൻ
ഓണം നാളിൽ വന്നില്ലേ
(ആടി...)

ഇഷ്ടം തോന്നിയ മാബലിയെ
കഷ്ടപ്പാടുകൾ നീക്കീട്ടും
മൃഷ്ടഭോജന മേകാനായ്
തുഷ്ടത്തോടെയിരുന്നില്ലേ
(ആടി...)

ഏകഭാവനയോടെ നാം
കാത്തിരുന്നൊരു കാലടികൾ
ഇനിയും വരണമീവഴിനീ
ദൈവത്തിന്റെ നാട്ടിൽ നീ
(ആടി...)

പുല്ലാംകുഴലിൽ ഈണവുമായ്
പല്ലവി പാടി നിന്നില്ലേ
മന്നനെ നോക്കി കൈകൂപ്പാൻ
അന്നപ്പാലിൻ അമൃതേകാൻ
(ആടി...)

മനുഷ്യബന്ധമുറപ്പിക്കാൻ
മനസ്സിലൊത്തിരി മോഹവുമായ്
നദം നിലാവിൽ ചേർന്നില്ലേ
കേരളമക്കൾ നാമെല്ലാം
(ആടി)

മനസ്സിലുത്സവമാകട്ടെ
പലവിധ കേളികളാടട്ടെ
മനുഷ്യസ്നേഹമൂട്ടി വളർത്താൻ
ഓണം വനന്നോട്ടെ - നമ്മുടെ
ഓണം വന്നോട്ടെ.
(ആടി...)

ആത്മവീര്യമുദിക്കട്ടെ
രാഗദ്വേഷവുമണയട്ടെ
ഓണപ്പൂത്തിരി കത്തിച്ചും
ഓണപ്പാട്ടുകൾ പാടട്ടെ.
(ആടി...)

ഹൃത്തായിട്ടും വാടികളിൽ
സത്തായീടും ചിന്തകളാൽ
ദ്രോഹിക്കാതെ കൂടുകനാം
ഓണത്തിരുനാളിൽ - തിരു-
വോണത്തിരുനാളിൽ

●



# എക്സൈസിലെ ഓർമ്മകൾ

## 5

**റ്റി.ആർ. രാമവർമ്മരാജ**

തലക്കുനേരെ മുകളിൽ മീൻ പിടിക്കുന്ന വലിയ വല വന്നു വീണപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. നാലഞ്ച് എക്സൈസുകാരും എന്നോടൊപ്പം വലയ്ക്കുള്ളിലായി. ഇനി ഒരു റെയിഡിന് വരാതിരിക്കാൻ ഉള്ള ഭീഷണിപ്പെടുത്തലാകാം. അതല്ലെങ്കിൽ അതിലിട്ട് ശ്വാസംമുട്ടിക്കാനായിരിക്കാം. അടുത്തടുത്തുള്ള കുടിലുകളിലും വെളിപ്രദേശങ്ങളിലും ഒട്ടനവധി അടുപ്പുകളുടെ മുകളിൽ വാറ്റുപകരണങ്ങൾ ഘടിപ്പിച്ച് വൻതോതിൽ ചാരായം വാറ്റ് നടക്കുകയാണ്. ആരെ പേടിക്കണം? വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഘട്ടനത്തിനുശേഷം ഈ ഭാഗത്ത് എക്സൈസ്കാരുടെ റെയിഡേ ഇല്ല.

കടൽത്തീരമാണ്. കാറോ മറ്റു വാഹനങ്ങളോ ചെന്നെത്തുകയില്ല. അങ്ങോട്ടു കടക്കാൻ വളരെ ഇടുങ്ങിയ ഒരു പാലം മാത്രമേയുള്ളൂ. വാൻ റോഡിൽ നിർത്തി ഏകദേശം 250 മീറ്ററെങ്കിലും ഓടിവേണം വാറ്റ് കേന്ദ്രത്തിൽ എത്താൻ. തൊണ്ടി സാധനങ്ങളായ ചാരായം, കോട, വാറ്റ് ഉപകരണങ്ങൾ മുതലായവയോടൊപ്പം പ്രതിയെ പിടിച്ചെങ്കിലോ എതിർപ്പില്ലാതെ കീഴടങ്ങും.

ചാരായം വാറ്റികൊണ്ടിരുന്ന ഒരാൾ ഞങ്ങളെ കണ്ട് എല്ലാം തല്ലിപ്പൊട്ടിച്ച് ഓടിയപ്പോൾ പുറകേ ഞാനും വിട്ടു. വലതു കയ്യിൽ നീട്ടിപിടിച്ച 303 റൈഫിളും ഇടതുകയ്യിൽ സന്തതസഹചാരിയായ വടിയും. കടപ്പുറത്തു മണലിൽ കൂടിയുള്ള എന്റെ ഓട്ടത്തിന് വേഗതപോരെന്നു തോന്നി. കടപ്പുറത്തു ജീവിക്കുന്ന ആളിന്റെ പുറകേയാണ് എന്റെ ഓട്ടം എന്നോർക്കണം. ഇതിനെല്ലാറ്റിനും പുറമേ കാക്കി ഉടുപ്പിന്റെ പോക്കറ്റിൽ 5 വെടിയുണ്ടകളും സൂക്ഷിച്ചിട്ടുണ്ട്. റൈഫിളും റൗണ്ട്സും ഞാൻ റെയിഡ് സമയത്ത് സ്റ്റാഫിനെ ഏൽപ്പിക്കാറില്ല. അവിചാരിതമായോ, അശ്രദ്ധമൂലമോ അവർ ദുരുപയോഗപ്പെടുത്തിയാലും കേസിൽ ഞാൻ ഒന്നാം പ്രതിയാകും. സ്വകാര്യ പരാതിയായേ ഞങ്ങളുടെ കേസുകൾ കോടതി സ്വീകരിക്കൂ. സ്വരക്ഷയ്ക്കുവേണ്ടി വെടിവെച്ചതാണെന്ന് തെളിയിക്കേണ്ട ബാധ്യതയും ഞങ്ങളുടെ ഭാഗത്ത്. ഇക്കാരണങ്ങളൊക്കെയാണ് ഞാൻ തന്നെ അവ കൈവശം വെക്കുന്നത്. കൊണ്ടുനടക്കാനുള്ള അസൗകര്യം കാരണം ബയണറ്റ് കൊണ്ടു നടക്കാറുമില്ല. ഓടി ഓടി ഞാൻ പ്രതിയെ പിടികൂടിയപ്പോഴേക്കും ഞങ്ങൾ മറിഞ്ഞു വീണു. അപ്പോഴാണ് റൈഫിളിന്റെ 'ബട്ട്' കൊണ്ട് പ്രതിയുടെ മൂക്ക് മുറിഞ്ഞത്. മൂക്കിൽ നിന്ന് മടാ മടാ വരുന്ന ചോര കണ്ട് ഞാൻ ഭയന്നുപോയി. അവിചാരിതമായി പറ്റിയതാണെന്നും വിഷമമുണ്ടെന്നും തടിച്ചു കൂടിയ ആളുകളോട് പറഞ്ഞത് അവർക്ക് സ്വീകാര്യമായി, പ്രതിക്കും. എന്നാലും ജനം വിട്ടില്ല. വല ഞങ്ങളുടെ മേൽ വീശിക്കഴിഞ്ഞിരുന്നു.

കായികശേഷിയുള്ള മീൻ പിടിത്തക്കാരാണ് വല അടുപ്പിക്കുന്നത്. എങ്ങനെ രക്ഷപെടുമെന്ന് വിഷമിച്ചിരിക്കുമ്പോഴാണ് ഗാർഡ് സുകുമാരൻ നായർ എന്റെ കയ്യിൽ നിന്ന് റൈഫിൾ തട്ടിപ്പറിച്ചത്. ഞാൻ കയ്യയച്ചുകൊടുത്തു. വേണ്ടിവന്നാൽ വെടിവെച്ചാൽ മാത്രമേ ഇവിടെ നിന്ന് രക്ഷപെടാനാകു. സുകുമാരൻ നായർ പറഞ്ഞു. 6 അടിക്കുമേൽ പൊക്കമുള്ള സുകുമാരൻ നായരുടെ കെട്ടും മട്ടും കണ്ടാൽ പറയുന്നതുപോലെ തന്നെ പ്രവർത്തിക്കും എന്നെനിക്ക് തോന്നി. പോക്കറ്റിൽ നിന്ന് റൗണ്ട്സ് എടുത്ത് ഞാൻ അയാളെ ഏൽപിച്ചു. റൈഫിൾ ലോഡ് ചെയ്ത് കൈകളിലേന്തി മുന്നോട്ടാഞ്ഞ് അയാൾ അലറി "വല നീക്ക് അല്ലെങ്കിൽ വെടിവെക്കും. ജീവനാശത്തിന് ഞങ്ങൾ ഉത്തരവാദികളുമല്ല". കാഞ്ചിവലിക്കുന്നതു വ്യക്തമായി കണ്ട മല്ലമാർ വല നീക്കി. ഞങ്ങൾ പുറത്തുവന്നു.

അപ്പോഴുണ്ട് അങ്ങു തെക്കു ഭാഗത്തായി ഒരു വൻ ബഹളം കേൾക്കാം. ഞങ്ങൾ അങ്ങോട്ടോടി. അവിടെ രണ്ട് എക്സൈസുകാർ ഒരു സ്ത്രീയെ പിടിച്ചുനിർത്തിയിരിക്കുന്നു. ചുറ്റും ഒരു കൂട്ടം ആളുകൾ. കാര്യം അന്വേഷിച്ച് അടുത്തുചെന്നപ്പോൾ ആ സ്ത്രീ പറയുകയാണ് "എന്നെ തൊടാൻ ഇവർക്കെന്തധികാരം? ഏമാന് അധികാരം ഉണ്ട്" എന്നു പറഞ്ഞ് മാറിൽ ജാക്കറ്റിനടിയിൽ താഴ്ത്തിവെച്ചിരുന്ന ചാരായം നിറച്ച മൂന്നുനാലു ചാരായക്കുപ്പികൾ പുറത്തെടുത്ത് എന്നെ ഏൽപ്പിച്ചു. പാവം ധരിച്ചു വെച്ചിരിക്കുന്നത് ഇൻസ്പെക്ടർക്കു മാത്രമേ ചാരായം പിടിക്കാൻ അധികാരം ഉള്ളു എന്നാണ്.

വലിയ കുഴപ്പങ്ങൾക്ക് ഇട കൊടുക്കാതെ മൂന്നാല് കേസുകൾ രജിസ്റ്റർ ചെയ്ത് തൊണ്ടി സാധനങ്ങളും പ്രതികളുമായി പാലം കടന്ന് റോഡിൽ എത്തി വണ്ടിയിൽ കയറി. വണ്ടി വിട്ടതിനുശേഷമാണ് ശ്വാസം നേരെ വീണത്. പ്രതികളെയും തൊണ്ടിസാധനങ്ങളും അമരവിള റയിഞ്ച് ഓഫീസിൽ ഏൽപിച്ച് തിരുവനന്തപുരത്തേക്കു തിരിച്ചു പോരുമ്പോൾ ഡിപ്പാർട്ടുമെന്റിലെ പെടാപ്പെടല് കാര്യമായി ഓർത്തുപോയി. അപ്പോൾ ഞാൻ തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഇൻസ്പെക്ടർ. വർഷം 1964. സ്ഥലം പൊഴിയൂർ.

(തുടരും)

കവിത

# മഴക്കാലം



മഴമേഘക്കീറുകൾ മാനത്തു കണ്ടുമറന്നീല
മഴയുടെയാരവം കേട്ടു മതിയായതുമില്ല
മഴത്തുള്ളികൾ താഴെപ്പതിക്കുന്നതീണത്തിൽ
വീഴുന്നു പാറുന്നു മേലാകെത്തുമ്പികൾ!
തുള്ളിയ്ക്കൊരുകുടമെന്നപോലിറ്റുന്നു
വെള്ളത്തുള്ളികൾ പളുങ്കുമണികൾ പോലവെ
വെള്ളമൊഴുകുന്നു കൈത്തോടായ്, കുളമായ്,
തടാകമായ്
വെള്ളിമണിച്ചിലമ്പുകളിടുവിക്കുന്നിതുർവ്വിയെ
മഴപ്പൂവുകൾ വിരിയുന്നു മന്ദമായ്
സുഗന്ധം പൊഴിക്കുന്നു ഹൃദ്യമായ്
മഴക്കാറ്റുകൾ വീശുന്നു രാഗത്തിൽ
മഴക്കാല സംഗീത സമ്മോഹ സാന്ദ്രമായ്
മഴവെള്ളപ്പാച്ചിലിൽച്ചവുട്ടിക്കളിക്കുവാൻ
കുടചൂടിപ്പായും കിടാങ്ങൾക്കുത്സാഹമായ്
മഴപ്പനി വന്നുപോം ഭീതി പൂണ്ടമ്മമാർ
കേഴുന്നു 'മക്കളേ അരുതെ'ന്നു വിലക്കുന്നു.
വയലേതു കുളമേതെന്നറിയുവാൻ കഴിയീല
പാടവും പറമ്പും കുളവുമൊന്നായ്ച്ചമഞ്ഞിതേ
മഴവെള്ളക്കുഴികൾ ചതിക്കുഴികളായ് മാറവേ
മഴ തന്റെ വികൃതിയെപ്പഴിക്കുന്നു പഴമക്കാർ
താളനിബദ്ധമായ്പ്പെയ്യും മഴയിതു
വർണ്ണ വളപ്പൊട്ടുകൾ സൂക്ഷിക്കുമെൻ ഹൃത്തിൽ
സുന്ദരസ്വപ്നങ്ങൾ നെയ്തെടുത്തീടുന്ന
സുന്ദരിയാണീ മഴക്കാലമെപ്പൊഴും
പൊകൊല്ലപോകൊല്ലയീമഴക്കാലമേ
പുതുമഴ വർഷിച്ചു ധന്യയായ്ത്തീരുക
ജീവജാലങ്ങൾക്കമൃതു പകർന്നു നീ
ജീവന്റെ ജീവനായ്പ്പെയ്തിറങ്ങീടുക!

**ലളിത കെ.വർമ്മ**
പിലാത്തറ



കവിത

# ശുഭരാത്രി

ചെന്താമരാഭ ചൊരിയും പകലിനോ-
ടന്തിമയാത്രയും ചൊല്ലി
അസ്തമനാർക്ക,നാനീലാംബുധിപൂകി
വിസ്തരിച്ചൊന്നു കുളിക്കാൻ
വേഗമൊരുങ്ങിപ്രകൃതി, രജനിക്കു
സ്വാഗതമോതുവാനായി
അർണ്ണവം തന്നലച്ചാർത്തിനാൽ സന്ധ്യയ്ക്കു
വെൺമുത്തുമാലകൾ ചാർത്തി
നെഞ്ചുമയക്കുന്നവണ്ണം കുയിലുകൾ
പഞ്ചമരാഗത്തിൽ പാടി
മന്ദാനിലൻ തന്റെ പുല്ലാങ്കുഴലിനാൽ
മംഗല്യസംഗീതം മൂളി
ചേലിൽ കിളികൾ തൻ കാകളകൂജന-
ത്താലേയുലകം കുളിർത്തു.
പച്ചക്കുടകളുയർത്തിത്തരുനിര
മെച്ചത്തിലങ്ങനെ നിന്നു
വെൺചാമരങ്ങൾ പോൽ കാറ്റാടിവൃക്ഷങ്ങൾ
വിണ്ണിനേ നോക്കിയുലഞ്ഞു.
സുന്ദരസൗരഭ്യസൂനലതാദിയാൽ
ഹന്ത, വിഭൂഷിതയായി
ബന്ധുരകാന്തികലർന്നുവിലസി ഹാ
സുന്ദരിയാളാം പ്രകൃതി.
സന്ധ്യാവധൂ ടി തന്നാനനം വ്രീളയാൽ
ചന്തം ചുവന്നു തുടുത്തു
വർണ്ണാഭയാർന്നു വിലസും സുരമ്യമാം
സ്വർണ്ണത്തകിടിനു ചുറ്റും
കണ്ണുമയക്കും മധുരമനോഹര-
വർണ്ണോജ്ജ്വലങ്ങളായ് മിന്നും
എണ്ണമറ്റുള്ള സുവർണ്ണമണികളാൽ
തുന്നിവിചിത്രമായ് നെയ്ത
നീലനിലാവിന്റെ കാന്തികലരും തൻ
നീലാംബരമിങ്ങെറിഞ്ഞ്
ഓടിയൊളിച്ചൊരു സന്ധ്യയെയങ്ങെങ്ങും
തേടിനടന്നു നിലാവും
നീലനിലാവിന്റെ നൂലിഴ ചാലിച്ച
ചേലെഴും ചേല ധരിച്ച്
മന്ദമണഞ്ഞ രജനിക്കു സ്വാഗത-
മന്ത്രണമോതീ പ്രകൃതി
പാരിൽവിശാലമാം പൂമലർവാടിയിൽ
പാരം പ്രഭാപൂരംതൂകി
സംഭ്രാന്തനേത്രയായ് പൂർണ്ണേന്ദുവേഗത്തി-
ലംബരമദ്ധ്യേ ഗമിച്ചു.
അസ്സവീയുഗ്മങ്ങൾ നിസ്വാർത്ഥ ചിത്തരായ്
സസ്വൈരസല്ലാപം ചെയ്തു
പാരമസൂയാവിവശരായിക്കാഴ്ച
താരകളൊക്കെയും നോക്കി.

**വത്സലാരവിവർമ്മ**

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം ~ 4

# മാണിക്കൻ

**കെ. ഹരികൃഷ്ണ വർമ്മ**

എല്ലാ ഗ്രാമങ്ങളും സൂക്ഷ്മമായി വീക്ഷിച്ചാൽ സാദൃശ്യമുള്ളവയാണ്. നാട്ടിൻപുറത്തിന്റെ ഉള്ളിലൂടെ ചുറ്റി ത്തിരിഞ്ഞ് പോകുന്ന ഗ്രാമപാതയും ഗ്രാമത്തിന്റെ ഏകദേശം മദ്ധ്യഭാഗ ത്തായി സ്ഥിതി ചെയ്യുന്ന ക്ഷേ ത്രവും അമ്പലക്കുളവും ആൽത്ത റയും വയലേലകളും തെങ്ങിൻ തോപ്പുകളും സ്നേഹവും നിഷ്ക്കള ങ്കതയും കൈമുതലായുള്ള കുറച്ചു ഗ്രാമീണരും മനുഷ്യരോളം തന്നെ പ്രാധാന്യമുള്ള കുറച്ചു വളർത്തുമൃ ഗങ്ങളും എല്ലാം ചേരുമ്പോൾ ഒരു കൊച്ചു ഗ്രാമമായി. ഗ്രാമങ്ങൾക്കു പൊതുവെ ഒരു ശാലീനതയും ശാന്ത തയുമാണ്. നാഗരികരുടെ ഒരിക്കലും അവസാനിക്കാത്ത തിരക്കുകളും നാട്യങ്ങളും ഗ്രാമീണരിൽ ഒരിക്കലും കാണാൻ സാധിക്കുകയില്ല. അമ്പല ക്കുളത്തിൽ കുളിക്കാൻ വരുന്നവരും ആൽത്തറയിൽ വെടി പറഞ്ഞിരിക്കു ന്നവരും ഗ്രാമത്തിലൂടെ അത്യപൂർവ്വ മായി മാത്രം കടന്നുപോകുന്ന ബസ്സിനു വേണ്ടി മണിക്കൂറുകളോളം കാത്തുനിൽക്കുന്നവരും ഒരിക്കലും അക്ഷമ കാണിക്കാറില്ല. അവർക്ക് ഒരു ദിവസം ഒരു ജോലി എന്നതാണു കണക്ക്. ആ ജോലി കഴിഞ്ഞാൽ പിന്നീടുള്ള സമയം അമ്പലപ്പറ മ്പിലോ പീടികയുടെ മുൻപിലോ ചെലവഴിക്കാൻ അവർ സന്തോഷ ത്തോടെ തീരുമാനിക്കും.

തദ്ദേശീയ ജർമ്മൻ കർഷക തൊഴിലാളിയാണു മാണിക്കൻ. എനിക്കു ഏകദേശം പത്തു വയസ്സു ള്ളപ്പോൾ മുതൽ എന്റെ തറവാട്ടിലെ നിത്യ സന്ദർശകനാണ്. അന്നു മാണി ക്കനു ഇരുപതു വയസ്സ് പ്രായം ഉണ്ടാ കും. ഏതു ജോലിക്കും അവൻ മുൻപിലാണ്. അതുകൊണ്ടുതന്നെ എന്റെ അച്ഛനു മാണിക്കനെ വലിയ ഇഷ്ടവുമായിരുന്നു. മിക്കവാറും എല്ലാ ദിവസവും കാലത്തു ഞാൻ ഞങ്ങളുടെ തെക്കേ മുറ്റത്തു നിന്നും തെക്കോട്ടു നോക്കുമ്പോൾ ഞങ്ങ ളുടെ പാടശേഖരത്തിന്റെ തെക്കേ അറ്റത്തു മാണിക്കൻ പ്രത്യക്ഷപ്പെടും. ലോകത്തുള്ള എല്ലാ സമയവും എടുത്ത് മന്ദം മന്ദം വരമ്പിലൂടെയും പാടത്തു കൂടിയും നടന്നു തെക്കേ മുറ്റത്തുള്ള നെല്ലിമരച്ചുവട്ടിലെത്തി നിൽക്കും. മുറ്റത്തു വന്നു അച്ഛനെ കണ്ടു കഴിഞ്ഞാൽ അന്നത്തെ മാണി ക്കന്റെ ജോലി തീരുമാനിക്കപ്പെടും. പിന്നെ പല്ലുതേപ്പു മുതൽ അന്നത്തെ ഭക്ഷണമെല്ലാം അവിടെത്തന്നെയാ ണ്. ഭക്ഷണം സുഭിക്ഷമാണെങ്കിലും കൂലി ഒന്നു പിടിച്ചേ അച്ഛൻ കൊടു ക്കൂ. അവധി ദിവസങ്ങളിൽ ഞാൻ മിക്കവാറും മാണിക്കന്റെ കൂടെ തന്നെ ആയിരിക്കും. നാട്ടിലെ എല്ലാ വാർത്തകളും സരസമായി വർണ്ണിക്കു ന്നതിൽ മാണിക്കന്റെ വിരുത് അപാ രമാണ്. പൊടിപ്പും തൊങ്ങലും വെച്ചു ഒരു ചെറിയ സംഭവം ഒരു ചെറുകഥയേക്കാൾ മനോഹരമാ ക്കും. പരിഹാസമാണു മുഖമുദ്ര. വേറൊരു കർഷക തൊഴിലാളി കുടുംബമാണു ഗോപാലന്റെയും ഗൗരിയുടെയും. വൈകുന്നേരങ്ങ ളിലെ വീരഭദ്രസേവക്കു ശേഷം ഗോപാലൻ വീട്ടിലെത്തിയാൽ ഇവർ തമ്മിൽ ഒരു വഴക്കു പതിവാണ്. 'ഗോപാലക പാഹിമാം അനിശം' എന്ന കീർത്തനത്തെ അനുകരിച്ചു മാണിക്കൻ പാടും "ഗോപാലനും ഗൗരിയെ അരിശം". തറവാട്ടിലെ നെല്ലുണക്കുന്നതിനും മറ്റും പായ കൾക്കു പുറമേ നാലു തറപ്പോള (ടാർപ്പാളിൻ)കളും കോവിലകത്തു ഉണ്ടാകും. അവയുടെ അറ്റകുറ്റപ്പ ണിക്ക് പ്രായമായ ഒരു പണിക്കാരൻ ഒരു ദിവസം വന്നു. തെക്കേ മുറ്റത്തെ നെല്ലിമരത്തണലിൽ തറപ്പോളകൾ വിരിച്ചു അയാൾ പണി തുടങ്ങി. കുടി ക്കാൻ ഒരു വലിയ പാത്രത്തിൽ ചുക്കുവെള്ളവും ഒരു ഗ്ലാസ്സും ഞാൻ അവിടെ കൊണ്ടു വച്ചു. ആ സമയ ത്താണ് മാണിക്കൻ അവിടെ എത്തി യത്. തറപ്പോളപണിക്കാരൻ മാണിക്ക നോട് ചുക്കുവെള്ളത്തിന്റെ ഗുണ ഗണങ്ങൾ വിവരിച്ചുതുടങ്ങി. കുറെ നേരം ഇതു കേട്ടിട്ടു മാണിക്കൻ ചുക്കുവെള്ളം അപ്പാടെ എടുത്ത് ഒറ്റ വീർപ്പിന് കുടിച്ചുതീർത്തു. ഇത്രയും ഗുണങ്ങളുള്ള സാധനം ഒരു പരദേശി ഒറ്റക്കു കുടിക്കുന്നതു ശരിയല്ലെന്ന അടിക്കുറിപ്പോടെ. പാടത്തു പണിക്കു സ്ത്രീ തൊഴിലാളികളുടെ മേൽനോ ട്ടവും നിയന്ത്രണവും മാണിക്കനാണ്. എന്റെ ചെറിയച്ഛനും പെൻഷനായതി നുശേഷം കൃഷികാര്യങ്ങൾ നോക്കി യിരുന്നു. ചെറിയച്ഛനെ ഞങ്ങൾ അപഫൻ എന്നാണു വിളിക്കാറ്. പാടത്തു ഞാറുനടലോ കളപറി ക്കലോ ഒക്കെ ഉള്ള ദിവസങ്ങളിൽ പണി കഴിഞ്ഞു വൈകുന്നേരമായാൽ അപ്ഫനും മാണിക്കനും കൂടി ചർച്ച ആരംഭിക്കും. അന്നത്തെ ജോലിക ളുടെ അവലോകനവും അടുത്ത ദിവ സത്തെ ജോലികളുടെ തയ്യാറെടുപ്പു

കളുമാണു ചർച്ചകളുടെ ഉള്ളടക്കം. അപ്ഫൻ കോവിലകത്തിന്റെ വടക്കേ ഇറയത്തുള്ള കൊമ്പുപടിയിൽ ഇരിക്കും. മാണിക്കൻ മുറ്റത്തു മണലിലും, അപ്ഫനു ഒരു പ്രത്യേകതയുണ്ട്. ഓരോ വാചകം കഴിയുമ്പോഴും ചോദ്യഭാവത്തിലൊന്നു മൂളും. ശ്രോതാവ് ഉത്തരമായും ഒന്നു മൂളണം. ഒരു ദിവസം ചർച്ച കൂടുതൽ നീണ്ടപ്പോൾ വൈകിട്ടത്തെ 'കലാപരിപാടി'കൾക്കു തടസ്സം ഉണ്ടാകുമെന്നു ഭയന്നു മാണിക്കൻ ഒരു കാച്ചു കാച്ചി. "വേഗം പറ തമ്പ്രാനേ, മൂളി മൂളി അർശസ്സിറങ്ങി". ചർച്ച പിറ്റേന്നത്തേക്കു മാറ്റി. മാണിക്കൻ കുറച്ചകലെ ഒരു ഗ്രാമത്തിലെ മറ്റൊരു ജർമ്മൻ വനിതയുമായി പ്രേമത്തിലായി. രക്തഹാരത്തിന്റെ ആൾക്കാരായതിനാൽ സഖാക്കൾ വിവാഹാലോചനയുമായി പെൺവീട്ടിലെത്തി ചർച്ച ചെയ്തു. കല്യാണത്തീയതി ഉറപ്പിച്ചു. കൂടെ പോയിരുന്ന മാണിക്കൻ സഖാക്കളോടു പിറകേ എത്തിക്കൊള്ളാമെന്നു പറഞ്ഞു മടക്കിയിട്ടു അവിടെത്തന്നെ തങ്ങി. വൈകിട്ട് ഒരു സിനിമ കാണാനെന്നു പറഞ്ഞു പ്രതിശ്രുത വധുവിനെയും കൂട്ടി മാണിക്കൻ സ്വന്തം വീട്ടിലേക്കു പോന്നു. രാത്രി വൈകിയുവതിയെ കാണാതെ വീട്ടുകാർ മാണിക്കന്റെ വീട്ടിലെത്തിയപ്പോൾ അവൻ പേടിച്ചു ഒളിക്കാനിടമില്ലാതെ വീടിന്റെ കഴുക്കോലിൽ തൂങ്ങിക്കിടന്നു. വവ്വാലിനെ മാതിരി. വിവരമറിഞ്ഞു ഞാൻ ചോദിച്ചു "ഇത്ര പേടിയുള്ളവൻ എന്തിനാണു ഈ പണിക്കു പോയത്?" മാണിക്കന്റെ മറുപടി ആയിരുന്നു രസകരം. "ഞാൻ നോക്കിയപ്പം ഒരയ്യായിരം രൂപ എങ്കിലും വേണം കല്യാണത്തിന്. അയ്യായിരം പോയിട്ട് അഞ്ഞൂറെടുക്കാൻ പോലും വശമില്ല. ഇതിപ്പോൾ ഇരുപതു രൂപയ്ക്കു കാര്യം നടന്നു." ഒരാടിനെ മാത്രമാണ് സ്ത്രീധനം കിട്ടിയതെന്നു ഞങ്ങൾ കുറെക്കാലം കളിയാക്കിയിരുന്നു. മാണിക്കന്റെ കഥകൾ ധാരാളമുണ്ട്. ഒരു പേജിലധികം എഴുതരുതെന്നു കുട്ടൻ ചേട്ടന്റെ കൽപ്പന ഉള്ളതിനാൽ ബാക്കി ഇനി ഒരിക്കൽ.

നാട്ടിലെ "പ്രഗത്ഭനായ" ഒരു വൈദ്യരുടെ കഥയുമായി അടുത്തലക്കത്തിൽ വീണ്ടും കാണാം. ●



ലഘുപാചകം

## മലർപാവ്

| | | |
|---|---|---|
| മലര് | - | മൂന്നു കപ്പ് |
| അവിൽ | - | അര കപ്പ് |
| ശർക്കര | - | ഒരു ഉണ്ട |
| തേങ്ങ (ചിരവിയത്) | - | ഒരു കപ്പ് |
| രസകദളിപ്പഴം (ഞാലിപ്പൂവൻ) (ചെറുതായി മുറിച്ചത് | - | ഒന്ന് |
| ഏലക്കാപ്പൊടി | - | സ്വാദിന് |
| നെയ്യ് | - | ഒന്നര ടേബിൾസ്പൂൺ |
| പഞ്ചസാര | - | ഒരു ടേബിൾ സ്പൂൺ |

*തയ്യാറാക്കുന്ന വിധം*

അര സപൂൺ നെയ്യൊഴിച്ച് പഴം വരട്ടി വയ്ക്കുക. തേങ്ങാ മിക്സിയിൽ ഒന്നടിച്ചെടുക്കുക. അര കപ്പ് വെള്ളമൊഴിച്ച് ശർക്കര ഉരുക്കി അരിച്ചെടുക്കുക. പാനി ചെറുതീയിൽ വച്ച് ഇളക്കി കുറുകുമ്പോൾ (കൂടുതൽ മുറുകരുത്) തേങ്ങയിട്ട് ഒരു മിനിട്ട് ഇളക്കുക. അവിലും മലരും, ഏലക്കാപ്പൊടിയും, പഴവും ബാക്കി നെയ്യും ചേർത്തിളക്കി യോജിപ്പിച്ച് വാങ്ങുക. മലർപാവ് ഒരു പരന്ന പാത്രത്തിലേക്ക് മാറ്റി മുകളിൽ പഞ്ചസാര വിതറി ആറിയതിനുശേഷം ഉപയോഗിക്കുക.

## മസാല വട

**ശാരദാവർമ്മ**

| | |
|---|---|
| വടപരിപ്പ് | - ഒരു കപ്പ് |
| കടലപ്പരിപ്പ് | - അര കപ്പ് |
| സവാള വലുത് (ചെറുതായി അരിഞ്ഞത്) | - ഒന്ന് |
| പച്ചമുളക് (വട്ടത്തിൽ നുറുക്കിയത്) | - രണ്ട് |
| ഇഞ്ചി (കൊത്തി അരിഞ്ഞത്) | - അര ടീസ്പൂൺ |
| കുരുമുളക് | - ഒരു ടീസ്പൂൺ |
| പട്ട | - ഒരു ചെറിയ കഷണം |
| ഗ്രാമ്പൂ | - രണ്ട് |
| പെരുംജീരകം | - ഒരു നുള്ള് |
| മല്ലിയില (ചെറുതായി അരിഞ്ഞത്) | - രണ്ട് ടേബിൾസ്പൂൺ |
| കറിവേപ്പില (അരിഞ്ഞത്) | - ഒരു ടേബിൾസ്പൂൺ |
| വെള്ളം | - ആവശ്യത്തിന് |
| പാചകഎണ്ണ | - വറുക്കാൻ വേണ്ടത് |
| ഉപ്പ് | - പാകത്തിന് |

*തയ്യാറാക്കുന്നവിധം*

വടപ്പരിപ്പും, കടലപ്പരിപ്പും കുതിർത്ത് അരച്ചെടുക്കുക. മൂന്നാമത്തെ ചേരുവകൾ നന്നായി അരച്ചെടുത്ത് രണ്ടാമത്തെ ചേരുവകളും, മല്ലിയില, കറിവേപ്പില, ഉപ്പ് ഇവയെല്ലാം കൂടി പരിപ്പിൽ ചേർത്ത് കുഴച്ചെടുക്കുക. ചെറിയ ഉരുളകളാക്കി കൈവെള്ളയിൽ വച്ച് അമർത്തി തിളച്ച എണ്ണയിലിട്ട് വറുത്ത് കോരുക. ചൂടോടെ ഉപയോഗിക്കുക

ചെറുകഥ



# കുടിവെള്ളം വരുത്തിയ വിന

**ഹൈമവതിവർമ്മ, ചേർത്തല**

**വേ**മ്പനാട്ടുകായലിനും അറബിക്കടലിനുമിടയ്ക്ക് സ്ഥിതി ചെയ്യുന്ന അതിമനോഹരമായ ഒരു കൊച്ചുഗ്രാമം. അതിന്റെ "ലാന്റ് മാർക്ക്" ആണ് കോയിക്കൽ കോവിലകം. മുന്നൂറു കൊല്ലത്തിലേറെ പഴക്കമുണ്ട്. അന്തസ്സും ആഭിജാത്യവും സമ്പത്തും നിറഞ്ഞിരുന്ന ആ കോവിലകത്തെ തമ്പുരാക്കന്മാർ ദാനവും ദയയും വാത്സല്യവും വാരിക്കോരി കൊടുത്തിരുന്ന കാലം ഇപ്പോഴും ഗ്രാമവാസികളിൽ പലർക്കും ഓർമ്മയുണ്ട്. അവിടുത്തെ അവസാനകണ്ണിയായ ലക്ഷ്മിദേവിത്തമ്പുരാട്ടി, ഭർത്താവായ വിഷ്ണുദാസ് ഭട്ടതിരിയുടെ മരണശേഷം പേരക്കുട്ടികളുമൊത്ത് വിദേശത്തേക്ക് പോയിട്ട് കാലം കുറച്ചായി.

വർഷങ്ങളായി കോവിലകത്തെ കാര്യസ്ഥനും ആശ്രിതനും വഴികാട്ടിയും ആയിരുന്ന കൃഷ്ണവാരിയരും സഹധർമിണി നങ്ങേലിക്കുട്ടി വാരസ്യാരും മാത്രമാണ് ഇപ്പോൾ അവിടെ ഉള്ളത്. അവർ താമസിക്കുന്നത് കോവിലകത്തിന്റെ മുൻവശത്തുള്ള പടിപ്പുരയിലാണ്. വാരിയർ മരിച്ചിട്ട് ഇപ്പോൾ പത്തു വർഷമായി. ഒരേ ഒരു മകൻ ജയകൃഷ്ണവാരിയർ ഭാര്യവീട്ടിൽ താമസം. ജലസേചനവകുപ്പിൽ ജോലി. ഇടയ്ക്ക് വരും.

കൃഷ്ണവാരിയർ ജീവിച്ചിരുന്ന കാലത്ത് ഭാര്യയും ഭർത്താവും ചേർന്ന് പടിപ്പുര ചായ്പിൽ ഒരു പൂക്കടയും ചെറിയ രീതിയിലൊരു ചായക്കടയും നടത്തിയിരുന്നു. കാലം മാറിയപ്പോൾ ഉപജീവനത്തിനു വേണ്ടിയാണ്. പിന്നെ ആൾതാമസമില്ലാത്ത കോവിലകത്തിന്റെ മുറ്റത്തും പറമ്പിലും ഒരു അനക്കവും ഒച്ചയുമൊക്കെ ആവുമല്ലോ. പൂക്കടയിൽ വലിയ ചെലവൊന്നുമില്ല. പക്ഷേ ചായക്കടയിൽ നല്ല തിരക്കാണ്. ഇഡ്ഡലിയും സാമ്പാറും ചായയും മാത്രം. നങ്ങേലിഅമ്മ മൂലയ്ക്ക് ഒരു കസേരയിലിരുന്ന് കണക്ക് നോക്കി പൈസ വാങ്ങും. അടുക്കളയിൽ സഹായിക്കാനും സപ്ലൈ ചെയ്യാനും ഒരു പയ്യൻ മാത്രം. വാര്യർ എല്ലാത്തിനും മേൽനോട്ടം. അടുത്തുള്ള പ്രൈമറി സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും പിന്നെ ഗ്രാമത്തിലെ ഏക കമ്പനിയിൽ ജോലി ചെയ്യുന്ന കുറച്ച് ചെറുപ്പക്കാരും. എല്ലാവർക്കും നല്ല മതിപ്പ്. ഒരു രൂപയ്ക്ക് രണ്ട് ഇഡ്ഡലിയും ചായയും എവിടെ കിട്ടും? പോരെങ്കിൽ ഇഡ്ഡലി രണ്ടു വാങ്ങിയാലും കുസൃതിക്കുട്ടികൾ സാമ്പാർ മൂന്നുനാലു തവണ വാങ്ങി കോരിക്കുടിക്കും. വയറും നിറയും. വാര്യർക്കും ഭാര്യയ്ക്കും ഇതിൽ പരാതിയൊന്നുമില്ല.

കൃഷ്ണവാരിയർ മരിച്ചതിൽ പിന്നെ കട പൂട്ടി. എല്ലാവരും നിർബന്ധിച്ചെങ്കിലും ഒറ്റയ്ക്ക് ചായക്കട നടത്താൻ നങ്ങേലിഅമ്മ തയ്യാറായില്ല.

പക്ഷേ ഇന്നും അവിടെ തിരക്കുണ്ട്. എന്തിനെന്നോ? കോവിലകത്തെ കിണറ്റിൽ നിന്ന് വെള്ളം കോരാനും കുടിക്കാനും വീടുകളിലേക്ക് കൊണ്ടുപോകാനും– വീട്ടുകാരെക്കാൾ പ്രസിദ്ധി ആ കിണറിനാണ്. കരിക്കിൻ വെള്ളത്തിനെക്കാൾ തെളിമയും സ്വാദും ഉള്ള വെള്ളം. നല്ല തണുപ്പ്, പരിശുദ്ധി. എത്ര കോരിയാലും തീരില്ല. ഒരിക്കലും വറ്റിയിട്ടില്ല. ആളുകൾക്ക് എത്ര കുടിച്ചാലും മതിവരില്ല. കൊട്ടാരത്തിൽ നിന്ന് കോവിലകം പണിതുകൊടുക്കുന്നതിനുമുമ്പു തന്നെ ആ കിണർ അവിടെ ഉണ്ടായിരുന്നുവത്രെ. നല്ല താഴ്ചയുണ്ട്. ചുവട്ടിൽ വലിയ വലിയ കരിങ്കൽ ചിപ്പികൾ, കരിക്കട്ടകൾ, പിന്നെ എന്തൊക്കെയോ. കിണറ്റിനു ചുറ്റുമുള്ള മതിൽ കരിങ്കല്ലിൽ പണിതത്. കപ്പിയും കയറും ഇടാൻ രണ്ടുതൂണും. ചുറ്റും ചെറിയ തിണ്ണയും. എല്ലാം കരിങ്കല്ലുമയം. വെള്ളം കോരുമ്പോൾ കപ്പി ഉരുളുന്ന ശബ്ദം ദൂരെ വരെ കേൾക്കാം.

അകലെ താമസിക്കുന്ന ബന്ധുക്കൾ എല്ലാവരും ഗ്രാമത്തിലെ ഭഗവതിക്ഷേത്രത്തിലെ ഉത്സവത്തിന് എത്തും. ഒരാളും കോവിലകത്തെ കിണറ്റിലെ ഒരു കവിൾ വെള്ളം കുടിക്കാതെ മടങ്ങില്ല. ദാഹവും ക്ഷീണവും തീരും. തൊണ്ടയിലൂടെ തണുപ്പ് നെഞ്ചിലും വയറിലുംവരെ പടരും. ശരീരത്തിനും മനസ്സിനും ഉന്മേഷം. കടയിൽ കിട്ടുന്ന മധുരപാനീയങ്ങളെക്കാൾ എത്ര മഹത്വം! അവർ അതിന് ഒരു പേരുമിട്ടു. 'മായകിണർ'. ഗ്രാമത്തിലെ വറ്റാത്ത നീരുറവ ആയിരുന്നു ആ മായകിണർ.

ഇവിടെയാണ് കഥയുടെ ചുരുളഴിയുന്നത്. നാട്ടുകാരുടെ ആരോഗ്യവും ആയുസ്സും കൂട്ടാനായി സർക്കാർ പുതിയ കുടിവെള്ള പദ്ധതി കൊണ്ടുവന്നു. ശാന്തസുന്ദരമായ ആ ഗ്രാമത്തിലും അതിന്റെ അലയടികൾ എത്തി. കൂറ്റൻ പൈപ്പുകൾ, വലിയ യന്ത്രവണ്ടികൾ, ചെവിക്കല്ലുപൊട്ടുന്ന ഒച്ചയും ബഹളവും. പൈപ്പ് താഴ്ത്താൻ മണ്ണ് കുഴിച്ചപ്പോൾ മുതൽ തുടങ്ങി ആ ഗ്രാമത്തിന്റെ കഷ്ടകാലം. കുളങ്ങളും കിണറുകളും വറ്റിത്തുടങ്ങി. എല്ലാം ഉണങ്ങിവരണ്ടു. പച്ചപ്പട്ടു പുതച്ചിരുന്ന ഗ്രാമം കരിമ്പടം കൊണ്ട് മൂടിയതുപോലെയായി. വിലയും നികുതിയും

കൊടുത്ത് സമയാസമയങ്ങളിൽ മാത്രം കിട്ടാൻ പോകുന്ന (മിക്ക പ്പോഴും കിട്ടാതെയും വരുന്ന) വെള്ള ത്തിന്റെ ബുദ്ധിമുട്ട് നാട്ടുകാർ ദുഃസ്വപ്നം കണ്ടു. 'ആദ്യം മണ്ണ്, പിന്നെ വെള്ളം- ഇനി വായു' എല്ലാം നശിക്കും. വയസ്സന്മാർ പിറുപിറുത്തു.

അവിചാരിതമായിട്ടാണ് നങ്ങേ ലിഅമ്മയുടെ വീട്ടിലേക്ക് ഒരു അതിഥി എത്തിയത്. സമയം സന്ധ്യ കഴിഞ്ഞു. സുമുഖനായ ചെറുപ്പക്കാ രൻ. അനുവാദത്തിന് കാത്തു നിൽക്കാതെ അകത്തേക്ക് കടന്നു.

"ആരാണ്"വാരസ്യാർ അല്പം പേടിയോടെ ചോദിച്ചു. 'ഞാൻ ശരത്ചന്ദ്രൻ. മുത്തശ്ശിയുടെ ജയ കൃഷ്ണന്റെ മകൻ'. മുത്തശ്ശിക്ക് പിടി കിട്ടി. തന്റെ ഒരേ ഒരു മകന്റെ ഒരേ ഒരു പുത്രൻ. ജലസേചനവകുപ്പിൽ ജോലിചെയ്തിരുന്ന അച്ഛന്റെ കൂടെ നടന്ന് പലതും കണ്ടുപഠിച്ച ശരത് ഒടുവിൽ ഒരു എഞ്ചിനീയറായി. പഠിച്ചതും ഇപ്പോൾ ജോലി ചെയ്യുന്നതും പുറം രാജ്യത്താണെ ന്നു മാത്രം. ഒരു ഇടക്കാല അവധിക്ക് നാട്ടിൽ വന്നതാണ്.

പല വർത്തമാനങ്ങളും പറ ഞ്ഞ് രാത്രി കഴിഞ്ഞു. രാവിലെ എ ണീറ്റതും ശരത് ആദ്യം പോയത് ആ കിണറിനടുക്കലേക്കാണ്. അച്ഛൻ മുത്തശ്ശിയുടെ അടുത്ത് പോയിട്ട് മട ങ്ങുമ്പോൾ കൊണ്ടുവന്നിരുന്ന പല സാധനങ്ങളിലൊന്ന് ഒരു വലിയ പ്ലാസ്റ്റിക്ക് ക്യാൻ നിറയെ കോവില കത്തെ കിണറ്റിൻവെള്ളമാണ്. അതിന്റെ സ്വാദവും ഓർമ്മയും അവ നിലിന്നും ഉണ്ട്. പക്ഷേ കിണർ വറ്റി ക്കിടക്കുന്നു. ഒരു തുള്ളി വെള്ളമില്ല. എല്ലാ ഉറവുകളും നിന്നിരിക്കുന്നു.

കാരണം മനസ്സിലാക്കാൻ അധികം സമയം വേണ്ടിവന്നില്ല. ശ രതിനെ കാണാൻ ഗ്രാമത്തിലെ എല്ലാ വരും എത്തി. ചെറുപ്പക്കാരും കുട്ടി കളും അയാളുമായി എന്തോ ചർച്ച ചെയ്യുന്നു. പട്ടണത്തിൽ പോയി എന്തൊക്കെയോ കൊണ്ടുവരുന്നു. നങ്ങേലിഅമ്മയ്ക്ക് ഒന്നും മനസ്സിലാ യില്ല. പക്ഷേ രണ്ടുദിവസം കഴിഞ്ഞ് ശരത് കിണറ്റിലിറങ്ങി പണിതുടങ്ങി യപ്പോൾ മുത്തശ്ശിക്ക് പേടിതോന്നി. അപകടം വല്ലതും സംഭവിച്ചാലോ? കിണറ്റിനുചുറ്റും ഒരാൾക്കൂട്ടം തന്നെ യുണ്ട്. മണിക്കൂറുകൾക്കുശേഷം ശരത് വിളിച്ചുപറഞ്ഞു. 'മുത്തശ്ശി. ഇതാ വെള്ളം വരുന്നു.' എല്ലാവരും കിണറ്റിലേക്ക് എത്തിനോക്കി. ശരിയാ ണ്. നീരുറവകൾ ഒന്നൊന്നായി പൊട്ടിവരുന്നു. വെള്ളം പതുക്കെ പതുക്കെ കിണറ്റിലേക്ക് ഒഴുകിവന്നു. കുട്ടികൾ ആർത്തുവിളിച്ചു.

അപ്പോഴാണ് റോഡരുകിൽ കിടക്കുന്ന കറുത്ത വലിയ പൈപ്പ് അവർക്ക് ഓർമ്മ വന്നത്. അവർ അതിനുനേരേ കല്ലുവാരിയെറിഞ്ഞു. ''രാക്ഷസൻ'' അമർഷത്തോടെ ഉറക്കെ ആക്രോശിച്ചു.

ആ കല്ലേറ് ആരുടെ നേർക്ക് ആയിരുന്നുവോ എന്തോ? ●

## സമസ്യാപൂരണം

*വ്രജകുമാരകൻവേണുഗായകൻ*
*വ്രജപുരിക്കതിൽവാണിടുംവിധൗ*
*ഉരഗമൂർദ്ധ്നിയിൽചെയ്തനർത്തനം*
*തെളിയുകെൻമനോദർപ്പണത്തിലായ്*

**പി. കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
ചന്ദ്രപുരി

*ഒരു സമസ്യ തൻ പൂരണത്തിനായ്*
*ഇവിടിരുന്നു ഞാൻ ചിന്ത ചെയ്യവേ*
*കളമൃദുസ്മിതം തൂകി, വാണി നീ,*
*തെളിയുകെൻ മനോദർപ്പണത്തിലായ്.*

**സി.കെ. രവീന്ദ്രവർമ്മ, സാരംഗ,**
**ചിറയ്ക്കൽ കോവിലകം**

*വിരസതകളെപ്പോക്കി വിദ്യയാം*
*വരമരുളുവാൻ ശ്രീ സരസ്വതി*
*വിനയഭാവമായ് വീണമീട്ടി നീ*
*തെളിയുകെൻ മനോദർപ്പണത്തിലായ്*

**പുതിയ കോവിലകം രാജ കൃഷ്ണൻ**

*പ്രമദഗോപികാമാനസം കവർ-*
*ന്നെരിയുമഗ്നിയിൽ തൈലസേചനം*
*സരസമേകീടും പ്രേമചോരനൻ*
*തെളിയുകെൻ മനോദർപ്പണത്തിലായ്*

**രാഘവവർമ്മ. കെ., അനന്തപുരം**

### അവതാരകന്റെ പൂരണം

*കറുകറുത്തതാം കുന്തളത്തിലായ്*
*വിലസിടും മയിൽപ്പീലി ജാലവും*
*അളകഭംഗിയാർന്നോരുനെറ്റിയും*
*തെളിയുകെൻ മനോദർപ്പണത്തിലായ്*

### അടുത്ത ലക്കത്തിലേക്കുള്ള സമസ്യാപൂരണം

*'പണം പിടുങ്ങാനൊരു സൂത്രമല്ലോ"*
വൃത്തം : ഉപജാതി
ലക്ഷണം: ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും കലർന്നു വന്നാൽ 'ഉപജാതി'
1, 3, പാദങ്ങൾ ഇന്ദ്രവജ്ര 2, 4 പാദങ്ങൾ ഉപേന്ദ്രവജ്ര
ലക്ഷണം: ഇന്ദ്രവജ്ര: തതം ജഗംഗം
ഉപേന്ദ്രവജ്ര: ജതംജഗംഗം
**(അവതാരകൻ : കെ. രാഘവവർമ്മ, അനന്തപുരം)**

**സമസ്യാ പൂരണങ്ങൾ ലഭിക്കുന്നതിൽ ചിലത് വൃത്തനിബദ്ധമല്ല എന്നു കാണുന്നു. അങ്ങിനെയുള്ള പൂരണങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല – പത്രാധിപർ**



# നാട്ടുഫലിതങ്ങൾ

- ഒരു കുടവയറൻ നമ്പൂരി സദ്യ ഉണ്ടുകൊണ്ടിരിക്കുകയാണ്. വയർ വീർത്തിരിക്കുന്നു. ഇലയിൽ ചോറ് കഷ്ടിയാണെന്നു കണ്ടപ്പോൾ വിളമ്പുകാരൻ നമ്പൂരിയോടു ചോദിച്ചു. "അസാരം ചോറു വിളമ്പട്ടോ?" നമ്പൂരി ''എന്റെ ഇലയിൽ ചോറില്ലെങ്കിൽ വിളമ്പിക്കോളൂ"

- സാധനം വാങ്ങാൻ കടയിൽ ചെന്ന ഒരാൾ കടക്കാരനോട് ചോദിച്ചു "ഈ പേക്കറ്റിനെന്താ വില?"
  കടക്കാരൻ "ഒന്നിന് 15 രൂപ, രണ്ടെടുത്താൽ 25 രൂപ, മൂന്നെടുത്താൽ കുറച്ചുകൂടി കുറയും. എത്രവേണം?"
  സാധനം വാങ്ങാൻ വന്നയാൾ "ഉം. നിൽക്കട്ടെ. എത്ര പേക്കറ്റ് എടുത്താൽ വെറുതെ കിട്ടും?"

- മൂക്കറ്റം സദ്യ വെട്ടിവിഴുങ്ങിയ നമ്പൂരി കൂട്ടുകാരോടൊപ്പം നടന്നുപോകുകയാണ്, ഇല്ലത്തേക്ക്. നടക്കാൻ തീരെ വയ്യ. ദൈന്യഭാവത്തിൽ കൂട്ടുകാരെ നോക്കി. കൂട്ടുകാർ നമ്പൂരിയെ എടുത്ത് ഇല്ലത്തെത്തിച്ചു.
  ഒരാൾ ചോദിച്ചു "ഉം. ഇപ്പോൾ എങ്ങിനെയുണ്ട് സുഖമായോ? വൈദ്യരെ വിളിക്കണോ?"
  നമ്പൂരി മറുപടി പറഞ്ഞു. "ഓ സാരമില്ല നടക്കാൻ മടിയായതുകൊണ്ട് ഞാൻ ഒരു സൂത്രം പ്രയോഗിച്ചുവെന്നേയുള്ളൂ."

- ഒരു വിദ്യാർത്ഥി മറ്റൊരു വിദ്യാർത്ഥിയോട്
  "നീ ഏതു ക്ലാസിലാണ് പഠിക്കുന്നത്?"
  "ഞാൻ മൈനസ് ടുവിൽ"
  "മൈനസ് ടുവിലോ? ഞാൻ കേട്ടിട്ടില്ലല്ലോ, പ്ലസ് ടു കേട്ടിട്ടുണ്ട്"
  "അതെ. 8-ാം ക്ലാസിൽ. 10-ൽ നിന്നു 2 കിഴിക്കുക."

- ഒരാപ്പീസിൽ ഒരു ഹർജി കൊടുത്ത് മൂന്നുമാസം കഴിഞ്ഞ് അന്വേഷിച്ചപ്പോൾ ഹെഡ്ക്ലാർക്ക് പറഞ്ഞു ബന്ധപ്പെട്ട ആൾ പ്രസവാവധിക്ക് നാട്ടിൽ പോയിരിക്കയാണെന്ന്. വീണ്ടും ആറുമാസം കഴിഞ്ഞ് അന്വേഷിച്ചു "ലീവു കഴിഞ്ഞ് തിരിച്ചുവന്നില്ലെന്ന്"
  ഞാൻ ദേഷ്യത്തോടെ പ്രതിവചിച്ചു "ഇത്രകാലം പ്രസവമോ? സുകര പ്രസവമാണോ സർ"

- തൊണ്ണൂറ് ശതമാനം കഷണ്ടിയുള്ള ഒരാൾ ബാക്കിയുള്ള 10% മുടികളയാൻ വൈദ്യുതിദീപമുള്ള ബാർബർഷാപ്പിൽ കയറി കസേലയിൽ ഉപവിഷ്ഠനായി. പതിവുപോലെ പുതപ്പിട്ടപ്പോൾ ലൈറ്റുപോയി.
  ബാർബർ പറഞ്ഞു ''ലൈറ്റ് പോയല്ലോ എന്താ ചെയ്യാ". കഷണ്ടിക്കാരൻ പരിഹാരമാർഗ്ഗം നിർദ്ദേശിച്ചു.
  ''ഛേ! വൈദ്യുതി ഇല്ലെങ്കിലെന്താ കുഴപ്പം? ആ മെഴുകുതിരി കത്തിച്ച് എന്റെ തലയുടെ മദ്ധ്യേ ഫിറ്റുചെയ്ത് ക്ഷൗരം തുടങ്ങിക്കോ. എനിക്കല്പം തിരക്കുണ്ട്."

- അദ്ധ്യാപകൻ കുട്ടിയോട് "സമ്പന്നൻ എന്ന വാക്കിന്റെ അർത്ഥം പറയൂ"

കുട്ടി : 'കുറച്ച് താടിയുള്ളവൻ'
അദ്ധ്യാപകൻ: 'ഛേ എന്തർത്ഥമാണ് നീ പറഞ്ഞത്?
കുട്ടി ''അതൊ സർ, സം + പന്നൻ. സം = കുറച്ച്; പന്ന = താടി."
അദ്ധ്യാപകൻ :- 'യൂനിവേർസിറ്റി' അർത്ഥം പറയൂ
കുട്ടി:- ''യൂനിയനെ കൊണ്ട് വേഴ്സായ സിറ്റി"

**എൻ.എം.കെ. ഉണിത്തിരി**
ചെറുതാഴം

*പത്രാധിപക്കുറിപ്പ്.....*

ശൃങ്ങൾക്കായി നൽകാൻ ഇന്ന് ഹൈദ്രാബാദിലെ MASPAK എന്ന സ്ഥാപനത്തിന് സാധിക്കുന്നു എന്നത് വിക്രമൻചേട്ടനെ സംബന്ധിച്ചിടത്തോളം "പരിശ്രമം ചെയ്യുകിലെന്തിനേയും കരത്തിലാക്കാൻ കഴിവുള്ളവണ്ണം'' എന്ന പഴമൊഴി തികച്ചും അന്വർത്ഥമാക്കുംവിധമായിരുന്നു.

രാഷ്ട്രമീമാംസയിൽ ബിരുദാനന്തരബിരുദധാരിയായ വിക്രമൻ ചേട്ടൻ ഇന്ത്യൻ നേവിയിലും അറ്റോമിക് എനർജി വകുപ്പിലും സുരക്ഷാ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അനുഷ്ഠിച്ചിട്ടുള്ള സേവനം രാജ്യരക്ഷാരംഗത്തെ പുതിയ കാൽവയ്പ്പിന് പ്രേരകമായിരുന്നിട്ടുണ്ടാവാം. ആർ.വി. തമ്പാന്റെ മറ്റൊരു വ്യവസായ സംരംഭമായ പേപ്പർ പൾപ്പ് മൗൾഡിംഗ് മെഷീൻ ചേർത്തലയ്ക്കു സമീപം മായിത്തറയിലുള്ള ഫാക്ടറിയിൽ നിർമ്മിച്ച് ഇന്ത്യക്കകത്തും വിദേശങ്ങളിലേക്കും കയറ്റി അയച്ചു വരുന്നു.

ക്ഷത്രിയ സമുദായത്തിന്റെ ഉത്ക്കർഷത്തിനും കേരളത്തിലെ ക്ഷത്രിയ സംഘടനകളുടെ പ്രവർത്തനങ്ങൾക്കും വിക്രമൻ ചേട്ടൻ കയ്യയച്ച് സംഭാവനകൾ നൽകി വന്നിരുന്നു എന്നത് ഏറെ ചാരിതാർത്ഥ്യത്തോടെ ഇവിടെ സ്മരിക്കുന്നു. ഹൈദ്രാബാദിൽ പ്രവർത്തനമാരംഭിച്ച 'ദർപ്പണം' എന്ന ക്ഷത്രിയസംഘടനയുടെ മുഖ്യരക്ഷാധികാരി കൂടിയായിരുന്നു ആർ.വി. തമ്പാൻ എന്നതും ശ്രദ്ധേയമായ വസ്തുതയാണ്. അദ്ദേഹം തുടങ്ങിവച്ച വ്യവസായസംരംഭത്തിന് മേൽക്കുമേൽ അഭിവൃദ്ധിയുണ്ടാകട്ടെയെന്നും സമുദായ സേവനരംഗത്തെ അദ്ദേഹത്തിന്റെ പാത കുടുബാംഗങ്ങൾ പിന്തുടരട്ടെയെന്നും പ്രാർത്ഥിക്കുന്നു. ആ പുണ്യാത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാവനസ്മരണക്കു മുമ്പിൽ ക്ഷത്രിയ ക്ഷേമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



## വളരുന്ന പ്രതിഭകൾ

**അഖിൽ സുകുമാർവർമ്മ**



അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രവേശനപരീക്ഷയിൽ ഒൻപതാം ക്ലാസുതലത്തിൽ സംസ്ഥാനത്ത് ഒന്നാംറാങ്കു കരസ്ഥമാക്കിയ അഖിൽ സുകുമാർ വർമ്മ. കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് സുകുമാർ ആർ.വർമ്മയുടെയും (എൻജിനീയർ, അബുദാബി) ചെന്നിത്തല മേനാംവിള കോവിലകത്ത് അമ്മിണി എസ്.വർമ്മയുടെയും മകനാണ്.

**രഞ്ജിത്ത്വർമ്മ. കെ**



ഇലിങ്ങാലക്കുട കൊരമ്പ് മൃദംഗ കളരിയിൽ നിന്നും വിക്രമൻ നമ്പൂതിരിയുടെ കീഴിൽ മൃദംഗ പഠനം പൂർത്തിയാക്കിയ രഞ്ജിത്ത് വർമ്മ കെ. അവിട്ടത്തൂർ കൊട്ടാരമഠത്തിൽ കെ. രാജു വർമ്മയുടെയും തഴവാകാവറും കടമഠത്തിൽ സതിവർമ്മയുടേയും മകനാണ്. 2007-08 ൽ തൃശൂർ റവന്യൂ ജില്ലാ കലോത്സവത്തിൽ മൃദംഗവാദനത്തിൽ II[nd] A grade ലഭിച്ചു. ശ്രീ. ശ്രീ. രവിശങ്കറിന്റെ ജന്മദിനത്തോടനുബന്ധിച്ച് ബാംഗ്ലൂരിൽ വെച്ചുനടന്ന ആഘോഷങ്ങളിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ തഞ്ചാവൂർ ബൃഹദേശ്വരക്ഷേത്രം, മൂകാംബിക, ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം, തൊടുപുഴ ശ്രീകൃഷ്ണ ക്ഷേത്രം തുടങ്ങി അനേകം ക്ഷേത്രങ്ങളിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്നു.

**ചാന്ദിനി ജി**



മദ്രാസ് ഐ.ഐ.റ്റി യിൽനിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ചാന്ദിനി ജി. പന്തളത്ത് വടക്കേ കൊട്ടാരത്തിൽ ഗോദവർമ്മ രാജായുടെയും ലീലാഭായി തമ്പുരാട്ടിയുടെയും മകളാണ്. ഇപ്പോൾ ചെന്നൈ ഐ.ഐ.റ്റി.യിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെലോ ആണ്.

# ബാലവേദി

രണ്ടു കവിതകൾ

## മാരാരും ചെണ്ടയും

**കുട്ടി അനിയൻ രാജ**



*1. (മാരാർ ചെണ്ടയോട്)*

*കാച്ചണ്ട പാലിനതു വേണ്ടൊരു ശണ്ഠവേണ്ട*
*വേണ്ടെങ്കിൽ വേണ്ടയതുമിണ്ടരുതൊട്ടുമേ നീ*
*ഉണ്ടെങ്കിലുണ്ടു പരിപുഷ്ടികൾ പൂണ്ടു കൊള്ളു*
*മണ്ടണ്ടതെണ്ടിവലയേണ്ടടയെന്റെ ചെണ്ടേ*

*(2)*

*ഉണ്ടുണ്ടു നിന്നുടയതണ്ടുകൾ ഡിണ്ടിമങ്ങൾ*
*മണ്ടയ്ക്കുരണ്ടിഹതരുന്നതുമുണ്ടുവീണ്ടും*
*ചണ്ടിത്തരങ്ങൾ പറയല്ലൊരുതെല്ലുപോലും*
*വേണ്ടുന്നമട്ടിലുരിയാടണമെന്റെ ചെണ്ടേ*

*(3)*

*വേണ്ടുന്നമട്ടിലൊരുതാളമുതിർത്തുകൊണ്ടാൽ*
*പൂച്ചെണ്ടുകിട്ടുമണിയാനൊരു പാവുമുണ്ടും*
*കൊണ്ടാടിടേണ്ട വിധമായൊരു കോളതൊത്താൽ*
*കൊണ്ടാടിടേണമവിടുന്നിനിയെന്റെ ചെണ്ടേ!!*

**അഷ്ടമിരോഹിണി ആശംസയും ഓണാശംസയും**

*കർക്കിടകത്തിൽ കറുകറുനീങ്ങി-*
*ട്ടർക്കൻ നന്നായ് ശോഭിച്ചുള്ളൊരു*
*പൂക്കളമിട്ടൊരു പൊന്നിൻ ചിങ്ങം പൂക്കാറായ്*
*പൂവിളി - "പൊലിപൊലി,*
*പൂവേ പൊലിപൊലി*
*ഏവം നല്ലൊരു പൂവിളിയായ്*
*നാട്ടിൽ കൊട്ടും പാട്ടും ചേർന്നൊരു*
*പുത്തൻ ചിങ്ങം പൂക്കാറായ്*
*കാണാം നല്ലൊരു പുതു പുഞ്ചിരിയായ്*
*ച്ചേണാർന്നുള്ളൊരു രൂപത്തിൽ*
*വേണുവുമൂതിക്കണ്ണൻ തന്നെ*
*കാണാം കാണാം കണ്ണിനു പുണ്യം കോരി-*
*ക്കാണാമുണ്ണിക്കണ്ണൻ വന്നു*
*പിറന്നൊരു ചിങ്ങത്തെ*

# വാർത്തകൾ - വിശേഷങ്ങൾ

## സംസ്ഥാന ഭരണസമിതി

ക്ഷത്രിയക്ഷേമസഭ സംസ്ഥാന ഭരണസമിതിയുടെ മൂന്നാമതു യോഗം 2008 ജൂലൈ 20ന് രാവിലെ വൈക്കം കോലോത്തും കടവ് സപ്തതി ആഡിറ്റോറിയത്തിൽ വച്ച് രവിവർമ്മരാജായുടെ *(ക്ഷാത്ര സന്ദേശം പത്രാധിപർ)* അദ്ധ്യക്ഷതയിൽ കൂടി. 2008 ഫെബ്രുവരി 17-ാം തീയതി നീലേശ്വരത്തു വച്ചു നടന്ന യോഗത്തിനുശേഷം നമ്മെ വിട്ടു പിരിഞ്ഞ താഴെപ്പറയുന്ന ബന്ധുജനങ്ങളുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തി. അവരുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് സഭാംഗങ്ങൾ മൗനപ്രാർത്ഥന നടത്തി.

1. തങ്കമ്മ, അംബവിലാസം, വടക്കേനട, വൈക്കം
2. ടി.ആർ. രാമവർമ്മ തമ്പുരാൻ, തുളിശ്ശാല കോയിക്കൽ, കടപ്ര
3. ജി. ഉണ്ണികൃഷ്ണ പണ്ടാല തുണ്ടുമഠം, കരമന
4. ശാരദബായിതമ്പുരാട്ടി, തെക്കുംകൂർ പാലസ്, കോട്ടയം
5. രാമവർമ്മ കൊച്ചപ്പൻ തമ്പുരാൻ, തൃപ്പൂണിത്തുറ
6. ഭാസ്ക്കരവർമ്മ, മൂലക്കൽ കോയിക്കൽ, എഴുമറ്റൂർ
8. ഇന്ദുമതി തമ്പുരാട്ടി, ടെമ്പിൾ റോഡ്, തൃപ്പൂണിത്തുറ
9. ടി.എ. ലളിതബായി തമ്പുരാട്ടി, തുളിശാല കോയിക്കൽ, കടപ്ര
10. ജാതവേദൻ നമ്പൂതിരി, നാരായണ മംഗലം, ഇടപ്പാൾ
11. പി. ഗോദവർമ്മരാജ, രാജേന്ദ്ര സദൻ, പൂഞ്ഞാർ
12. സി. മുകുന്ദനുണ്ണി തിരുമുൽപ്പാട്, വെള്ളോടി ഭവനം, കോഴിക്കോട്
13. സന്താനവല്ലിതമ്പുരാട്ടി, മാവേലിക്കര കൊട്ടാരം
14. മധുവർമ, മഞ്ജുളാലയം, തിരുവനന്തപുരം
15. ടി. സഹദേവൻ, തെക്കൂട്ടുമഠം, അഞ്ചേരി
16. എച്ച്. എച്ച്. കാർത്തിക തിരുനാൾ ലക്ഷ്മിബായി തമ്പുരാട്ടി, കവടിയാർ കൊട്ടാരം
17. എം.കെ. ഉദയവർമ്മ രാജ, മണ്ണൂർമഠം, മാവേലിക്കര
18. രാധാവർമ്മ, തിരുവണ്ണൂർ
19. അംബിക കുട്ടിതമ്പാട്ടി, അറവാക്കൽ കോവിലകം, വൈക്കം
20. മനോരമ തമ്പുരാട്ടി, ചിറക്കൽ കോവിലകം കൊടുങ്ങല്ലൂർ
21 സരസ്വതിപിള്ളയാർതിരി, ചേലൂർ കോവിലകം, കരിവെള്ളൂർ
22 ഉമ്മുപിള്ളയാർതിരി, മണക്കാട്ടു മഠം, കരിവെള്ളൂർ
23. പി.സി.വി. രാജ, വഴുതനക്കാട്ട് കോവിലകം, വൈക്കം
24. ആശാസതീശൻ, കോശ്ശേരിമഠം, ഇടപ്പള്ളി
25. രത്നംവർമ്മ, വലവൂർ കോവിലകം, പഴയന്നൂർ
26. മാലിനിവർമ്മ, കുറുമന കോയിക്കൽ, തൃപ്പൂണിത്തുറ
27. എ.കെ. ലീല അമ്മ മൂത്തതമ്പുരാട്ടി, കിഴക്കേ കോവിലകം, നീലേശ്വരം

സഭ വിഭാവനം ചെയ്ത ക്ഷേമട്രസ്റ്റ് രജിസ്റ്റർ ചെയ്ത കാര്യം അദ്ധ്യക്ഷൻ യോഗത്തെ അറിയിച്ചു.

മഹാറാണി സേതുപാർവതി സ്മാരക സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം യോഗത്തെ അറിയിച്ചു.

പ്രവർത്തനറിപ്പോർട്ടും വരവു ചിലവു കണക്കും യോഗം ചർച്ച ചെയ്തു പാസ്സാക്കി.

**പ്രധാന തീരുമാനങ്ങൾ**

1. ക്ഷാത്രസന്ദേശം മാസികയുടെ പ്രചാരത്തിനായി വരിസംഖ്യ കുടിശ്ശിഖ എല്ലാ യൂണിറ്റും കൃത്യമായി പിരിച്ചെടുക്കുക, കൂടുതൽ വരിക്കാരെ ചേർക്കുക.

2. ക്ഷേമപ്രവർത്തനങ്ങൾക്ക്പ്രാധാന്യം നൽകുക.

3. ചാലക്കുടി യൂണിറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ജോബ് സെന്ററിന്റെ പ്രവർത്തനത്തിൽ ഓരോ യൂണിറ്റിൽ നിന്നും ഒരാളെങ്കിലും ഭാഗഭാക്കാകുക.

4. സെൻസസ്, വെബ്സൈറ്റ് എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.

5. വാർഷികപൊതുയോഗം 2008 ഒക്ടോബർ 19 ഞായറാഴ്ച കോഴിക്കോട് സാമൂതിരിഹാളിൽ വച്ചു കൂടുക.

## കരിവെള്ളൂർ ക്ഷത്രിയ ക്ഷേമസഭ

### പ്രവർത്തന റിപ്പോർട്ട്: ജൂൺ 2008

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് എക്സിക്യുട്ടീവ് കമ്മറ്റിയോഗം ജൂൺ 6-ന് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ കരിവെള്ളൂർ വങ്ങാട്ടുമഠത്തിൽ നടന്നു. ജോ. സെക്രട്ടറി യു.കെ. രാജവർമ്മ സ്വാഗതം പറഞ്ഞ യോഗത്തിൽ സെക്രട്ടറി എൻ.പി. ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സി. മാധവൻ, ഇ.എം. കൃഷ്ണകുമാർ, സി.കെ. രാജൻ, ഇ.എം. രവിവർമ്മ, എൻ.പി. പുരുഷോത്തമൻ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ഈ വർഷത്തെ എൻഡോവ്മെന്റ് വിതരണം 13-7-08ന് നടത്താൻ തീരുമാനിച്ചു. ശ്രീകാമാക്ഷി ട്രസ്റ്റിൽ മെമ്പർമാരാകുന്നത് സംബന്ധിച്ച കാര്യങ്ങൾ വിശദമായ ചർച്ചകൾക്കായി ജനറൽബോഡി യോഗത്തിലേക്ക് മാറ്റിവെച്ചു. യോഗത്തിൽ ടി.എം. ശ്രീകുമാർ നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

**ജനറൽബോഡിയോഗവും എൻഡോവ്മെന്റ് വിതരണവും**

ക്ഷത്രിക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ജനറൽബോഡി യോഗം 13-7-2008 ഞായറാഴ്ച

ഉച്ചയ്ക്ക് 3.30ന് ഓണക്കുന്നിലുള്ള പി.എം. സുബ്രഹ്മണ്യന്റെ ഭവനത്തിൽ നടന്നു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സംസ്ഥാന പ്രവർത്തകസമിതി അംഗം ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ യോഗത്തിന് ശേഷം അന്തരിച്ച സി.കെ. സരസ്വതി പിള്ളയാർതിരി അമ്മ, മണക്കാട് മഠത്തിൽ ഉമ്മുപിള്ളയാർതിരി അമ്മ എന്നിവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സെക്രട്ടറി റിപ്പോർട്ടും വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. പിന്നീട് 2008 വർഷത്തെ എൻഡോവ്മെന്റ് വിതരണ നടപടി ആരംഭിച്ചു. പി.എം. സുബ്രഹ്മണ്യൻ, എൻ.വി. നാരായണൻ ഉണിത്തിരി മെമ്മോറിയൽ ട്രസ്റ്റ് എന്നിവർ ഏർപ്പെടുത്തിയ എൻഡോവ്മെന്റിനും ക്യാഷ് അവാർഡിനും താഴെ കാണുന്ന കുട്ടികൾ അർഹരായി.

എസ്.എസ്.എൽ.സി./സി.ബി.എസ്.ഇ. വിഭാഗം

1. കുമാരി അനുശ്രീ അക്ഷയ് (കെ. അക്ഷയൻ, എം.എം. രേഖ ദമ്പതികളുടെ മകൾ) 93% മാർക്ക് (Rs. 1111/)

2. കുമാരി കവിത വർമ്മ (ടി. ആർ. സുദേവ വർമ, വി.എം. ഗീത ദമ്പതികളുടെ മകൾ) 90% മാർക്ക് (Rs. 1000/)

**പ്ലസ് ടു**

1. വരുൺ വർമ, (സി.കെ. പുരുഷോത്തമൻ, എൻ.പി. വസന്ത ദമ്പതികളുടെ മകൻ) 90% മാർക്ക് (Rs. 1500/)

2. ശ്രീജേഷ് വർമ (സി.കെ. രാജൻ, എൻ.വി.എം. പുഷ്പവല്ലി ദമ്പതികളുടെ മകൻ) 83.5% മാർക്ക് (Rs. 1000/)

ഡിപ്ലോമാ-ഐ.റ്റി.ഐ./പോളിടെക്നിക്ക്

ജയപ്രകാശ് കെ., (സി.കെ. കുഞ്ഞിനാരായണൻ, കെ. സത്യഭാമ ദമ്പതികളുടെ മകൻ) 69.5% മാർക്ക് (Rs. 2000/)



*ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിന്റെ ക്യാഷ് അവാർഡുകൾ സി.കെ. കേരളവർമ്മ (ചിറയ്ക്കൽ കോവിലകം) വിതരണം ചെയ്യുന്നു*

മേൽ കുട്ടികൾക്ക് പുറമെ ഇപ്പോൾ എസ്.എസ്.എൽ.സി. പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളായ കെ. വിവേക് S/o. ടി.എം.രാജമോഹനൻ, അഖിൽ കൃഷ്ണൻ S/o. എൻ.പി. ഉണ്ണികൃഷ്ണൻ, എൻ.കെ. രാഹുൽ S/o. എൻ. കെ. ലത എന്നിവർക്ക് പ്രോത്സാഹന സമ്മാനമായി 200 രൂപ വീതം നൽകി. വിശിഷ്ടാതിഥി സി.കെ. കേരള വർമ (ചിറക്കൽ കോവിലകം) എൻഡോവ്മെന്റുകളും ക്യാഷ് അവാർഡും വിതരണം ചെയ്തു. എൻ.കെ. നാരായണൻ ഉണിത്തിരി, എം.എം. കൃഷ്ണൻ ഉണിത്തിരി, സി. മാധവൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് സംഘടന ചർച്ച ആരംഭിച്ചു. ചർച്ചയിൽ വി.എം. കൃഷ്ണകമാർ, ഇ.എം. കൃഷ്ണകുമാർ, യു.കെ. രാജവർമ്മ, ടി.എം. രാജമോഹനൻ, സി.കെ. രാഘവൻ, സി.കെ. കുഞ്ഞിനാരായണ വർമ, എൻ.പി. ഉഷ ശ്രീധരവർമ, എൻ.പി. കാമാക്ഷി വർമ എന്നിവർ പങ്കെടുത്തു സംസാരിച്ചു. തുടർന്നു ടി.എം. ശ്രീകുമാർ കേന്ദ്രകമ്മിറ്റി അറിയിപ്പുകളും തീരുമാനങ്ങളും വിശദീകരിച്ചു. ഇപ്പോൾ യൂണിറ്റ് സെക്രട്ടറിയായ എൻ.പി. ബാലകൃഷ്ണനും, ട്രഷറർ ടി.എം. രാജമോഹനനും സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കാൻ അപേക്ഷച്ചതിനാൽ വി.എം. കൃഷ്ണകുമാറിനെ സെക്രട്ടറിയായും എൻ.പി. ബാലകൃഷ്ണനെ ട്രഷററായും തെരഞ്ഞെടുത്തു. ശ്രീകാമാക്ഷി ട്രസ്റ്റ് കാര്യത്തിൽ മെമ്പർമാർക്ക് യുക്താനുസരണം തീരുമാനമെടുക്കാവുന്നതാണെന്ന് യോഗം വിലയിരുത്തി. ഈ കാര്യത്തിൽ ക്ഷത്രിയക്ഷേമസഭ ഇപ്പോൾ ഇടപെടേണ്ടെന്നും തീരുമാനിച്ചു. വി, എം. കൃഷ്ണകുമാറിന്റെ നന്ദിപ്രകടനത്തോടെ യോഗം 5 മണിക്ക് അവസാനിച്ചു.

## തൃശൂർ ക്ഷത്രിയക്ഷേമസഭ

ക്ഷത്രിയക്ഷേമസഭ തൃശൂർ ഭരണസമിതിയോഗം 2008 ജൂലായ് 27 ഞായറാഴ്ച ശ്യാമളവിലാസ് അഞ്ചേരിയിൽ വെച്ചു നടന്നു.

പതിവുപോലെ ഓണം ആഘോഷിക്കുവാൻ നിശ്ചയിച്ചു. അതിലേക്കു വേണ്ട വിശദമായ കമ്മിറ്റി രൂപവത്കരിച്ചു. ശിവകരം വാർത്താപത്രികയെ ഏവരും അനുമോദിച്ചു. ഇപ്പോഴത്തെ ഇൻലൻഡ് രൂപത്തിൽ നിന്ന് പുരോഗതി വരുത്തി പുസ്തക രൂപത്തിലാക്കണമെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു. പ്രത്യേക ഓണപ്പതിപ്പ് ഇറക്കാനും തീരുമാനിച്ചു.

തൃശൂരിലെ പെയ്ൻ ആന്റ് പാലിയേറ്റിവ് കെയർ എന്ന സംഘടനയിലേക്ക് സഭ നല്കുന്ന സംഭാവന വിലയിരുത്തി. സഭ നേരിട്ട് നല്കുന്ന സദ്പ്രവർത്തനത്തിൽ പ്രതിമാസം ഒരു കുടുംബത്തെ സ്പോൺസർ ചെയ്യുന്നുണ്ട്. കൂടാതെ വ്യക്തിപരമായി പലരും സംഭാവന ചെയ്യുന്നുണ്ട്. പ്രതിവർഷം ഏകദേശം ഒരു ലക്ഷം രൂപയോളം ഇങ്ങനെ നല്കുന്നുണ്ടെന്ന കാര്യം അംഗങ്ങൾ ചാരിതാർത്ഥ്യത്തോടെ തിരിച്ചറിഞ്ഞു. ഈ സംഭാവന സംഘടനയിലൂടെ ചാനലൈസ് ചെയ്യാമെന്ന് അഭിപ്രായം ഉണ്ടായി. ഈ വർഷത്തെ വിദ്യാഭ്യാസനിധി പുരസ്കാരത്തിൽ

പ്ലസ്ടു വിഭാഗത്തിൽ സയൻസ്, നോൺ സയൻസ് എന്നുകൂടി വേർതിരിച്ച് അവാർഡ് നല്കാൻ തീരുമാനിച്ചു.

കുടുംബാംഗങ്ങളെല്ലാം ഒത്തുചേർന്ന് ഒരു ദിവസം ഒന്നിച്ചു താമസിക്കാൻ ഒരു വേദി 'കമ്മ്യൂണിറ്റി ലീവിംഗ്' എന്ന ആശയം നടപ്പിലാക്കുക വഴി കൂട്ടുകുടുംബം എന്ന് കേട്ടറിവു മാത്രമുള്ള യുലതലമുറയ്ക്ക് ഇത് പുതിയ ഒരനുഭവമാകും. ദൂരദേശങ്ങളിൽ വസിക്കുന്ന സമുദായാംഗങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഏതെങ്കിലും ആവശ്യങ്ങൾക്കായി ദൂരയാത്ര ചെയ്യേണ്ടിവരുന്നവർക്ക് അത് ഉപകരിക്കും.

## പന്തളം ക്ഷത്രിയ ക്ഷേമസഭ

2008 മാർച്ച് മാസത്തിൽ നടന്ന പൊതുയോഗത്തിനുശേഷം പുതിയ ഭരണസമിതി രണ്ടുതവണ സമ്മേളിക്കുയുണ്ടായി. സഭയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. അംഗങ്ങളുടെ കൂട്ടായ്മ ഉറപ്പാക്കുന്നതിനും സഭയുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് തീരുമാനിച്ചു. ഈ ഉദ്ദേശം കണക്കിലെടുത്തുകൊണ്ടു മെമ്പർമാരുടെ ഒരു ചിട്ടി തുടങ്ങുവാൻ തീരുമാനിക്കുകയും പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ പ്രതീക്ഷിച്ചതിലും കൂടുതൽ സഹകരണം മെമ്പർമാരിൽ നിന്നു ലഭിക്കുകയുണ്ടായി. ചിട്ടിയുടെ ആദ്യത്തെ നറുക്കെടുപ്പ് ചിങ്ങമാസം 1-ന് (ആഗസ്റ്റ് മാസം 17ന്) നടത്തുവാൻ തീരുമാനിച്ചു.

ഡോ. ബി. ഗിരീഷ് കുമാർ ബി.എ.എം.എസ്., എം.ബി.ബി.എസ്. എം.ഡി. (Gen.Med)/ പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ വിജയലക്ഷ്മി തമ്പുരാട്ടിയുടേയും തൃപ്പൂണിത്തുറ മംഗളമഠത്തിൽ പരേതനായ ഭരത് വർമ്മയുടെയും മകൻ) പഠിത്തം പൂർത്തിയാക്കി കുളനടയിലുള്ള മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ കൺസൾട്ടിംഗ് ഫിസിഷ്യനായി ചാർജ്ജെടുത്തു. കുടുംബാംഗങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ ആശ്വാസകരമായിരിക്കും എന്നതിൽ യാതൊരു സംശയുവുമില്ല.

പന്തളം വടക്കെ കൊട്ടാരത്തിലെ ജി. ചാന്ദിനിവർമ്മക്ക് (ഗോദവർമ്മ/ലീല വർമ്മ ദമ്പതികളുടെ മകൾ) ചെന്നൈ ഐ.ഐ.റ്റി. യിൽ നിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചു.

## തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ

ജൂൺ 1-ാം തീയതി യുവജന വിഭാഗമായ 'ക്ഷാത്രദീപ്തി'യുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ഏകദിന ക്യാമ്പ് നടന്നു. പ്രൊഫ. ആർ. വി.ജി. മേനോൻ, കെ.എൽ. ശ്രീകൃഷ്ണദാസ്, ടിഎൻ. ആദിത്യവർമ്മ എന്നിവർ സംസാരിച്ചു. പി.ജി. ശശികുമാർ വർമ്മയായിരുന്നു ക്യാമ്പ് ഡയറക്ടർ. അന്നുതന്നെ വൈകുന്നേരം തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ പ്രതിമാസ പരിപാടി ട്രിവാൻഡ്രം ഹോട്ടലിൽ നടന്നു. ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ഡോ. കെ. വിജയകുമാർ പ്രഭാഷണം നടത്തി. അംബികാവർമ്മ, മാസ്റ്റർ വിഷ്ണു ആർ. വർമ്മ എന്നിവർ ചേർന്നവതരിപ്പിച്ച വയലിൻ കച്ചേരിയും നടന്നു. എ.സി. ഗോദവർമ്മയാണ് ഈ പരിപാടി സ്പോൺസർ ചെയ്തത്. ജൂൺ 8-ാം തീയതി തിരുവിതാംകൂർ രാജകുടുംബാംഗവും പരേതനായ കേണൽ ഗോദവർമ്മരാജയുടെ സഹധർമ്മിണിയുമായ കാർത്തിക തിരുനാൾ തമ്പുരാട്ടി അന്തരിച്ചു. ജൂലൈ 14ന് എഴുത്തുകാരനും ഇൻഫർമേഷൻ സർവ്വീസ് ഉദ്യോഗസ്ഥനുമായിരുന്ന മധുവർമ്മ (മധു മഞ്ജുളാലയം) അന്തരിച്ചു. ആഗസ്റ്റ് 2ന് പ്രഗത്ഭ അദ്ധ്യാപകൻ എൽ.സി. രാമവർമ്മ (എൽപിആർ വർമ്മയുടെ സഹോദരൻ) അന്തരിച്ചു. ജൂലൈ 27ന് രാമായണമാസാചരണം നടന്നു. രാമായണപാരായണത്തിനു പുറമേ എ.സി. ഗോദവർമ്മയുടെ രാമായണ പ്രഭാഷണവും നടന്നു. കലാസാംസ്കാരികവേദി കൺവീനർ എസ്. അജയകുമാർ വർമ്മയുടെ നേതൃത്വത്തിൽ 'ഭജൻ' പരിപാടിയും നടന്നു. അടുത്തവർഷം മുതൽ ഏറ്റവും നന്നായി രാമായണം വായിക്കുന്ന ഒരു കുട്ടിക്ക് 501 രൂപയുടെ കാഷ് അവാർഡ് ഏർപ്പെടുത്തി. എ.സി. ഗോദവർമ്മ ഏർപ്പെടുത്തിയതാണീ അവാർഡ്. തിരുവനന്തപുരം സഭയുടെ ആഭിമുഖ്യത്തിൽ റീജന്റ് റാണി മാധ്യമ വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തി. (ഇതിന്റെ വിവരങ്ങൾ അന്യത്ര) അമ്മ മഹാറാണിയുടെ പേരിലും ഒരവാർഡ് അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്.

# സാംസ്ക്കാരിക വാർത്തകൾ

## റീജന്റ് മഹാറാണി മാധ്യമ പുരസ്കാരവും വിദ്യാഭ്യാസ പുരസ്ക്കാരവും

തിരുവിതാം കൂറിന്റെ സമഗ്രമായ വികസനത്തിന് ശ്ലാഘനീയ നേതൃത്വം നൽകി ഏഴുവർഷം തിരുവിതാംകൂർ ഭരിച്ച മഹാറാണി സേതുലക്ഷ്മീഭായിയുടെ സ്മരണ നിലനിർത്തന്നതിനായി തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയും മഹാറാണിയുടെ കുടുബാംഗങ്ങളും സംയുക്തമായി മാധ്യമ, വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

2007 ഏപ്രിൽ 1 മുതൽ 2008 മാർച്ച് 31 വരെ കേരളത്തിലെ സമകാലിക പ്രശ്നങ്ങളെ അധികരിച്ച് പ്രസിദ്ധപ്പെടുത്തിയ ഏറ്റവും മികച്ച ലേഖനമോ, ലേഖന പരമ്പരയോ ആണ് മാധ്യമ പുരസ്കാരത്തിനായി ഈ വർഷം പരിഗണിക്കുന്നത്. 15,001 രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്ക്കാര ജേതാവിന് നൽകുക.

2007-2008 അധ്യന വർഷത്തിൽ എസ്.എസ്.എൽ.സി., സി. ബി.എസ്.ഇ., ഐ.സി.എസ്.സി എന്നീ സ്കീമുകളിൽ നിന്ന് പത്താം ക്ലാസിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ക്ഷത്രിയ വിദ്യാർത്ഥി/ വിദ്യാർത്ഥിനിക്കാണ് വിദ്യാഭ്യാസ അവാർഡ് നൽകുന്നത്. 15,001/- രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്ക്കാരജേതാവിനു നൽകുന്നത്.

മാധ്യമ അവാർഡിനുള്ള അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയേഡാറ്റയോടൊപ്പം പരിഗണിക്കപ്പെടേണ്ട ലേഖനത്തിന്റെ മൂന്നു പ്രതികൾ പ്രസിദ്ധീകരണത്തിന്റെ തെളിവുസഹിതം സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവാർഡിന് ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പു സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 2008 ഒക്ടോബർ 25-ാം തീയതിക്കു മുൻപ് കിട്ടത്തക്കവിധം സെക്രട്ടറി, തിരുവനന്തപുരം ക്ഷത്രിയക്ഷേമ സഭ, സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം - 695 023 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## ഇരയിമ്മൻ തമ്പിയുടെ 152-ാം ചരമ വാർഷികാചരണം

മലയാണ്മയുടെ തനതു കലയായ ആട്ടക്കഥാസാഹിത്യത്തിന് അമൂല്യസംഭാവന നൽകിയ കവിസാർവ്വഭൗമൻ ഇരയിമ്മൻ തമ്പിയുടെ 152-ാമത് ചരമവാർഷികം ഇരയിമ്മൻ തമ്പി ട്രസ്റ്റിന്റെയും സ്മാരകസമിതിയുടെയും തിരുവനന്തപുരം ആകാശവാണിയുടെയും സംയുക്താഭിമുഖ്യത്തിൽ ജൂലായ് പതിനെട്ടിന് ഇരയിമ്മൻ തമ്പി സ്മാരക മന്ദിരത്തിൽ (വാരനാട്, നടുവിലെ കോവിലകം) ആചരിക്കുകയുണ്ടായി.

രാവിലെ 9 മണിക്ക് ഇരയിമ്മൻ തമ്പി അനുസ്മരണ നഗറിൽ അലങ്കരിച്ച ഛായാചിത്രത്തിന്റെ മുന്നിൽ ട്രസ്റ്റു സെക്രട്ടറി രുഗ്മിണിഭായി തമ്പുരാട്ടി ഭദ്രദീപം കൊളുത്തി പുഷ്പാർച്ചന നടത്തി. തുടർന്നു നടന്ന അനുസ്മരണ സമ്മേളനത്തിൽ കവിയരങ്ങ്, കാവ്യാലാപനം തുടങ്ങിയവ നടന്നു. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് കെ.കെ. ചെല്ലപ്പൻ അദ്ധ്യക്ഷത വഹിച്ച സാംസ്കാരിക സമ്മേളനത്തിൽ ട്രസ്റ്റ് ചെയർമാൻ കൃഷ്ണവർമ്മ സ്വാഗതം ആശംസിച്ചു. സാഹിത്യ അക്കാഡമി സെക്രട്ടറി പുരുഷൻ കടലുണ്ടി സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ "ആട്ടക്കഥാസാഹിത്യത്തിൽ ഇരയിമ്മൻ തമ്പിയുടെ സംഭാവന"എന്ന വിഷയത്തെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം ആകാശവാണി ഡയറക്ടർ കെ.മുരളീധരൻ, സിനിമാഗാന രചയിതാവ് അനിൽ പനച്ചൂരാൻ, രാജീവ് ആലുങ്കൽ തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. അനുസ്മരണ ചടങ്ങിനുശേഷം സാസ്കാരിക പ്രതിഭാ പുരസ്കാരമായ, ദേവകീവാര്യർ അവാർഡ് നേടിയ തുറവൂർ രമ്യക്കും സംസ്ഥാന യുവജനോത്സവത്തിൽ മദ്ദളത്തിന് വിജയിയായ മാസ്റ്റർ സുധേവ് വർമ്മക്കും (നൈഷധത്തിൽ ധനേഷ്-ശൈലജ ദമ്പതികളുടെ പുത്രൻ) പൊന്നാട നൽകി അനുമോദിച്ചു.

വൈകിട്ട് 7 മണി മുതൽ തിരുവനന്തപുരം ആകാശവാണി അവതരിപ്പിച്ച കോട്ടയ്ക്കൽ കഥകളി യോഗത്തിന്റെ കഥകളിപദകച്ചേരി നടന്നു. അതിനുശേഷം രശ്മി ആൻഡ്പാർട്ടിയുടെ നൃത്തനൃത്യപരിപാടി ഉണ്ടായിരുന്നു. സമ്മേളനത്തിൽ ട്രസ്റ്റ് ചെയർമാൻ കൃഷ്ണവർമ്മ നന്ദി രേഖപ്പെടുത്തി.

## പി. കെ. പരമേശ്വരൻ നായരുടെ ജീവചരിത്രം

### ഡോ. എഴുമറ്റൂർ രാജരാജ വർമ്മയുടെ അഭ്യർത്ഥന

ജീവചരിത്രകാരൻ, സാഹിത്യ ചരിത്ര രചയിതാവ്, നിരൂപകൻ, ഗാന്ധിയൻ, തത്ത്വചിന്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ മലയാള സാഹിത്യത്തിനും കേരള സംസ്കാരത്തിനും മറക്കാനാവാത്ത സംഭാവന ചെയ്ത യശശ്ശരീരനായ പി.കെ. പരമേശ്വരൻ നായരുടെ ജീവചരിത്രം രചിക്കുന്നതിനുള്ള ശ്രമത്തിലാണു ഞാൻ. പി.കെ.യുടെ ആദ്യകാല ഗ്രന്ഥങ്ങളോ അപ്രകാശിത രചനകളോ ഡയറികളോ കത്തുകളോ ചിത്രങ്ങളോ മറ്റു രേഖകളോ കൈവശമുള്ളവരും അദ്ദേഹത്തെക്കുറിച്ച് ഓർമ്മക്കുറിപ്പുകൾ എഴുതാൻ കഴിയുന്നവരും ദയവായി താഴെക്കാണുന്ന വിലാസത്തിൽ അവ അയച്ചുതന്നു സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിലാസം: ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കോവിലകം, എം.പി. അപ്പൻ നഗർ, വഴുതക്കാട്, തിരുവനന്തപുരം 695014, മൊബൈൽ 98471 25794



*മികച്ച ആയുർവേദഡോക്ടർമാർക്കുള്ള 2007ലെ അവാർഡുകൾ ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ടീച്ചർ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ വിതരണം ചെയ്യുന്നു. വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ മകൻ ഡോ. കെ. മുരളി (റീഡർ ഗവ. ആയുർ വേദ കോളേജ്, തൃപ്പൂണിത്തുറ) ആണ് അവാർഡ് ഏറ്റു വാങ്ങുന്നത്.*

## കൊച്ചി ക്ഷത്രിയസമാജം

കൊച്ചി ക്ഷത്രിയ സമാജത്തിന്റെ ഓണാഘോഷവും വിശേഷാൽ പൊതുയോഗവും സെപ്റ്റംബർ 13-ാം തിയതി സമാജ മന്ദിരത്തിൽ വച്ച് നടത്തി.

കുട്ടികളുടെ കലാപരിപാടികളും ഏഴ് മുതൽ പന്ത്രണ്ടു വരെ ക്ളാസ്സുകളിൽ കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്കും ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ്, പ്രൊഫഷണൽ കോഴ്സ് മുതലായവ പൂർത്തീകരിച്ച കുട്ടികൾക്കും ക്യാഷ്അവാർ ഡുകൾ വിതരണം ചെയ്തു.

## അഷ്ടാംഗരത്നപുരസ്കാരം

ആയുർവേദ രംഗത്തെ സമഗ്ര സംഭാവനകൾക്കായി കേരള സർക്കാർ ഏർപ്പെടുത്തിയ 2007 ലേക്കുള്ള അഷ്ടാംഗരത്ന പുരസ്കാരം ചാലക്കുടി കിഴക്കേ മഠത്തിലെ വൈദ്യഭൂഷണം കെ.രാഘവൻ തിരുമുല്പാടിനു 25 മാർച്ച് 2008ന് ലഭിച്ചു.



# അഷ്ടാംഗരത്ന പുരസ്കാരം 2007

കേരള സർക്കാർ

## വൈദ്യഭൂഷണം ശ്രീ. കെ. രാഘവൻ തിരുമുൽപ്പാടിന്

സമർപ്പിക്കുന്ന

## പ്രശസ്തി പത്രം

അരനൂറ്റാണ്ടുകാലമായി കേരളീയ സമൂഹത്തിന് അതിദീപ്തമായ സാന്ത്വനവും, ആയുർവ്വേദ ശാസ്ത്രത്തിന്റെ വരപ്രസാദവുമായി നിലകൊള്ളുന്ന മഹനീയ വൈദ്യസാന്നിദ്ധ്യം, വൈദ്യ ഭൂഷണം ശ്രീ. കെ. രാഘവൻ തിരുമുൽപ്പാട്.

വ്യക്തി ജീവിതത്തിലെ നിരവധി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഭാരതീയ വൈദ്യവിദ്യ പരമ്പരാഗതമായ രീതിയിൽ അങ്ങ് സ്വായത്തമാക്കി. ആ കാലഘട്ടത്തിന്റെ ചൈതന്യമായ ഗാന്ധിദർശനവും ശ്രീ നാരായണഗുരു സന്ദേശവും താങ്കളുടെ ചികിത്സാരീതിയെ സ്വാധീനിച്ചു. പാരമ്പര്യമൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന ലളിതവും ശാസ്ത്രീയവുമായ ചികിത്സയിലൂടെ അൻപതിലധികം വർഷമായി പതിനായിരക്കണക്കിനു രോഗികൾക്ക് താങ്കൾ സാന്ത്വനമേകി. വ്യാപാരത്തിന്റെ കറപുരളാത്ത ഈ മഹദ് സേവനത്തെ കേരള സർക്കാർ ആദരവോടെ അംഗീകരിക്കുന്നു.

നാൽപ്പതിൽപരം ഗ്രന്ഥങ്ങളിലൂടെയും നൂറുകണക്കിനു പ്രബന്ധങ്ങളിലൂടെയും, ലേഖനങ്ങളിലൂടെയും ആയുർവ്വേദത്തിന്റെ യഥാർത്ഥ സത്ത അതു കൈകാര്യംചെയ്യുന്നവരിലേക്ക് വ്യാപിപ്പിക്കാൻ താങ്കൾക്ക് കഴിഞ്ഞു. സ്വതന്ത്രകൃതികൾകൊണ്ടും വിവർത്തനങ്ങൾകൊണ്ടും സംസ്കൃതത്തിനും മലയാളഭാഷയ്ക്കും അങ്ങ് നൽകിയ സംഭാവനകൾ യഥാർത്ഥത്തിൽ വൈദ്യത്വത്തിന്റെ ബഹുമുഖങ്ങളെ ഓർമ്മിപ്പിക്കുന്നു.

ആയുർവ്വേദത്തിൽ യുവതലമുറയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള താങ്കളുടെ ശ്രമങ്ങൾ, ശാസ്ത്രത്തിന്റെ നൈരന്തര്യം നിലനിർത്തേണ്ടത് ഈ രംഗത്തു പ്രവർത്തിക്കുന്ന ഓരോരുത്തരുടേയും കടമയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

കേരള സമൂഹത്തിന് വിശേഷിച്ച് ആയുർവ്വേദസമൂഹത്തിന് നൽകിയ സമഗ്രസംഭാവനകൾ മുൻനിർത്തി *"അഷ്ടാംഗരത്നം"* എന്ന ഈ പുരസ്കാരം സാദരം താങ്കൾക്ക് സമർപ്പിക്കുന്നു.

തിരുവനന്തപുരം
മാർച്ച് 25, 2008

ഇത് ധന്യതയുടെ മുഹൂർത്തം

ഡോ. അനിത ജേക്കബ്
ജോയിന്റ് ഡയറക്ടർ - ഇൻ - ചാർജ്ജ്
ഓഫ് ഡയറക്ടർ,
ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
കേരള സർക്കാർ

ഡോ. [illegible]
ഗവ: സ്പെഷ്യൽ സെക്രട്ടറി
ആരോഗ്യ - കുടുംബക്ഷേമവകുപ്പ്
കേരള സർക്കാർ

### ചോറൂണ്

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ മഹേശൻ - സിന്ധു ദമ്പതികളുടെ മകൻ പാർത്ഥസാരഥിയുടെ ചോറൂണ് 12.07.2008ന് സമംഗളം ആഘോഷിച്ചു.

### വിവാഹവാർഷികം

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ നന്ദകുമാർ വർമ്മ - രമണി ദമ്പതികളുടെ 25-ാം വിവാഹവാർഷികം 2008 ജൂലൈ 3ന് ആഘോഷിച്ചു.

### ഉദ്യോഗകയറ്റം, ഉദ്യോഗ ലബ്ധി

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ മുരളീധരവർമ്മക്ക് കേരള പോലീസിൽ ASI ആയി ഉദ്യോഗക്കയറ്റം ലഭിച്ചു.

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ ബാലരാമവർമ്മയുടെ മകൻ ജയറാം വർമ്മ അബുദാബിയിൽ UAE Exchange Â Senior Officer (Accounts) ആയി ജോലിയിൽ പ്രവേശിച്ചു.

### അംബാലിക തമ്പുരാട്ടിയുടെ നവതി ആഘോഷിച്ചു



പരപ്പനാട്ട് സ്വരൂപത്തിലെ വലിയ തമ്പുരാട്ടി ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ പൂരംനാൾ അംബാലിക തമ്പുരാട്ടിയുടെ നവതി ആഗസ്റ്റ് 31ന് സമംഗളം ആഘോഷിച്ചു. ശ്രീ. നെല്ലിയോട് വാസുദേവൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ വിവിധ പൂജാകർമ്മങ്ങൾ കോട്ടയ്ക്കകത്തെ കൃഷ്ണവിഹാറിൽ നടന്നു. ഭജനപ്പുര കൊട്ടാരത്തിൽ നടന്ന പിറന്നാളാഘോഷച്ചടങ്ങിൽ ശ്രീവരാഹം അശോകന്റെ സോപാനസംഗീതവും മായാവർമ്മയുടെ വീണക്കച്ചേരിയും ഉണ്ടായിരുന്നു. ഹരിപ്പാട്, പന്തളം, തൃപ്പൂണിത്തുറ, തൃശൂർ മുതലായ സ്ഥലങ്ങളിൽ നിന്നും തിരുവനന്തപുരത്തു നിന്നുമായി ബന്ധുജനങ്ങളടക്കം നിരവധി പേർ ചടങ്ങുകളിലും പിറന്നാൾ സദ്യയിലും പങ്കെടുത്തു.

### എൽ. സി. രാമവർമ്മ നിര്യാതനായി



പരപ്പനാട്ടു രാജവംശത്തിലെ വലിയ തമ്പുരാൻ ചങ്ങനാശ്ശേരി ലക്ഷ്മീപുരം കൊട്ടാരത്തിൽ എൽ.സി. രാമവർമ്മ (86) ആഗസ്റ്റ് 2ന് തിരുവനന്തപുരത്ത് കോട്ടയ്ക്കകം പ്രശാന്ത് നഗർ 'ചിത്ര'യിൽ നിര്യാതനായി. ദീർഘകാലം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച രാമവർമ്മയ്ക്ക് മികച്ച അദ്ധ്യാപകനുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഒരു നല്ല കലാകാരനും സംഗീതപ്രിയനുമായിരുന്ന അദ്ദേഹം ഏതാനും സിനിമകളിലും ചില സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്. സ്വാതി തിരുനാൾ സംഗീതസഭയുടെ ചെയർമാനായി ദീർഘകാലം പ്രവർത്തിച്ചിരുന്ന അദ്ദേഹം മരിക്കുമ്പോഴും ആ പദവിയിൽ തുടർന്നു വരികയായിരുന്നു. മാവേലിക്കര

വലിയ കൊട്ടാരത്തിലെ സുകുമാരി വർമ്മയാണ് സഹധർമ്മിണി. അന്തരിച്ച വിജയവർമ്മ (IDBI), ഡോ. ആർ. വി. വർമ്മ (മെമ്പർ സെക്രട്ടറി, കെ. എസ്.ബി.ബി. ശ്രീമതി ഗിരിജാരാജ (പ്രിൻസിപ്പൽ, സി.ആർ.പി. എഫ്. സ്കൂൾ, ന്യൂഡൽഹി) ശ്രീമതി ശോഭനാ രവീന്ദ്രൻ എന്നിവർ മക്കളും ശ്രീമതി ശാന്താവർമ്മ അന്തരിച്ച കെ. കെ. രാജ, ഡോ. അംബികാവർമ്മ, ഡോ. രവീന്ദ്രവർമ്മ എന്നിവർ മരുക്കളുമാണ്. പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ അന്തരിച്ച എൽ.പി. ആർ. വർമ്മ, ആകാശവാണി ന്യൂസ്റീഡർ ആയിരുന്ന അന്തരിച്ച പ്രതാപൻ എന്നിവർ ഇളയ സഹോദരങ്ങളാണ്.

### അന്നദാനം നടത്തി

അന്തരിച്ച എൽ.സി. രാമവർമ്മയുടെ സ്മരണാർത്ഥം തിരുവനന്തപുരത്ത് ശ്രീ ചിത്രാഹോമിലെ അന്തേവാസികൾക്ക് അന്നദാനം നടത്തി. പരേതന്റെ ഓർമ്മക്കായി കുടുംബാംഗങ്ങൾ നൽകിയ തുക (Rs. 11,000) ക്ഷത്രിയക്ഷേമസഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി സെപ്റ്റംബർ 19ന് ശ്രീചിത്രാഹോമിൽ അന്നദാനം നടത്തുകയായിരുന്നു.

### നിര്യാതരായി

**രാമവർമ്മരാജ**

പന്തളത്ത് കൊട്ടാരത്തിൽ വിശാഖംനാൾ ആർ. രാമവർമ്മരാജ (82) സെപ്റ്റംബർ രണ്ടിന് ബാംഗ്ലൂരിൽ നിര്യാതനായി. പാലക്കാട്ട് കുതിരവട്ടത്ത് കോട്ടയിൽ സരോജിനി തമ്പാട്ടിയാണ് ഭാര്യ. മക്കൾ അജിത്, ബാബു, സുമ.

**അംബതമ്പുരാട്ടി**

പന്തളത്ത് പുത്തൻകോയിക്കൽ ചോതിനാൾ അംബതമ്പുരാട്ടി (രാധ-79) സെപ്റ്റംബർ 12ന് നിര്യാതയായി. ഗരുഡമംഗലം നരസിംഹൻ നമ്പൂതിരിയാണ് ഭർത്താവ്. പി.എൻ. കൃഷ്ണവർമ്മ (GREF) അരുണാചൽ) അരുൺ (ദുബായ്) ബീന എന്നിവർ മക്കളാണ്.

**പത്മിനി തമ്പുരാൻ**

കൊച്ചി രാജകുടുംബത്തിലെ കുഞ്ഞമ്മ തമ്പുരാൻ കമലാലയം പാലസിൽ പത്മിനി തമ്പുരാൻ (94) സെപ്റ്റംബർ 14ന് നിര്യാതയായി. പരേതനായ നെല്ലിക്കാട്ട് വാസുദേവൻ നമ്പൂതിരിയാണ് ഭർത്താവ്. മക്കൾ: കമലാദേവി തമ്പുരാൻ, ശാന്ത തമ്പുരാൻ, ഡോ. ഭാമ തമ്പുരാൻ, ഗീത തമ്പുരാൻ, തങ്കം തമ്പുരാൻ

**മനോരമ തമ്പുരാട്ടി**

ഹരിപ്പാട്ട് അനന്തപുരത്തു കൊട്ടാരത്തിൽ വിശാഖംനാൾ മനോരമ തമ്പുരാട്ടി (80) സെപ്റ്റംബർ 16ന് നിര്യാതയായി. പന്തളത്ത് കൊട്ടാരത്തിൽ പി.സി. രാമവർമ്മ രാജയാണ് ഭർത്താവ്. ശരത്ശ്ചന്ദ്രവർമ്മ (റിട്ട. ലോക്കൽ ഫണ്ട് ആഡിറ്റ്) പരേതനായ രാമദാസ്, ഹേമലത, കേരളവർമ്മ (ഫെഡറൽബാങ്ക്) ലക്ഷ്മി, ഉഷ, മീര എന്നിവരാണ് മക്കൾ.

## മഹാറാണി സേതുപാർവതീബായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ് ജേതാക്കൾ

### എൻജിനീയറിംഗ് B. Tech

**കുമാരി എ. അർച്ചന**



വിദ്യാ അക്കാദമി ഓഫ് സയൻസ് & ടെക്നോളജി, തൃശൂർ (സിവിൽ എൻജിനീയറിംഗ്)
അയ്രൂർ കോവിലകം
തൃശൂർ
Rs. 10,000/- Per Year

**ആർ. ശരത് വർമ്മ**



രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിംഗ് ടെക്നോളജി, കൊച്ചി, (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ)
സൗപർണിക, കല്ലറ സൗത്ത് പി.ഒ., കോട്ടയം
Rs. 5,000/- Per Year

### മെഡിസിൻ (B.D.S.)

**ആർ. വിഷ്ണുപ്രസാദ്**



സെഞ്ചുറിഡെന്റൽ കോളേജ്, കാസർഗോഡ്, പുതിയ കോവിലകം, കാരൂർ, അമ്പലപ്പുഴ പി.ഒ., ആലപ്പുഴ
**Rs. 10,000**/- Per Year

### ഡിഗ്രി കോഴ്സ്

**കുമാരി വി.എം. സംഗീതവർമ്മ**



പയ്യന്നൂർകോളേജ് (കണ്ണൂർ യൂണിവേഴ്സിറ്റി)
വടക്കേ മഠത്തിൽ
ഗീതാലയം, കോക്കാട്
മണ്ടൂർ. പി.ഒ., കണ്ണൂർ
**Rs. 5,000**/- Per Year

*വൈവാഹികം തുടർച്ച....*


**BOX No. 372**

Kshatriya girl 23 Yrs. (5.4.1985) Atham Star, 5'4". B.FA. Employed in an Advt. firm in Bangalore . Parents settled in Bangalore. Only one sister (Married) Seeks alliance from parents of suitably employed Kshatriya Youths. Box No. 372

| | | | |
|---|---|---|---|
| രബു ശു | കു സ | മാ | ല |
| - | ഗ്രഹസ്ഥിതി | | - |
| ഗു | | | - |
| - | മ | ശി | ച |



# വൈവാഹികം

താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റയും ജാതകക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതകക്കുറിപ്പിന്റെയും ആവശ്യമുള്ളത്ര കോപ്പികൾ അയച്ചിരിക്കണം.

## വധുവിനെ ആവശ്യമുണ്ട്

### BOX No. 361

Kshatriya youth 38 yrs. (28.08.1970) Punartham Star, 161cm, Diploma Course completed Insurance Agent. Parents of Kshatriya/Samantha girls may please contact with Bio-data & Horoscope to Phone No. 9995023216  Box No. 361

| | | | |
|---|---|---|---|
| - | മ | - | ച |
| സ | ഗ്രഹനില | | - |
| - | | | ല ര കുശി |
| - | - | ഗു | ബു ശു മാ |

| | | | |
|---|---|---|---|
| - | കു | - | ച ശി മാ |
| ബു | നവാംശകം | | ര |
| | | | - |
| ഗു മ സ | - | ല | ശു |

ജനനശിഷ്ട ദശ 5 വർഷം 2 മാസം 26 ദിവസം ഗുരുദശ

### BOX No. 362

ക്ഷത്രിയ യുവാവ് 44 വയസ്സ് (01.5.1964) പൂരാടം നക്ഷത്രം, വെളുത്ത നിറം, 165 cm, ആദ്യ വിവാഹം I.T.C. സാമ്പൽപൂരിൽ സ്വകാര്യ വ്യവസായ സ്ഥാപനത്തിൽ ഓഫീസർ ആയി ജോലി നോക്കുന്നു. ക്ഷത്രിയ, സാമന്ത യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ഗ്രഹനില സഹിതം ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.Ph. 9446941653

| | | | |
|---|---|---|---|
| - | ര കു ബു ഗു | - | ശു സ |
| മ | ഗ്രഹസ്ഥിതി | | - |
| മാ ല | | | - |
| ശി ച | - | - | - |

ജനനശിഷ്ടദശ - 1 വർഷം 2 മാസം ശുക്രദശ

### BOX No. 363

Kshatriya  Youth 28 Yrs. (26-9-1980) Aswathy Star, 5', 8", Fair, B.Sc. Bio-Tech. MBA,doing business in partnership. Earning Rs. 30,000/- per month. Hails from well-to-do family. Father: Member Secretary, Govt. of Kerala, Mother: University professor.  Seeks alliance from well to do families. Good looking, qualified, Kshatriya/Menon/Nambiar girls of 22-24 age group preferred. Box No. 363

| | | | |
|---|---|---|---|
| - | ച | - | - |
| - | ഗ്രഹസ്ഥിതി | | ശു സ |
| ലശി | | | ഗു |
| | | കു ബു മാ | ര മ |

| | | | |
|---|---|---|---|
| ര ശു മ | - | ച കു | - |
| സ | നവാംശകം | | - |
| ല | | | കേ |
| ഗു | | ബു | - |

### BOX No. 364

Kshatriya boy 29 Yrs. (17-4-1979) Star Makam, 176 cm. employed in Canada (Torronto) in a MNC. Parents settled in Trivandrum. Qualifications MSc, MBA. Proposals invited from parents of professionally qualified Kshatriya girl.  Box No. 364

| | | | |
|---|---|---|---|
| ബു കു | ര | - | - |
| ശു ശി | ഗ്രഹസ്ഥിതി | | ഗു |
| - | | | മ സ |
| ച | - | ല മാ | - |

| | | | |
|---|---|---|---|
| - | ശി | ര ച | ല ശു |
| മാ | അംശകം | | - |
| - | | | ഗു മ |
| - | കു | സ | ബു |

17 - 4 - 1979 അസ്തമിച്ച് 4 നാഴിക 8 വിനാഴിക
മൂലം നക്ഷത്രം 8 - 07 - 24 Pm
ശിഷ്ട ദശ 3 വർഷം 9 മാസം 7 ദിവസം കേതുദശ

### BOX No. 365

Kshatriya Youth 32 Yrs. (3-9-1976) Moolam Star, 5'5", MA, BEd. Working as School Teacher in Chennai. Two sisters & One brother, all are married and settled. Proposals with bio-data & horoscope  from parents of suitable Kshatriya girls invited. Box No. 365

| | | | | | |
|---|---|---|---|---|---|
| | ശു ഗു | ബു കു | ല | മാ | |
| | - | ശി | ഗു | ല മാ | |
| | - | ഗ്രഹസ്ഥിതി & അംശകം | | മ | ച ശി |
| സ | - | | | ര | |
| മ | ച | - | സ | ബു ശു കു | ര |

ശിഷ്ടദശ - 0 - 7 - 19 കേതുർദശ

## BOX No. 366

Kshatriya Youth 30 Yrs. (22-4-1978) Chithira Star 5'7" Ph.D in Bio-Technology. Working as Research Scientist in a well established Pharmaceutical Co.Proposals invited from parents of suitably qualified and employed kshatriya girls. Box No. 366

| | | | |
|---|---|---|---|
| ബു ശി | ര | ശു | ഗു |
| - | ഗ്രഹസ്ഥിതി | | കു |
| - | | | മ |
| മാ | ല | ച | സ |

| | | | |
|---|---|---|---|
| ല | മ സ | - | ര |
| - | നവാംശകം | | - |
| ബു ശു | | | - |
| ഗു | മാ | കു ച ശി | - |

## BOX No. 367

തിരുവിതാംകൂർ സ്വദേശിയും കേന്ദ്രഗവൺമെന്റിൽ അഞ്ചു വർഷമായി ഓഫീസറായും സേവനമനുഷ്ഠിക്കുന്ന ക്ഷത്രിയ യുവാവിന് അനുയോജ്യയായ യുവതിയുടെ രക്ഷകർത്താക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| ശു | ര | ബു | സ |
| - | ഗ്രഹസ്ഥിതി | | - |
| ല ച മാ | | | - |
| ശി | - | ഗു | മ കു |

ജനനം 1982 മേയ് 13 രാത്രി 12.20

## BOX No. 368

ക്ഷത്രിയ യുവാവ് - 39 വയസ്സ് (4-1-1969) പുണർതം നക്ഷത്രം. 157 സെ.മീ. ഉയരം. സംസ്കൃതം അദ്ധ്യാപകൻ. അനുയോജ്യരായ ക്ഷത്രിയ/സമാന സംസ്കാരമുള്ള സമുദായ യുവതികളുടെ രക്ഷകർത്താക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.ബോക്സ് നമ്പർ 368

| | | | |
|---|---|---|---|
| മ സ | - | | - |
| ശു | ഗ്രഹസ്ഥിതി | | ച |
| ബു | | | - |
| ര | - | ല കു | ഗു മാ ശി |

1 കൊല്ലം 1 മാസം 27 ദിവസം 36 നാഴിക നക്ഷത്രദശയാൽ ഗുരുശിഷ്ടം

| | | | |
|---|---|---|---|
| ബു | ഗു ശി | മാ | - |
| മ | അംശകം | | ച |
| - | | | - |
| കു | ശു | ല ര സ | - |

6 സംവത്സരം 1 മാസം 2 ദിവസം 24 നാഴിക കാലചക്രദശയിൽ ചന്ദ്രശിഷ്ടം

# വരനെ ആവശ്യമുണ്ട്

## BOX No. 369

Kshatriya girl 26 Yrs. (6-7-1982) Pooradom Star, 152 cms. Wheatish Complexion, MIB/MBA working in Dubai. Matrimonial alliance sought from parents of qualified and employed Kshatriya Youths along with horoscope and biodata. Box No. 369

| | | | |
|---|---|---|---|
| - | - | ശു | ര ബു സ |
| - | ഗ്രഹസ്ഥിതി | | - |
| - | | | - |
| ല ച ശി | - | ഗു മാ | മ കു |

| | | | |
|---|---|---|---|
| സ | ര | - | ശു |
| - | നവാംശകം | | കു മ |
| - | | | - |
| ഗു | മാ | ച ബു | ശി ല |

Sishtadasa - 5 Yrs, 7 months, 24 days

## BOX No. 370

Kshatriya girl 22 Yrs. (1-10-1986) Makam Star, 165 cms, Fair Complexion B. Tech (Information Technology) Alliance Sought from parents of Suitably qualified and employed Kshatriya boys. Box No. 370

| | | | |
|---|---|---|---|
| സ | - | - | - |
| ഗു | ഗ്രഹസ്ഥിതി | | - |
| കു | | | ച |
| മാ | ല മ | ബു ശു | ര ശി |

ജനനശിഷ്ടം നാൾ 8 നാഴിക 9 വിനാഴിക 49

## BOX No. 371

എറണാകുളത്ത് ജോലിയിലിരിക്കുന്ന ക്ഷത്രിയ യുവതി (BSc. MBA) 24 വയസ്സ്, മകയിരം നക്ഷത്രം. അനുയോജ്യരായ ക്ഷത്രിയ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| - | ബു | ര സ ഭൃ | ച മാ |
| - | ഗ്രഹസ്ഥിതി | | ല |
| - | | | - |
| ഗു | ശി | കു മ | - |

0.6.3.5 കുജ ദശ (ഗർഭ ശിഷ്ടം നക്ഷത്രം)

| | | | |
|---|---|---|---|
| - | സ മാ കു ഭൃ മ | - | ര |
| - | അംശകം | | - |
| - | | | - |
| - | ച ബു | ല ശി | ഗു |

2.11.2. വ്യാഴദശ (കാലചക്രം)

BOX No. 372 34 - ാം പേജിൽ




**റീജന്റ് മഹാറാണി സേതുലക്ഷ്മിബായിയുടെ 110-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നടത്തിയ സാംസ്കാരിക പരിപാടിയിലെ മുഖ്യഇനം 'കർണ്ണശപഥം' കഥകളിയിലെ ഒരു രംഗം. പ്രശസ്ത ചലച്ചിത്ര നടൻ ജഗന്നാഥവർമ്മ കുന്തിയായും അനുജൻ പ്രൊഫ. സുരേന്ദ്രനാഥവർമ്മ കർണ്ണനായും രംഗത്ത്**

# വായിക്കുവിൻ, വരിക്കാരാകുവിൻ

ക്ഷത്രിയക്ഷേമസഭയുടെ മുഖപത്രം 'ക്ഷാത്രസന്ദേശ'ത്തിന് കേരളത്തിനകത്തും പുറത്തുമായി ആയിരക്കണക്കിന് വായനക്കാരാനുള്ളത്. ക്ഷത്രിയ രാജവംശ ചരിത്രലേഖനങ്ങൾ, ശാസ്ത്രലേഖനപരമ്പരകൾ, കവിതകൾ, ഈടുറ്റ ലേഖനങ്ങൾ, സമസ്യാ പൂരണങ്ങൾ, വ്യക്തിവിശേഷങ്ങൾ, സംഘടനാവാർത്തകൾ, വൈവാഹികപംക്തികൾ എന്നിവ കൊണ്ട് സമ്പുഷ്ടമായ ഈ പ്രസിദ്ധീകരണം എല്ലാ ക്ഷത്രിയസമുദായാംഗങ്ങളും വായിച്ചിരിക്കേണ്ട ഒരു ആനുകാലികമാണ്. ലോകമെമ്പാടുമുള്ള നമ്മുടെ സമുദായാംഗങ്ങൾക്ക് ഈ പ്രസിദ്ധീകരണം ഇപ്പോൾ *'kshathrajalakam.org'* എന്ന വെബ്സൈറ്റിലും വായിക്കാവുന്നതാണ്. വിദേശത്തു വസിക്കുന്ന ക്ഷത്രിയ സമുദായാംഗങ്ങൾ സാഹിത്യസൃഷ്ടികളും സംഭാവനകളും കൊണ്ട് ഈ പ്രസിദ്ധീകരണത്തെ പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


ഓണാശംസകൾ

KSHATRA SANDESAM

# കൈരളി ഗ്രൂപ്പ്

ബ്രാഞ്ചുകൾ

“വരൂ നമുക്ക് ഒന്നിച്ച് വളരാം”

Quarterly News Magazine of Kshatriya Kshema Sabha

July - September 2008
Annual Subscription Rs. 80/-
Single Copy Rs. 20/-


## വിശ്വസ്തതയുടെ ഒരു ദശാബ്ദകാലം

H.O. കുളനട (P.O) പന്തളം, പത്തനംതിട്ട ജില്ല ഫോൺ: (04734) 329880

**കൈരളി ക്യാപിറ്റൽ ചിറ്റ്സ് (പ്രൈ)ലിമിറ്റഡ്**
**കൈരളി ക്യാപിറ്റൽ സർവീസസ്**
**കൈരളി ഫുഡ്സ്**
**ബിർള സൺലൈഫ് ഇൻഷ്വറൻസ്**

| | | | |
|---|---|---|---|
| തിരുവനന്തപുരം | : | ഫോൺ | : 0471-3291327 |
| തിരുവല്ല | : | ,, | : 0469-3256669 |
| എറണാകുളം | : | ,, | : 0484-3204769 |
| തൃശൂർ | : | ,, | : 0487-3292127 |
| തൃപ്പൂണിത്തുറ | : | ,, | : 0484-3208096 |
| വൈക്കം | : | ,, | : 04829-325602 |
| വെൺമണി | : | ,, | : 0479-3296200 |
| കോട്ടയം | : | | : |


Printed & Published by editorial board on behalf of Kshatriya Kshema Sabha, Sundaravilasom Palace, Thiruvananthapuram - 695023. Phone : 2467845, Editor : M. Ravivarma Raja
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone: 2471174